കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ബദിയടുക്ക ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

e-mail: doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എസ്.ഡി-06/051/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
പിൻ -671123, ഫോൺ നം.04994256690
ഇ.മെയിൽ – doksd.ksad@kerala.gov.in
തീയതി. 18.01.2019

ഡെപ്യൂട്ടി ഡയറക്ടർ,
സംസ്ഥാന ഓഡിറ്റ് വകുപ്പ് , കാസറഗോഡ്.

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)

ബദിയടുക്ക ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : ബദിയടുക്ക ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ബദിയടുക്ക ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഇ-മെയിൽ)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.കെ.എസ്.ഡി 06/051/2019 തീയ്യതി: 18.01.2019.

# കാസറഗോഡ് ജില്ലയിലെ ബദിയടുക്ക ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

*****

കാസർഗോഡ് ജില്ലയിലെ ബദിയടുക്ക ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2017 മുതൽ 16.11.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. മഹേഷ.ബി,ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 17-11-2018 മുതൽ 30-11-2018വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. ഗോപാലകൃഷ്ണ നായ്ക്.പി | ഓഡിറ്റ് ഓഫീസർ |
| ശ്രീ. വിനോദ് കുമാർ.വി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.രഘുനാഥൻ.കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. ജെന കുര്യാക്കോസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

നിർവ്വഹണ അധികാരികൾ (01-04-2017 to 31-03-2018)

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കെ.എൻ.കൃഷ്ണഭട്ട് | 01-04-2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ.ബിന്ദ ജോസ് | 01-04-2017 മുതൽ 07.04.2017 വരെ |
| | ശ്രീ.കെ.ഗോപാല (സെക്രട്ടറി ഇൻ ചാർജ്) | 08-04-2017 മുതൽ 22.06.2017 വരെ |
| | ശ്രീ.ശാരങ്ധരൻ.എം | 23-06-2017 മുതൽ 12.01.2018 വരെ |
| | ശ്രീ.വി.ആർ.മനോജ് (അഡീഷണൽ ചാർജ്) | 13.01.2018മുതൽ 06.02.2018 വരെ |
| | ശ്രീ.മനോജ് കുമാർ.കെ.ടി | 07.02.2018 മുതൽ 31.03.2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ( 01-04-2017 to 31-03-2018)

| ക്രമ. നം. | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | സെക്രട്ടറി | ശ്രീ.ബിന്ദ ജോസ് | 01-04-2017മുതൽ 07.04.2017 വരെ |
| | | ശ്രീ.കെ.ഗോപാല (സെക്രട്ടറി ഇൻ ചാർജ്) | 08-04-2017മുതൽ 22.06.2017 വരെ |
| | | ശ്രീ.ശാരങ്ധരൻ.എം. | 23.06-2017മുതൽ 12.01.2018 വരെ |
| | | ശ്രീ.വി.ആർ.മനോജ് (അഡീഷണൽ ചാർജ്) | 13.01.2018മുതൽ 06.02.2018 വരെ |
| | | ശ്രീ.മനോജ് കുമാർ.കെ.ടി. | 07.02.2018മുതൽ 31.03.2018 വരെ |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | ഒഴിവ് | 01-04-2017മുതൽ 22.06.2017 വരെ |
| | | വി.ആർ.മനോജ് | 23.06.2017മുതൽ 31-03-2018 വരെ |

| | | | |
|---|---|---|---|
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | ഷാരോൺ.W.G. | 01-04-2017മുതൽ 07.09.2017 വരെ |
| | | ഉഷാർ കൃഷ്ണൻ.ജി | 08-09-2017മുതൽ 31-03-2018വരെ |
| 4 | കൃഷി ഓഫീസർ | രേവതി.എം.ആർ. | 01-04-2017മുതൽ 24.07.2017 വരെ |
| | | ബിന്ദു ജോർജ് | 25.07.2017മുതൽ 04.10.2017 വരെ |
| | | മീര.എൻ. | 05.10.2017മുതൽ 31.03.2018 വരെ |
| 5 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഭവ്യ.കെ | 01-04-2017മുതൽ 31-03-2018 വരെ |
| 6 | വി.ഇ.ഒ. (1) | ജോൺസൺ.കെ.വി. | 01-04-2017മുതൽ 31-03-2018 വരെ |
| | വി.ഇ.ഒ. (2) തസ്തിക- എൽ.വി.ഇ.ഒ | രതീഷ് കുമാർ | 01-04-2017മുതൽ 31-03-2018 വരെ |
| 7 | പ്രധാനാധ്യാപകൻ | അംബികാ സരസ്വതി (എസ്.എസ്.പി.എ. എൽ.പി.എസ്, ഉദയഗിരി | 01-04-2017മുതൽ 31-03-2018 വരെ |
| 8 | വെറ്റിനറി സർജ്ജൻ | ഡോ.ഇ.ചന്ദ്രബാബു | 01-04-2017മുതൽ 31-03-2018 വരെ |
| 9 | മെഡിക്കൽ ഓഫീസർ (ആരോഗ്യം) | ഡോ.സത്യശങ്കര ഭട്ട് | 01-04-2017മുതൽ 31-03-2018 വരെ |
| 10 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ഡോ.സുബിൻ.കെ.ജെ. | 01-04-2017മുതൽ 17.01.2018 വരെ |
| | | ഡോ.മഹേഷ്.പി.എസ്. | 18.01.2018മുതൽ 31.03.2018 വരെ |
| 11 | മെഡിക്കൽ ഓഫീസർ | ഡോ.രേഷ്മ.എ.കെ. | 01-04-2017മുതൽ 26.05.2017 വരെ |

| | | | |
|---|---|---|---|
| | ഹോമിയോ | ഡോ.ഹബീബ.ബി.കെ. | 27.05.2017മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | തനത് വരുമാനം. | 1-8 |
| 9 | ക്ഷേമ പദ്ധതികൾ | 1-9 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 |
| 11 | ആഭ്യന്തരനിയന്ത്രണം. | 1-11 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 |
| ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 13 | രസീത് ബുക്ക്,കളക്ഷൻ രജിസ്റ്റർ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല | 2-1 |
| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |

| | | |
|---|---|---|
| 19 | പെർഡാല ജാറത്തിന് സമീപം ത്രീഫേസ് ലൈൻ വലിക്കൽ പദ്ധതി- പൂർത്തീകരിച്ചിട്ടില്ല | 3-1 |
| 20 | മാന്യ ദേവരക്കരയിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി- അപാകത | 3-2 |
| 21 | ബഞ്ച്യത്തടുക്ക, കൊല്ലംപാറ, മൈർക്കള, ഗോളിയടുക്ക, കന്യാന മസ്ജിദ്, ചേടിക്കുണ്ട്, ബമ്പത്തടുക്ക എന്നീ പ്രദേശങ്ങളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി - അപാകതകൾ | 3-3 |
| 22 | വി.എം.നഗർ,മാന്യ, മല്ലടുക്ക എന്നീ പ്രദേശങ്ങളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി. | 3-4 |
| 23 | വിവിധ പട്ടികവർഗ്ഗ കോളനികളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി. | 3-5 |
| 24 | ദേവരക്കര, മാഗിനടുക്ക പട്ടികവർഗ്ഗ കോളനികളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി. | 3-6 |
| 25 | വിവിധ സൗരോർജ്ജ തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതികൾ - അപാകത | 3-7 |
| 26 | പടിയടുപ്പ് പട്ടികജാതി കോളനിയിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി - അപാകതകൾ. | 3-8 |
| 27 | റോഡ് ടാറിംഗ് / റീടാറിംഗ് പ്രവൃത്തികൾക്ക് ബിറ്റുമിൻ വാങ്ങി നൽകിയതിലെ അപാകതകൾ | 3-9 |
| 28 | ആദായ നികുതിയും നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതവും അടക്കാത്തതു സംബന്ധിച്ച് | 3-10 |
| 29 | ഇ-ടെണ്ടർ- ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ല | 3-11 |
| 30 | ബദിയടുക്ക മസ്ജിദ് റോഡ് ഇന്റർലോക്ക് ചെയ്യുന്ന പ്രവൃത്തി- അപാകതകൾ | 3-12 |
| 31 | ഗുണഭോക്തൃ സമിതി നടപ്പിലാക്കിയ പ്രവൃത്തിക്ക് അധികം ഓവർഹെഡ് ചാർജസ് അനുവദിച്ചു. | 3-13 |
| 32 | മരാമത്ത് പ്രവൃത്തികൾ - പ്രോജക്ട് രൂപീകരണത്തിലും നിർവഹണത്തിലും | 3-14 |

| | | |
|---|---|---|
| | അപാകതകൾ. | |
| 33 | ഭവന പുനരുദ്ധാരണം പദ്ധതി -ജനറൽ - വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. | 3-15 |
| 34 | ഭവന പുനരുദ്ധാരണം പദ്ധതി -പട്ടികജാതി - ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. | 3-16 |
| 35 | അംഗൻവാടികൾക്ക് വസ്തുക്കൾ, ഉപകരണങ്ങൾ വാങ്ങൽ-സാധനങ്ങൾ നാളിതുവരെയായി വിതരണം ചെയ്തിട്ടില്ല. | 3-17 |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | |
| 36 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 |
| 37 | ഡെപ്പോസിറ്റ് ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-3 |
| 39 | വായ്പ , വായ്പ തിരിച്ചടവ് | 4-4 |
| 40 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 41 | ഓഡിറ്റ് റിക്കവറി | 4-6 |
| 42 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 43 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |

<u>അനുബന്ധപത്രികകൾ</u>

1) ഓഡിറ്റ് സർട്ടിഫിക്കറ്റ്

2) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,

3)ബാലൻസ് ഷീറ്റ്.
4)റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്.

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ബജറ്റ് അംഗീകരിച്ചതിന്റെ വിവരം

| | |
|---|---|
| വർഷം | 2017-18 |
| തീരുമാനം നമ്പർ തീയ്യതി | 01. തിയതി 29.03.2017 |
| മുന്നിരിപ്പ് | ₹2,11,37,700 |
| വരവ് | ₹13,58,22,000 |
| ആകെ | ₹15,69,59,700 |
| ചെലവ് | ₹15,05,35,350 |
| നീക്കിയിരിപ്പ് | ₹64,24,350 |

## 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിന് ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31-07-2018 | 01-05-2018 |

## 1-3 വാർഷിക ധനകാര്യ പത്രികയുടെ സാക്ഷ്യപ്പെടുത്തലിന്റെ വിവരം

2017-18 വർഷത്തെ വാർഷിക കണക്കുകൾ 04.05.2018, 05.05.2018 തിയതികളിൽ പരിശോധിക്കുകയും, വളരെയധികം അപാകതകൾ ശ്രദ്ധയിൽപ്പെട്ടതിനാൽ, വാർഷിക ധനകാര്യ പത്രിക തിരിച്ചയക്കുകയും ചൂണ്ടിക്കാണിച്ച അപാകതകൾ പരിഹരിച്ച് പുന:സമർപ്പിക്കുവാനും ആവശ്യപ്പെട്ടിരുന്നു. തുടർന്ന് 11.10.2018 ന് സ്ഥാപനം ധനകാര്യ പത്രിക പുന:സമർപ്പിച്ചു. ഈ ധനകാര്യ പത്രിക 17.11.2018, 18.11.2018 എന്നീ തിയതികളിൽ പുന:പരിശോധനയ്ക്ക് വിധേയമാക്കി. എന്നാൽ അപാതകൾ യഥാവിധം പരിഹരിക്കാതെയാണ് പത്രിക പുന:സമർപ്പിച്ചത് എന്നാണ് പരിശോധനയിൽ വ്യക്തമായത്. പുന:പരിശോധനയ്ക്ക് ശേഷവും ധനകാര്യ പത്രികയിൽ പരിഹരിക്കാതെ അവശേഷിക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2016-17 വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ച് നൽകിയ സാക്ഷ്യപത്രത്തിൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ചിട്ടില്ല. (സാക്ഷ്യ പത്രം നം. എൽ.എഫ്.കെ.എസ്.ഡി.6-981/2017, തിയതി 08.08.2017)
2. ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ACR പ്രകാരമുള്ള ചെലവും (59,63,256),സുലേഖ പ്രകാരമുള്ള ചെലവും (58,68,756) തമ്മിൽ 94,500/- രൂപയുടെ വ്യത്യാസമുണ്ട്.
3. S.B.T (e- payment), പെർഡാല സർവ്വീസ് സഹകരണ ബാങ്ക് എന്നിവയിലെ അക്കൗണ്ടുകളുടെ

റീക്കൺസിലിയേഷൻ നടത്തിയിട്ടില്ല. മറ്റ് ബാങ്ക്,ട്രഷറി അക്കൗണ്ടുകളിലെ റീക്കൺസിലിയേഷൻ 2018 മാർച്ചിലേത് മാത്രമേ നടത്തിയിട്ടുള്ളൂ. പ്രതിമാസം നടത്തേണ്ട റീക്കൺസിലിയേഷൻ നടത്തിയിട്ടില്ല.

4. കാനറ ബാങ്ക് ഒഴികെയുള്ള ബാങ്ക് അക്കൗണ്ടുകളിലെ പലിശ വരവിൽ എടുത്തിട്ടില്ല.

5. വസ്തുനികുതി, വ്യാപാരികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നുമുള്ള തൊഴിൽനികുതി എന്നീയിനങ്ങളുടെ ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് എന്നിവ എഴുതി തയ്യാറാക്കിയിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിലെ ഡിമാൻ്റ്, കുടിശ്ശിക ഡിമാന്റ് വിവരങ്ങൾ, വാർഷിക ധനകാര്യപത്രികയിലെ ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. ഈ സാഹചര്യത്തിൽ ഈയിനങ്ങളുടെ അക്രൂവൽ വരുമാനം, കുടിശ്ശിക വരവ് എന്നിവയുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

6. ഷെഡ്യൂൾ B-3 : വികസനഫണ്ട്(S.C.P,T.S.P), മെയിന്റനൻസ് (Road &Non-Road) എന്നീ ഫണ്ടുകളിൽ നിന്നു മാത്രമേ തൻവർഷം Capital Contribution രേഖപ്പെടുത്തിയിട്ടുള്ളൂ (₹ 22,89,065/-). വികസനഫണ്ട്(ജ), ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ലോകബാങ്ക് സഹായം, തനത് ഫണ്ട് എന്നീ ഫണ്ടുകളിൽ നിന്നുമുള്ള Capital Contribution രേഖപ്പെടുത്തിയിട്ടില്ല.

7. ഷെഡ്യൂൾ B-4 : grants and contribution for specific purposes -

1. 320100115, 320300199, 320700104, 320700105, 320700205, 320700405, 320800101, 320900299 എന്നീ ഹെഡുകളിൽ മുൻവർഷത്തെ തുകകൾ തന്നെയാണ് ചേർത്തിട്ടുള്ളത്.

2. 320200322 – grants from Suchitwa Mission എന്ന ഹെഡിലെ മുന്നിരിപ്പായ 14,33,343 രൂപയുടെ കൂടെ തൻവർഷം ലഭിച്ച 27,20,230/- രൂപയും [മാലിന്യത്തിൽ നിന്നം മോചനം- 25,000/-, അജൈവ മാലിന്യ നിർമാർജ്ജന കേന്ദ്രം-15,00,000/-, ODF share-10,64,294, Pre-mosoon Campaign-23,807/-, Total SanitationCampaign- 1,07,129] ഉൾപ്പടെ 41,53,573 രൂപ 31.03.2018 ലെ ബാലൻസ് ഷീറ്റിൽ നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ട്. എന്നാൽ Public Health Programs-General (RP-16)എന്ന ഹെഡിൽ 2,30,693 രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. അതിനാൽ 320200322 ഹെഡിലെ നീക്കിയിരിപ്പ് യഥാർത്ഥമല്ല.

3. 320700204 (ബ്ലോക്ക് വിഹിതം-റെവന്യൂ ചെലവ്) എന്ന ഹെഡിലെ വരവ്,ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ ലഭ്യമല്ല.

8. ബാലൻസ്ഷീറ്റിൽ ഷെഡ്യൂൾ B-7ൽ ബാധ്യത ഇനത്തിൽ(Deposits Received) ഉൾപ്പെടുത്തിയ തുകയുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ(ഡെപ്പോസിറ്റ് രജിസ്റ്ററടക്കം) പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

9. സചിത്ര സോഫ്റ്റ് വെയർ മുഖേന ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഭൂരിഭാഗം ഹെഡുകളിലും മുൻവർഷത്തെ തുകകൾ തന്നെയാണ് ചേർത്തിട്ടുള്ളത്. മുൻവർഷം ആർജ്ജിച്ച ആസ്തികൾ ചേർക്കുകയോ, ആസ്തികളുടെ ഡിപ്രീസിയേഷൻ കാലികമാക്കുകയോ ചെയ്തിട്ടില്ല. അതിനാൽ ബി-11 ഷെഡ്യൂൾ പ്രകാരം ബാലൻസ് ഷീറ്റിൽ കാണിച്ച സ്ഥിരം ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത വ്യക്തമല്ല.

10. 31.03.2018 ലെ ബാലൻസ് ഷീറ്റ് പ്രകാരം 412010101 - ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്ന ഹെഡിൽ 62,32,481 രൂപ നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ട്. എന്നാൽ പാർട്ട് ബിൽ നൽകിയ പ്രവർത്തികൾ ഒന്നും നിലവിലില്ല.

11. സ്റ്റോക്ക് & സ്റ്റോർ എന്നിവയുടെ മൂല്യനിർണ്ണയം നടത്തിയിട്ടില്ല.

12. ഷെഡ്യൂൾ B-15

1. 431400105 (Market Receipt) ലെ ഡെപ്പോസിറ്റ് തുക ക്രമീകരിച്ചിട്ടില്ല.

2. 431400107(Bus stand Receipts) ലെ ഡെപ്പോസിറ്റ് തുക ക്രമീകരിച്ചിട്ടില്ല.

13. ഷെഡ്യൂൾ B-18 (Loans & Advances)ലെ 460500501 എന്ന ഹെഡിൽ വി.ഇ.ഒ.ക്ക് അനുവദിച്ച തുകകളിൽ,

തൻവർഷം വിനിയോഗിക്കപ്പെട്ട തുകകളും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 460100103, 460100105 എന്നീ ഹെഡ്ഡുകളിലെ തുകകളുടെ കൃത്യത അഡ്വാൻസ് രജിസ്റ്ററിന്റെ അഭാവത്തിൽ പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

14. Entry/Posting കൾക്ക് വിശദമായ narration നൽകാത്തതിനാൽ പല രേഖപ്പെടുത്തലുകളുടെയും കൃത്യത പരിശോധിക്കാൻ കഴിയാത്ത രീതിയിൽ കണക്കുകളുടെ പൊതുസ്ഥിതി വളരെ സങ്കീർണ്ണമായി മാറിയിട്ടുണ്ട്. 'സാംഖ്യ'യിൽ ചേർത്തിരിക്കുന്ന വിവിധ പണമിടപാടുകളെ, തിരിച്ചറിയാനാവാത്ത വിധത്തിൽ, വ്യാപകമായ തിരുത്തലുകൾക്കും മാറ്റങ്ങൾക്കും വിധേയമാക്കുകയും, യാതൊരു ആധികാരികതയുമില്ലാതെ തിരുത്തൽ എൻട്രികളും ജേണൽ എൻട്രികളും നടത്തിയതായും കാണുന്നു. ചില ഇടപാടുകൾ കണക്കിൽ പെടാത്തതായും, യഥാർത്ഥത്തിൽ നടക്കാത്ത ചില ഇടപാടുകൾ കണക്കിൽ ഉൾപ്പെട്ടതായും കാണുന്നു (തുടർ ഖണ്ഡികകൾ കാണുക). കേരള പഞ്ചായത്ത് അക്കൗണ്ട്സ് ചട്ടങ്ങളിൽ ദിനം പ്രതിയും പ്രതിമാസവും വാർഷികവുമായും നടത്താൻ നിർദേശിച്ചിട്ടുള്ള പ്രക്രിയകൾ യഥാസമയം നടത്താത്തതായും ഇടപാടുകൾ നടക്കുന്ന സമയം തന്നെ അവ രേഖപ്പെടുത്താത്തതായും ശ്രദ്ധയിൽ പെട്ടു. സാംഖ്യയിൽ സൂക്ഷിച്ചിട്ടുള്ള കണക്കുകൾ സാംഖ്യ വെബ്, സഞ്ചയ, സുലേഖ തുടങ്ങിയ മറ്റു ഇലക്ട്രോണിക് വിവര സങ്കേതങ്ങളിലെ കണക്കുകളുമായി പൊരുത്തപ്പെടാത്തതായും കാണുന്നു. ആയതിനാൽ 2017-18 വർഷത്തെ വാർഷിക കണക്കുകൾ അപാകതകൾ നിറഞ്ഞതും പഞ്ചായത്തിന്റെ ആസ്തി ബാദ്ധ്യതകൾ, ധനകാര്യ സ്ഥിതി, വരവു ചെലവുകൾ എന്നിവയെ ശരിയായി പ്രതിഫലിപ്പിക്കാത്തതുമാണെന്ന് കാണാം.

## 1-4 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| | |
|---|---|
| വർഷം | 2017-18 |
| മുന്നിരിപ്പ് | ₹1,90,90,441 |
| വരവ് | ₹14,01,44,061<br>(പെൻഷൻ തുക - 4,37,43,000, തൊഴിലുറപ്പ് പദ്ധതിയിലെ എഫ്.ടി.ഒ- 1,48,36,082 എന്നീ തുകകൾ അടക്കം) |
| ആകെ | ₹15,92,34,502 |
| ചെലവ് | ₹13,23,38,613<br>(പെൻഷൻ തുക - ₹4,37,43,000, തൊഴിലുറപ്പ് പദ്ധതിയിലെ എഫ്.ടി.ഒ- ₹1,48,36,082 എന്നീ തുകകൾ അടക്കം) |
| നീക്കിയിരിപ്പ് | ₹2,68,95,889 |

# 1-5 ഫണ്ട് വിനിയോഗം

ഫണ്ട് വിനിയോഗം- (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി(₹) | തൻവർഷ വരവ്(₹) | ആകെ (₹) | ചെലവ് (₹) | നീക്കി യിരിപ്പ്(₹) | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 2,67,81,093 | 2,67,81,093 | 1,91,37,607 | 76,43,486 | 71.45% |
| വികസനഫണ്ട് എസ്.സി.പി. | 0 | 71,89,828 | 71,89,828 | 40,16,754 | 31,73,074 | 55.86% |
| വികസനഫണ്ട് ടി.എസ്.പി. | 0 | 75,52,705 | 75,52,705 | 55,67,641 | 19,85,064 | 73.71% |
| മെയിന്റനൻസ് ഫണ്ട് റോഡ് | 0 | 1,56,91,474 | 1,56,91,474 | 95,38,962 | 61,52,512 | 60.79% |
| മെയിന്റനൻസ് ഫണ്ട്നോൺറോഡ് | 0 | 67,78,262 | 67,78,262 | 19,59,060 | 48,19,202 | 28.90% |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 1,26,53,902 | 1,26,53,902 | 59,63,256 | 66,90,646 | 47.12% |
| പെർഫോമൻസ് ഗ്രാന്റ് (KLGSDP) | 0 | 39,99,218 | 39,99,218 | 35,17,753 | 4,81,465 | 87.96% |
| | ആകെ | 8,06,46,482 | 8,06,46,482 | 4,97,01,033 | 3,09,45,449 | 61.62% |

(* വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യക്കമ്മീഷൻ ഗ്രാന്റ്, ലോകബാങ്ക് ധനസഹായം എന്നീയിനങ്ങളിലെ നീക്കിയിരിപ്പ് തുകകൾ സഞ്ചിത നിധിയിൽ ലയിപ്പിക്കപ്പെട്ടതിനാൽ ഈയിനങ്ങളിൽ നീക്കിയിരിപ്പില്ല. ലാപ്സായ തുക ₹3,09,45,449)

ഫണ്ട് വിനിയോഗം രസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| ഫണ്ടിനം | മുൻ ബാക്കി(₹) | തൻവർഷ വരവ്(₹) | ആകെ (₹) | ചെലവ് (₹) | നീക്കി യിരിപ്പ്(₹) |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 1,91,37,607 | 1,91,37,607 | 1,91,37,607 | 0 |
| വികസന ഫണ്ട് -എസ്.സി.പി. | 0 | 40,16,754 | 40,16,754 | 40,16,754 | 0 |
| വികസന ഫണ്ട് -ടി.എസ്.പി. | 0 | 55,67,641 | 55,67,641 | 55,67,641 | 0 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ്, ഫണ്ട് റോഡ് | 0 | 95,38,962 | 95,38,962 | 95,38,962 | 0 |
| മെയിന്റനൻസ് ഫണ്ട്നോൺ-റോഡ് | 0 | 19,59,060 | 19,59,060 | 19,59,060 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 59,63,256 | 59,63,256 | 59,63,256 | 0 |
| കെ.എൽ.എസ്.ജി.ഡി.പി(ലോകബാങ്ക്) | 0 | 35,17,753 | 35,17,753 | 35,17,753 | 0 |
| ബി. ഫണ്ട് | 0 | 4,34,74,720 | 4,34,74,720 | 4,34,74,720 | 0 |
| ട്രഷറി തനത് ഫണ്ട്. | 95,61,179 | 15,73,252 | 1,11,34,431 | 1,24,89,319 | (-)13,54,888 |
| ട്രഷറി സംയുക്ത പദ്ധതി | 0 | 2,08,57,499 | 2,08,57,499 | 50,07,377 | 1,58,50,122 |
| കാനറാ ബാങ്ക് അക്കൗണ്ട് നം.3856 | 54,34,370 | 87,44,870 | 1,41,79,240 | 61,33,046 | 80,46,194 |
| പെർഡാല സ്രവീസ് സഹകരണ ബാങ്ക് | 39,16,824 | 1,37,880 | 40,54,704 | 1,37,880 | 39,16,824 |
| ജില്ലാ സഹകരണ ബാങ്ക് | 41,258 | 0 | 41,258 | 0 | 41,258 |
| എസ്.ബി.ഐ (എസ്.എസ്.എ) | 1,700 | 0 | 1,700 | 0 | 1,700 |
| വിജയ ബാങ്ക്(തൊഴിലുറപ്പ്) | 51,188 | 6,90,085 | 7,41,273 | 4,75,236 | 2,66,037 |
| എസ്.ബി.ഐ. (ഇപേമെന്റ്) | - | 15,311 | 15,311 | 0 | 15,311 |
| തൊഴിലുറപ്പ് പദ്ധതിയിലെ എഫ്.ടി.ഒ. തുക | | 1,48,36,082 | 1,48,36,082 | 1,48,36,082 | |
| ക്യാഷ് | 83,922 | 1,13,329 | 1,97,251 | 83,922 | 1,13,329 |

| | | | | | |
|---|---|---|---|---|---|
| ആകെ | 1,90,90,441 | 14,01,44,061 | 15,92,34,502 | 13,23,38,613 | 2,68,95,889 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 395 | 171 | - | 224 | 43.29% |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2017-18 വർഷ ത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2017-18 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ(₹) | എണ്ണം | ചെലവ് തുക(₹) | |
| 1 | സെക്രട്ടറി | 26 | 47,26,312 | 12 | 26,26,661 | 55.57% |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 18 | 49,71,392 | 12 | 34,68,096 | 69.76% |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 304 | 8,71,15,063 | 108 | 2,70,85,320 | 31.09% |
| 4 | കൃഷി ഓഫീസർ | 7 | 65,72,356 | 6 | 44,47,171 | 67.66% |
| 5 | ലേഡി വില്ലേജ് എക്സ്റ്റൻഷൻ | 4 | 2,86,000 | 1 | 1,00,000 | 34.96% |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 6 | 62,71,800 | 5 | 51,57,000 | 82.22% |
| 6 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 7 | 69,29,863 | 6 | 55,01,722 | 79.39% |
| 7 | വെറ്ററിനറി സർജ്ജൻ | 5 | 18,71,000 | 5 | 12,59,373 | 67.31% |

| | | | | | | |
|---|---|---|---|---|---|---|
| 8 | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 2 | 7,50,000 | 2 | 7,50,000 | 100% |
| 9 | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി. | 4 | 7,25,000 | 4 | 4,18,838 | 57.77% |
| 10 | മെഡിക്കൽ ഓഫീസർ - ഹോമിയോ | 2 | 2,50,000 | 2 | 2,42,000 | 96.8% |
| 11 | പ്രധാനാധ്യാപകൻ | 10 | 41,35,000 | 8 | 27,86,566 | 67.38% |
| | ആകെ | 395 | 12,46,03,786 | 171 | 5,38,42,747 | 43.21% |

# 1-7 തൊഴിലുറപ്പ് പദ്ധതിയുടെ അവലോകനം

2017-18 വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുടെ സംഗ്രഹം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ്(₹) | വരവ്(₹) | ആകെ (₹) | ചെലവ്(₹) | നീക്കിയിരിപ്പ്(₹) |
|---|---|---|---|---|---|
| ഭരണച്ചെലവ് | 51,188 | 6,90,085 | 7,41,273 | 4,75,236 | 2,66,037 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 1,48,36,082 | 1,48,36,082 | 1,48,36,082 | |
| ആകെ | 51,188 | 1,55,26,167 | 1,55,77,355 | 1,53,11,318 | 2,66,037 |

2017-18 വർഷത്തെ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ്, മുൻവർഷങ്ങളിലെ നടത്തിപ്പുമായി താരതമ്യം ചെയ്തു കൊണ്ടുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു. (അവലംബം-തൊഴിലുറപ്പ് പദ്ധതി വെബ്സൈറ്റ്)

| I. Job Card | |
|---|---|
| Total No. of JobCards issued | 4,439 |
| TotalNo.ofWorkers | 5,646 |
| Total No. of Active Job Cards | 2,122 |
| Total No. of Active Workers | 2,440 |
| (i)S.C. worker against active workers[%] | 9.06 |

| | | | | |
|---|---|---|---|---|
| (ii)S.T. worker against active workers[%] | 13.85 | | | |
| II. Progress | FY 2017-2018 | FY 2016-2017 | FY 2015-2016 | FY 2014-2015 |
| Approved Labour Budget | 0 | 0 | 0 | 0 |
| Persondays Generated so far | 54,766 | 55,272 | 72,476 | 65,999 |
| % of Total LB | 0 | 0 | 0 | 0 |
| % as per Proportionate LB | | | | |
| S.C. persondays % as of total persondays | 9.98 | 8.84 | 8.06 | 9.81 |
| S.T. persondays % as of total persondays | 14.52 | 12.03 | 1.13 | 1.04 |
| WomenPersondays out of Total (%) | 91.05 | 90.22 | 90.81 | 90.39 |
| Average days of employment provided per Household | 44.13 | 37 | 50.75 | 46.74 |
| Average Wage rate per day per person(Rs.) | 260.77 | 240.65 | 230.14 | 211.47 |
| Total No of HHs completed 100 Days of Wage Employment | 90 | 4 | 71 | 63 |
| Total Households Worked | 1,241 | 1,494 | 1,428 | 1,412 |
| Total Individuals Worked | 1,334 | 1,632 | 1,594 | 1,565 |

| | | | | |
|---|---|---|---|---|
| Differently abled persons worked | 0 | 0 | 0 | 0 |
| III. Works | | | | |
| Number of GPs with NIL exp | 0 | 0 | 0 | 0 |
| Total No. of Works Takenup (New+Spill Over) | 267 | 473 | 534 | 488 |
| Number of Ongoing Works | 20 | 86 | 134 | 70 |
| Number of Completed Works | 247 | 387 | 400 | 418 |
| % of NRM Expenditure(Public + Individual) | 94.68 | 89.87 | 51.16 | 88.95 |
| % of Category B Works | 24.72 | 18.39 | 16.1 | 0 |
| IV. Financial Progress | | | | |
| Total Exp(Rs. in Lakhs.) | 153.6 | 204.48 | 132.84 | 233.88 |
| Wages(Rs. In Lakhs) | 148.07 | 192.64 | 129.02 | 229.1 |
| Material and skilled Wages(Rs. In Lakhs) | 0 | 0 | 0 | 0 |
| Material(%) | 0 | 0 | 0 | 0 |
| Total Adm Expenditure (Rs. in Lakhs) | 5.54 | 11.84 | 3.83 | 4.78 |
| Admin Exp(%) | 3.6 | 5.79 | 2.88 | 2.04 |

| | | | | |
|---|---|---|---|---|
| Average Cost Per Day Per Person(In Rs.) | 270.88 | 262.06 | 235.42 | 218.71 |
| % of Total Expenditure through EFMS | 100 | 100 | 100 | 97.96 |
| % payments gererated within 15 days | 99.05 | 16.82 | 5.78 | 2.84 |

## 1-8 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 27,720 | 47 |
| കർഷകതൊഴിലാളി പെൻഷൻ | 24,05,700 | 195 |
| വിധവാപെൻഷൻ | 1,63,08,100 | 1,392 |
| വാർദ്ധക്യകാലപെൻഷൻ | 2,04,11,400 | 1,806 |
| വികലാംഗപെൻഷൻ | 41,55,000 | 380 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 4,62,800 | 40 |
| വിധവകളുടെ പെണ്ടമക്കൾക്കുള്ള വിവാഹ ധനസഹായം | 4,20,000 | 14 |

## 1-9 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന ന് (29.11.2018, 3.30 pm) സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14,203 രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 തനതു വരുമാനം

മുൻ വർഷത്തെ അപേക്ഷിച്ച് തൻവർഷം തനത് നികുതി നികുതിയേതര വരുമാനയിനങ്ങളുടെ വരവിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 46,62,490 | 74,32,125 | (+)27,69,635 | (+)59.4% |

| | | | | |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 17,73,700 | 22,64,309 | (+)4,90,609 | (+)27.66% |
| മറ്റുള്ളവ | 60,591 | 1,84,886 | (+) 1,24,295 | (+)205% |
| ആകെ | 64,96,781 | 98,81,320 | (+)33,84,539 | (+)52.09% |

# 1-11 ആഭ്യന്തര നിയന്ത്രണം

1. കണക്കുകളുടെയും മറ്റു രേഖകളുടെയും സൂക്ഷിപ്പ്-

പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക, രജിസ്റ്ററുകൾ ,രേഖകൾ, ഇലക്ട്രോണിക് വിവര സഞ്ചയങ്ങൾ എന്നിവ അവലോകനം നടത്തിയതിൽ കണക്കു സൂക്ഷിപ്പ് അവതാളത്തിൽ ആണെന്ന് കാണുന്നു. 2017-18 വർഷത്തെ വാർഷിക കണക്കുകൾ അപാകതകൾ നിറഞ്ഞതും പഞ്ചായത്തിന്റെ ആസ്തി ബാദ്ധ്യതകൾ, ധനകാര്യ സ്ഥിതി, വരവു ചെലവുകൾ എന്നിവയെ ശരിയായി പ്രതിഫലിപ്പിക്കാത്തതും ആണെന്ന് മനസ്സിലാക്കുന്നു. വിവിധ പണമിടപാടുകളെ തിരിച്ചറിയാനാവാത്ത വിധത്തിൽ സാംഖ്യയിൽ സൂക്ഷിച്ചിരിക്കുന്ന കണക്കുകൾ വ്യാപകമായ തിരുത്തലുകൾക്കും മാറ്റങ്ങൾക്കും വിധേയമാക്കിയതായും പഞ്ചായത്തിന്റെ ധനസ്ഥിതി, ആസ്തി ബാദ്ധ്യതാ സ്ഥിതി എന്നിവയെ മാറ്റിമറിക്കും വിധം യാതൊരു ആധികാരികതയുമില്ലാതെ തിരുത്തൽ എൻട്രികളും ജേണൽ എൻട്രികളും നടത്തിയതായി കാണുന്നു. ചില ഇടപാടുകൾ കണക്കിൽ പെടാത്തതായും, കണക്കിൽ യഥാർത്ഥത്തിൽ നടക്കാത്ത ചില ഇടപാടുകൾ ഉൾപ്പെട്ടതായും കാണുന്നു. കേരള പഞ്ചായത്ത് അക്കൗണ്ട്സ് ചട്ടങ്ങളിൽ ദിനം പ്രതിയും പ്രതിമാസവും വാർഷികവുമായി നടത്താൻ നിർദേശിച്ചിട്ടുള്ള പ്രക്രിയകൾ യഥാസമയം നടത്താത്തതായും ഇടപാടുകൾ നടക്കുന്ന സമയം തന്നെ അവ രേഖപ്പെടുത്താത്തതായും ശ്രദ്ധയിൽ പെട്ടു. സാംഖ്യയിൽ സൂക്ഷിച്ചിട്ടുള്ള കണക്കുകൾ സാംഖ്യ വെബ്, സഞ്ചയ, സുലേഖ തുടങ്ങിയ മറ്റു ഇലക്ട്രോണിക് വിവര സങ്കേതങ്ങളിലെ കണക്കുകളുമായി പൊരുത്തപ്പെടാത്തതായും പരിശോധനയിൽ കാണുന്നു.

സോഫ്റ്റ് വെയറുകളിൽ സൂക്ഷിച്ചിട്ടുള്ള കണക്കുകൾക്ക് ഉപോദ്ബലകമായി മാന്വൽ ആയി സൂക്ഷിച്ചു വരുന്ന രേഖകകളും അപൂർണങ്ങളും അവ്യക്തങ്ങളുമാണെന്ന് കാണുന്നു. അക്രൂവൽ വരുമാനം രേഖപ്പെടുത്തിയ ഇനങ്ങളുടെ ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ പൂർണമല്ല. ഒരു രജിസ്റ്ററും ക്ലോസ് ചെയ്ത് സംഗ്രഹം രേഖപ്പെടുത്തി ഡി.സി.ബി. സാക്ഷ്യപ്പെടുത്തിയിട്ടില്ല. ശീർഷങ്ങളിൽ ഉൾപ്പെടുന്ന ഇനങ്ങളുടെ രജിസ്റ്ററുകളും പൂർണമല്ല. കൂടാതെ ദൈനം ദിന പ്രവർത്തനങ്ങളുടെ ഭാഗമായി സൂക്ഷിക്കേണ്ട ഇൻവേർഡ് രജിസ്റ്റർ, പേഴ്സണൽ രജിസ്റ്ററുകൾ, ഡെസ്പാച്ച് രജിസ്റ്ററുകൾ, വിവരാവകാശം, സേവനാവകാശം എന്നിവയുടെ ഭാഗമായുള്ള രജിസ്റ്ററുകൾ എന്നിവയും യഥാവിധി എഴുതിക്കാണുന്നില്ല. നിർവഹണ ഉദ്യോഗസ്ഥരിൽ പലരും ടി.ആർ. 7 A മാതൃകയിലുള്ള ക്യാഷ്ബുക്കുകൾ എഴുതിയിട്ടില്ല.

കണക്കുകൾ മറ്റു രേഖകൾ എന്നിവയുടെ സൂക്ഷിപ്പ് പൂർണ പരാജയം ആണെന്നാണ് ഓഡിറ്റിൽ വിലയിരുത്തിയിട്ടുള്ളത്. അടിയന്തിരമായി ഈ അപാകതകൾ പരിഹരിക്കുന്നതിന് ഉപയുക്തമായ രീതിയിൽ ഓഫീസ് ഉത്തരവുകൾ പുന:ക്രമീകരിക്കേണ്ടതാണ്. പണമിടപാടുകളും കത്തിടപാടുകളും ആദ്യാവസാനം നിരീക്ഷിക്കാവുന്ന തരത്തിലും ഉത്തരവാദിത്തങ്ങൾ കൃത്യമായി നിർവചിക്കുന്ന തരത്തിലും ഓഫീസ് ജോലി വിഭജനം പുന: ക്രമീകരിക്കേണ്ടതാണ്. അക്കൗണ്ട് ചട്ടങ്ങളും ഓഫീസ് നടപടിക്രമങ്ങളും നിർബന്ധമായും നടപ്പിൽ വരുത്തേണ്ടതുമാണ്.

2. പദ്ധതി നിർവഹണത്തിലെ വീഴ്ച, ചെലവിലെ ഇടിവ്-

വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നീയിനങ്ങളിൽ സർക്കാർ പഞ്ചായത്തിന് അനുവദിച്ച തുകയിൽ കേവലം 62% തുക മാത്രമേ തൻവർഷം വിനിയോഗിക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടുള്ളൂ. ആയതിനാൽ തന്നെ ഈയിനങ്ങളിൽ ലഭിച്ച തുകയിൽ 3.09 കോടി രൂപ സഞ്ചിത നിധിയിലേക്ക് തിരികെ പോയിട്ടുണ്ട്. പദ്ധതി നിർവഹണത്തിൽ വന്ന പാളിച്ച മൂലം ആകെ രൂപീകരിച്ച 395 പ്രോജക്ടുകളിൽ 224 എണ്ണത്തിന് തൻവർഷം തുക ചെലവഴിക്കാൻ പഞ്ചായത്തിന് സാധിക്കാതെ വന്നിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനിയർ, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി എന്നീ നിർവഹണ ഉദ്യോഗസ്ഥന്മാരുടെ പദ്ധതി ചെലവ് വളരെ കുറവാണ്. ഈ വീഴ്ചയിലേക്ക് വഴി വച്ച കാര്യങ്ങൾ പരിശോധിക്കേണ്ടതും ഭാവിയിൽ പദ്ധതി നിർവഹണത്തിലും പദ്ധതി തുക ചെലവഴിക്കുന്നതിലും പുരോഗമനം കൈവരിക്കുന്നത് ആവശ്യമായ നിയന്ത്രണ സംവിധാനം രൂപപ്പെടുത്തേണ്ടതാണ്.

3. നികുതി പിരിവ് –

31.03.2018 ലെ ആസ്തി ബാദ്ധ്യതാ പട്ടിക പ്രകാരം വസ്തു നികുതിയിനത്തിൽ 35.88 ലക്ഷം രൂപയും മാർക്കറ്റ്, ബസ് സ്റ്റാന്റ് എന്നിവയിൽ നിന്ന് 1 ലക്ഷം രൂപയും കുടിശ്ശികയുണ്ട്. എന്നാൽ ഈ കണക്കുകളുടെ നിജസ്ഥിതി പരിശോധിക്കാവുന്ന തരത്തിൽ ഡിമാന്റ് രജിസ്റ്ററോ കുടിശ്ശിക ഡിമാന്റ് രജിസ്റ്ററോ എഴുതിയിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിലെ ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് എന്നിവയുടെ കൃത്യത ഉറപ്പു വരുത്താനായിട്ടില്ല. നികുതി പരിഷ്കരണം, മേപ്പിങ്ങ് എന്നിവ നാളിതു വരെ പൂർണമായിട്ടില്ല. ഓഫീസ് ഉത്തരവുകൾ പ്രകാരം വാർഡ് തിരിച്ച് ജീവനക്കാർക്ക് ഉത്തരവാദിത്തങ്ങൾ നിർണയിച്ചു നൽകിയിട്ടുണ്ട്. ഇടയ്ക്ക് ക്യാമ്പ് കളക്ഷനുകളും നടത്തി വരുന്നുണ്ട്. എന്നാൽ ഒരു കൃത്യമായ ഡാറ്റാബേസിന്റെ പിൻബലമില്ലാതെ വ്യക്തിഗത കൈപ്പുസ്തകങ്ങളിലെയും മറ്റു രീതിയിലുമുള്ള വിവരങ്ങൾ അടിസ്ഥാനമാക്കിയാണ് നിലവിൽ നികുതി പിരിവുകൾ നടത്തി വരുന്നത്. അടിയന്തിരമായും നികുതി ഡാറ്റാബേസ് കാലികമാക്കി പൂർണമായും ആശ്രയിക്കാവുന്ന വിധത്തിൽ സഞ്ചയ സോഫ്റ്റ് വെയർ പ്രാബല്യത്തിൽ വരുത്തേണ്ടതുമാണ്.

4. ഭരണ സമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, മറ്റു ജനകീയ കമ്മിറ്റികൾ എന്നിവയുടെ പ്രവർത്തനം-

ഭരണ സമിതി മാസം തോറും യോഗം കൂടിയിട്ടുണ്ട്. എന്നാൽ യോഗങ്ങളിൽ പ്രശ്നങ്ങൾ വിശകലനം ചെയ്തതായോ പരിഹാര സാദ്ധ്യതകൾ പരിശോധിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുന്നതിന് ശ്രമിച്ചതായോ കാണുന്നില്ല. യോഗങ്ങളിൽ എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയോ പോരായ്മ കണ്ടെത്തി പരിഹരിക്കാൻ ശ്രമിച്ചതായോ കാണുന്നില്ല.

സ്റ്റാന്റിംഗ് കമ്മിറ്റികൾ കൃത്യമായി യോഗങ്ങൾ ചേരുന്നുണ്ട്. എന്നാൽ കമ്മിറ്റികളുടെ നിയന്ത്രണത്തിലുള്ള വിഷയങ്ങളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ശ്രമിച്ചതായോ ഭരണ സമിതിക്ക് ഇത് സംബന്ധിച്ച് എന്തെങ്കിലും ശുപാർശകൾ നൽകിയതായോ കാണുന്നില്ല.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തീരെ ഫലപ്രദമല്ല. ശരാശരി 3 യോഗങ്ങൾ മാത്രമേ എല്ലാ വർക്കിംഗ് ഗ്രൂപ്പുകളും ചേർന്നിട്ടുള്ളൂ. യോഗങ്ങളുടെ മിനുട്ട്സ് കൃത്യമായി എഴുതിയിട്ടില്ല. പ്രസക്തമായ തീരുമാനങ്ങൾ എന്തെങ്കിലും കൈക്കൊണ്ടതായി മിനുട്ട്സിൽ ഇല്ല. വ്രക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിച്ചിട്ടില്ല. പ്രോജക്ടുകളുടെ ഫയലുകളിൽ വർക്കിംഗ് ഗ്രൂപ്പ് ചെയർമാൻ ഒപ്പിട്ടിട്ടുള്ള മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഉൾക്കൊള്ളിക്കുന്നുണ്ടെങ്കിലും റിപ്പോർട്ടുകളിൽ ഒപ്പു പതിപ്പിക്കുന്നതല്ലാതെ പ്രവൃത്തികൾ സംബന്ധിച്ച അഭിപ്രായമോ മറ്റു

വിശദാംങ്ങളോ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുന്നില്ല.

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.10.2018 | 2018, ആഗസ്റ്റ്, സെപ്റ്റംബർ | 23.10.2018 |
| അക്കൗണ്ടന്റ് ജനറലില്റെ ഓഡിറ്റ് | 28.02.2014 മുതൽ 14.03.2014 വരെ | 2008-09 മുതൽ 2012-13 വരെ | 07.05.2014 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രസീത് ബുക്ക്,കളക്ഷൻ രജിസ്റ്റർ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല

21684 നമ്പർ രസീത് ബുക്ക് (Issued to Office) , 21683,എന്നീ രസീത് ബുക്കുകളുമായി ബന്ധപ്പെട്ട കളക്ഷൻ രജിസ്റ്റർ എന്നിവ ഓഡിറ്റ് പരിശോധനക്ക് നൽകിയിട്ടില്ല. അതിനാൽ ഈ രസീത്ബുക്കുകൾ വഴി പിരിച്ച/വരവ് വന്ന തുകകളുടെ അടവും മറ്റ് വിശദാംശങ്ങളും പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ വസ്തുത കെ.എസ്.എ/കെ.എസ്.ഡി/06/51/2019/30.11.2018 നമ്പർ കത്ത് പ്രകാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡിനെ അറിയിച്ചിട്ടുള്ളതാണ്. മേൽ പറഞ്ഞവ എത്രയും വേഗം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. രശീതി ബുക്കുകൾ നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ അഥവാ ദുരുപയോഗം ചെയ്തിട്ടുണ്ടെങ്കിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ തുടർ നടപടികൾ സ്വീകരിക്കുകയും അക്കാര്യം ഈ ഓഫീസിനെ അറിയിക്കുകയും ചെയ്യേണ്ടതാണ്.

(Audit requisition-2; dtd : 30.11.2018)

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പെർഡാല ജാറത്തിന് സമീപം ത്രീഫേസ് ലൈൻ വലിക്കൽ പദ്ധതി-പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നമ്പർ - 115/18

അടങ്കൽ -₹2,00,000/- രൂപ(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ബിൽ നമ്പർ-21/17-18/23.03.2018 – 1,73,433/- രൂപ.

ബദിയടുക്ക ഗ്രാമപഞ്ചായത്തിലെ പെർഡാല ജാറത്തിന് സമീപം ത്രീഫേസ് ലൈൻ

വലിക്കാനുള്ള ഈ പദ്ധതിക്കായി കേരള സംസ്ഥാന വൈദ്യുതി ബോർഡ് ബദിയടുക്ക സെക്ഷൻ അസി.എഞ്ചിനീയർ സമർപ്പിച്ച കത്ത് നമ്പർ DB/17-18/BDK/256/dt.15.02.2018 പ്രകാരം ഡാറ്റാ ഷീറ്റ് അയച്ചുതന്നു. ഡാറ്റാ ഷീറ്റ് പ്രകാരം പ്രവർത്തിക്ക് ആകെ 1,73,433/- രൂപയാണ് ചെലവ്. ഈ തുക ബിൽ നമ്പർ - 21/17-18/23.03.2018 പ്രകാരം പിൻവലിച്ച് കേരള സംസ്ഥാന വൈദ്യുതി ബോർഡ് ബദിയടുക്ക സെക്ഷന്റെ പേരിൽ സിൻഡിക്കേറ്റ് ബാങ്ക് ബദിയടുക്ക ശാഖയിലെ അക്കൗണ്ട് നം.42093170000047 ലേക്ക് ഡെപ്പോസിറ്റ് ചെയ്തു. ഈ പ്രവർത്തി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്.

1)കത്ത് നം.SC1/115/18, dt.28.12.2017 പ്രകാരം പ്രവർത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുവാൻ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ബദിയടുക്ക സെക്ഷൻ അസി.എഞ്ചിനീയർക്ക് കത്ത് അയച്ചിട്ടുണ്ട്. ഇത് പ്രകാരം എസ്റ്റിമേറ്റ് സമർപ്പിച്ചത് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. കൂടാതെ ഭരണസമിതി അംഗീകരിച്ചതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2)പ്രവർത്തി നടത്താനായി കേരള സംസ്ഥാന വൈദ്യുതി ബോർഡുമായി ഒപ്പ് വെച്ച കരാർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3)പ്രവർത്തി പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

4)പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ മോണിറ്ററിംഗ് സമിതി റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നമ്പർ - 01/19.11.2018 പ്രകാരം ഈ അപാകതകൾക്ക് വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 1,73,433/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യപ്പെട്ട രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 3-2 മാന്യ ദേവറക്കരയിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി- അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നമ്പർ - 06/18

അടങ്കൽ -₹62,100/- രൂപ(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ബിൽ നമ്പർ-24/17-18/23.03.2018 – ₹62,100/- രൂപ.

ബദിയടുക്ക ഗ്രാമപഞ്ചായത്തിലെ മാന്യ ദേവറക്കരയിൽ തെരുവ് വിളക്ക് ലൈൻ വലിച്ച പോസ്റ്റുകളിൽ LED തെരുവ് വിളക്ക് ഫിറ്റ് ചെയ്ത് പ്രവർത്തനക്ഷമമാക്കാനുള്ളതാണ് ഈ പദ്ധതി. സർക്കാർ അംഗീകൃത സ്ഥാപനമായ KREWS കാസറഗോഡിൽ നിന്ന് നേരിട്ട് LED തെരുവ് വിളക്കുകൾ വാങ്ങിയാണ് ഈ പദ്ധതി നടത്തിയത്. KREWS കാസറഗോഡ് സമർപ്പിച്ച ഇൻവോയ്സ് നം.KREWS/GST/76/2017-18, dt.08.02.2018 പ്രകാരം 23 എണ്ണം LED തെരുവ് വിളക്കുകൾക്ക് ഇൻസ്റ്റലേഷൻ ചാർജ്ജടക്കം ആകെ 62,100/- രൂപ നൽകണം. ബിൽ നമ്പർ-24/17-18/23.03.2018 പ്രകാരം 62,100/- രൂപ KREWS കാസറഗോഡിന്റെ ബാങ്ക് അക്കൗണ്ട് നം.067256868977(എസ്.ബി.ഐ, കാസറഗോഡ്) ലേക്ക് ട്രാൻസ്ഫർ ചെയ്തു. ഈ പ്രവർത്തി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്.

1)കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ മേൽനോട്ടത്തിലാണ് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടത്. ഇതിന് ആധാരമായ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2)KREWS കാസറഗോഡിന് ഇൻസ്റ്റലേഷൻ ചാർജ്ജടക്കം ആണ് തുക നൽകിയിരിക്കുന്നത്. കത്ത് നം. SC-1/06/18,dt.09.03.2018 പ്രകാരം എത്രയും പെട്ടെന്ന് LED തെരുവ് വിളക്കുകൾ സ്ഥാപിക്കണം എന്നാവശ്യപ്പെട്ട് KREWS കാസറഗോഡിന് കത്ത് നൽകിയിട്ടുണ്ട്. പക്ഷെ കത്ത് നം. 06/18, dt.09.05.2018 പ്രകാരം ശ്രീ.ഗണേശ്പ്രസാദ് എന്നയാൾ LED തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും ടിയാന് KREWS കാസറഗോഡ് ഫിറ്റിംഗ് ചാർജ്ജ് നൽകണം എന്നാവശ്യപ്പെട്ട് വീണ്ടും KREWS കാസറഗോഡിന് കത്ത് നൽകിയിട്ടുണ്ട്. ഇതിൽ നിന്നും KREWS കാസറഗോഡ് LED തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിൽ വീഴ്ച വരുത്തി എന്നാണ് മനസ്സിലാക്കുന്നത്. ഇവരുമായി ഒപ്പ് വച്ച കരാർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. കരാർ പ്രകാരം സ്ഥാപിക്കുന്നതിൽ വീഴ്ച വരുത്തിയതിന് എന്ത് നടപടി സ്വീകരിച്ചു എന്നത് സംബന്ധമായ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3)പ്രവർത്തി പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

4)പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ മോണിറ്ററിംഗ് സമിതി റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നമ്പർ - 02/19.11.2018 പ്രകാരം ഈ അപാകതകൾക്ക് വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 62,100/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യപ്പെട്ട രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 3-3 ബഞ്ച്യത്തടുക്ക, കൊല്ലംപാറ, മൈർക്കള, ഗോളിയടുക്ക, കന്യാന മസ്ജിദ്, ചേടിക്കുണ്ട്, ബമ്പത്തടുക്ക എന്നീ പ്രദേശങ്ങളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി - അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നമ്പർ - 202/18

അടങ്കൽ -7,52,000/- രൂപ(ജനറൽ , ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ബദിയടുക്ക് ഗ്രാമ പഞ്ചായത്തിലെ മൂക്കൻപാറ, ബഞ്ച്യത്തടുക്ക, കൊല്ലംപാറ, മൈർക്കള, ഗോളിയടുക്ക, കന്യാന മസ്ജിദ്, ചേടിക്കുണ്ട്, ബമ്പത്തടുക്ക എന്നീ പ്രദേശങ്ങളിൽ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനുള്ള ഈ പദ്ധതിക്കായി താഴെപ്പറയുന്ന വിവിധ ബില്ലുകൾ പ്രകാരം തുക കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ നിക്ഷേപം നടത്തിയിട്ടുണ്ട്. കേരള സംസ്ഥാന വൈദ്യുതി ബോർഡ് ബദിയടുക്ക, സീതാംഗോളി സെക്ഷനുകളിലേക്കാണ് തുക നിക്ഷേപം നടത്തിയിട്ടുള്ളത്. ബില്ലുകൾ സംബന്ധമായ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

1)ബിൽ നമ്പർ-05/17-18/26.07.2017 – 1,04,400/- രൂപ.

കേരള സംസ്ഥാന വൈദ്യുതി ബോർഡ് ബദിയടുക്ക സെക്ഷന്റെ കത്ത് AS No.86/16-17/AEE-ESDCKL/dt.31.03.2017 പ്രകാരം ആകെ 1,04,400/- രൂപ മൂക്കൻപാറ, ബഞ്ച്യത്തടുക്ക, കൊല്ലംപാറ എന്നിവിടങ്ങളിൽ സ്ട്രീറ്റ് ലൈറ്റിന് കണ്ടക്ടർ ഘടിപ്പിക്കുന്നതിന് ഒടുക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അത് പ്രകാരം തുക പിൻവലിച്ച് കേരള സംസ്ഥാന വൈദ്യുതി ബോർഡ് ബദിയടുക്ക സെക്ഷന്റെ

പേരിൽ സിൻഡിക്കേറ്റ് ബാങ്ക് ബദിയടുക്ക ശാഖയിലെ അക്കൗണ്ട് നം.42093170000047 ലേക്ക് ഡെപ്പോസിറ്റ് ചെയ്തു.

2)ബിൽ നമ്പർ-13/17-18/16.11.2017 – 70,000/- രൂപ.

കേരള സംസ്ഥാന വൈദ്യുതി ബോർഡ് ബദിയടുക്ക സെക്ഷന്റെ കത്ത് നം.DB/Street main/BDK /17-18/159/dt.14.09.2017 പ്രകാരം ആകെ 70,000/- രൂപ മൂക്കൻപാറ, ബഞ്ച്യത്തടുക്ക, കൊല്ലംപാറ എന്നിവിടങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കുന്നതിന് ഒടുക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അത് പ്രകാരം തുക പിൻവലിച്ച് കേരള സംസ്ഥാന വൈദ്യുതി ബോർഡ് ബദിയടുക്ക സെക്ഷന്റെ പേരിൽ സിൻഡിക്കേറ്റ് ബാങ്ക് ബദിയടുക്ക ശാഖയിലെ അക്കൗണ്ട് നം.42093170000047 ലേക്ക് ഡെപ്പോസിറ്റ് ചെയ്തു.

3)ബിൽ നമ്പർ-14/17-18/16.11.2017 – 76,500/- രൂപ.

കേരള സംസ്ഥാന വൈദ്യുതി ബോർഡ് ബദിയടുക്ക സെക്ഷന്റെ കത്ത് നം.DB-29/16-17/212/PRL /dt.06.03..2017 പ്രകാരം ആകെ 76,500/- രൂപ ബമ്പത്തടുക്ക എന്ന പ്രദേശത്ത് സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കുന്നതിന് ഒടുക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അത് പ്രകാരം തുക പിൻവലിച്ച് കേരള സംസ്ഥാന വൈദ്യുതി ബോർഡ് ബദിയടുക്ക സെക്ഷന്റെ പേരിൽ സിൻഡിക്കേറ്റ് ബാങ്ക് ബദിയടുക്ക ശാഖയിലെ അക്കൗണ്ട് നം.42093170000047 ലേക്ക് ഡെപ്പോസിറ്റ് ചെയ്തു.

4)ബിൽ നമ്പർ-24/17-18/23.03.2018 – 66,200/- രൂപ.

കേരള സംസ്ഥാന വൈദ്യുതി ബോർഡ് ബദിയടുക്ക സെക്ഷന്റെ കത്ത് നം.DB-29/17-18 /BDK/255/dt.15.02.2018 പ്രകാരം ആകെ 66,200/- രൂപ ഗോളിയടുക്ക എന്ന പ്രദേശത്ത് സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കുന്നതിന് ഒടുക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അത് പ്രകാരം തുക പിൻവലിച്ച് കേരള സംസ്ഥാന വൈദ്യുതി ബോർഡ് ബദിയടുക്ക സെക്ഷന്റെ പേരിൽ സിൻഡിക്കേറ്റ് ബാങ്ക് ബദിയടുക്ക ശാഖയിലെ അക്കൗണ്ട് നം.42093170000047 ലേക്ക് ഡെപ്പോസിറ്റ് ചെയ്തു.

5)ബിൽ നമ്പർ-19/17-18/22.02.2018 – 1,93,640/- രൂപ.

6)ബിൽ നമ്പർ-32/17-18/28.03.2018 – 1,40,000/- രൂപ.

7)ബിൽ നമ്പർ-33/17-18/28.03.2018 – 1,00,000/- രൂപ.

ഈ പ്രവർത്തി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണ്.

1)ആകെ 7,50,740/- രൂപ കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഈ പ്രവർത്തികൾ പൂർത്തീകരിച്ചതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

2)ക്രമ നം.(5),(6),(7) എന്നിവ പ്രകാരമുള്ള തുകകളുടെ ട്രഷറി ബില്ല് പകർപ്പുകൾ, തുകകൾ നിക്ഷേപം നടത്തിയതിന്റെ വിശദവിവരങ്ങൾ, അനുബന്ധരേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നമ്പർ - 03/19.11.2018 പ്രകാരം ഈ അപാകതകൾക്ക് വിശദീകരണം

ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 7,50,740/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ക്രമ നം.(5),(6),(7) എന്നിവ പ്രകാരമുള്ള തുകകളുടെ ട്രഷറി ബില്ല് പകർപ്പുകൾ, തുകകൾ നിക്ഷേപം നടത്തിയതിന്റെ വിശദവിവരങ്ങൾ, അനുബന്ധരേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കാത്ത പക്ഷം ഈ തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതാണ്. ആവശ്യപ്പെട്ട രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 3-4 വി.എം.നഗർ,മാന്യ, മല്ലടുക്ക എന്നീ പ്രദേശങ്ങളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നമ്പർ - 216/18

അടങ്കൽ -1,00,000/- രൂപ(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ബിൽ നമ്പർ-33/17-18/23.03.2018 -77,264/- രൂപ.

ബദിയടുക്ക ഗ്രാമ പഞ്ചായത്തിലെ വി.എം നഗർ, മാന്യ, മല്ലടുക്ക എന്നീ പ്രദേശങ്ങളിൽ തെരുവ് വിളക്ക് സ്ഥാപിക്കാനുള്ളതാണ് ഈ പദ്ധതി. കേരള സംസ്ഥാന വൈദ്യുതി ബോർഡ് ബദിയടുക്ക, സീതാംഗോളി സെക്ഷനുകളാണ് ഈ പ്രവർത്തി നടത്തേണ്ടത്.

(1)കേരള സംസ്ഥാന വൈദ്യുതി ബോർഡ് ബദിയടുക്ക സെക്ഷന്റെ കത്ത് നം.A2-05/17 /dt.13.11.2017 പ്രകാരം ആകെ 42,100/- രൂപ ഒടുക്കണമെന്ന് ആവശ്യപ്പട്ടിട്ടുണ്ട്. മേൽ ബില്ല് പ്രകാരം തുക പിൻവലിച്ച് 42,100/- രൂപ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ബദിയടുക്ക സെക്ഷന്റെ പേരിൽ സിൻഡിക്കേറ്റ് ബാങ്ക് ബദിയടുക്ക ശാഖയിലെ അക്കൗണ്ട് നം.42093170000047 ലേക്ക് ഡെപ്പോസിറ്റ് ചെയ്തു.

(2)അസി.എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് സീതാംഗോളി സെക്ഷന്റെ കത്ത് നം.DB/Demand/STG/17-18/46/dt.24.11.2017 പ്രകാരം ആകെ 35,164/- രൂപ ഒടുക്കണമെന്ന് ആവശ്യപ്പട്ടിട്ടുണ്ട്. മേൽ ബില്ല് പ്രകാരം തുക പിൻവലിച്ച് 35,164/- രൂപ കേരള സംസ്ഥാന വൈദ്യുതി ബോർഡ് സീതാംഗോളി സെക്ഷന്റെ പേരിൽ എസ്.ബി.ഐ കാസറഗോഡ് ശാഖയിലെ അക്കൗണ്ട് നം.37049381587 ലേക്ക് ഡെപ്പോസിറ്റ് ചെയ്തു.

ഈ പ്രവർത്തി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്.

1)ആകെ 77,264/- രൂപ കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഈ പ്രവർത്തികൾ പൂർത്തികരിച്ചതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2)അസി.എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ്, ബദിയടുക്ക സെക്ഷനുമായി ഒപ്പ് വെച്ച കരാർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3)മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നമ്പർ - 04/19.11.2018 പ്രകാരം ഈ അപാകതകൾക്ക് വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 77,264/- രൂപ ഓഡിറ്റിൽ

തടസ്സപ്പെടുത്തുന്നു. ആവശ്യപ്പെട്ട രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 3-5 വിവിധ പട്ടികവർഗ്ഗ കോളനികളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

പ്രൊജക്ട് നമ്പർ - 199/18

അടങ്കൽ - 1,55,195/- രൂപ(ടി.എസ്.പി)

1)ബിൽ നമ്പർ-02/17-18/20.10.17 - 84,895/- രൂപ.

ബദിയടുക്ക ഗ്രാമ പഞ്ചായത്തിലെ ശാന്തിപ്പള്ളി എന്ന പ്രദേശത്തേക്ക് തെരുവ് വിളക്ക് ലൈൻ നീട്ടി സ്ഥാപിക്കാനുള്ളതാണ് ഈ പദ്ധതി. കേരള സംസ്ഥാന വൈദ്യുതി ബോർഡ് ബദിയടുക്ക സെക്ഷനാണ് ഈ പ്രവർത്തി നടത്തേണ്ടത്. കേരള സംസ്ഥാന വൈദ്യുതി ബോർഡ്, ബദിയടുക്ക സെക്ഷന്റെ കത്ത് നം.DB/Demand/BDK/17-18/198/dt.17.10.2017 പ്രകാരം ആകെ 84,895/- രൂപയുടെ ഡിമാന്റ് നോട്ടീസ് സമർപ്പിക്കുകയും, മേൽ ബില്ല് പ്രകാരം തുക പിൻവലിച്ച് 84,895/- രൂപ കേരള സംസ്ഥാന വൈദ്യുതി ബോർഡ്, ബദിയടുക്ക സെക്ഷന്റെ പേരിൽ സിൻഡിക്കേറ്റ് ബാങ്ക് ബദിയടുക്ക ശാഖയിലെ അക്കൗണ്ട് നം.42093170000047 ലേക്ക് ഡെപ്പോസിറ്റ് നടത്തുകയും ചെയ്തു. 20.11.2017 ൽ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ബദിയടുക്ക സെക്ഷൻ അസി.എഞ്ചിനീയറുമായി കരാർ ഒപ്പിട്ടു.

2)ബിൽ നമ്പർ-04/17-18/12.01.2018 - 70,300/- രൂപ.

ബദിയടുക്ക ഗ്രാമ പഞ്ചായത്തിലെ ദർബത്തടുക്ക, പേരിയടുക്ക പട്ടികവർഗ്ഗ കോളനികളിലേക്ക് തെരുവ് വിളക്ക് ലൈൻ നീട്ടി സ്ഥാപിക്കാനുള്ളതാണ് ഈ പദ്ധതി. കേരള സംസ്ഥാന വൈദ്യുതി ബോർഡ് സീതാംഗോളി സെക്ഷനാണ് ഈ പ്രവർത്തി നടത്തേണ്ടത്.

അസി.എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് സീതാംഗോളി സെക്ഷന്റെ കത്ത് നം.DB/Demand/STG/17-18/46/dt.24.11.2017 പ്രകാരം ആകെ 70,300/- രൂപയുടെ ഡിമാന്റ് നോട്ടീസ് സമർപ്പിക്കുകയും, മേൽ ബില്ല് പ്രകാരം 70,300/- രൂപ പിൻവലിച്ച് കേരള സംസ്ഥാന വൈദ്യുതി ബോർഡ് സീതാംഗോളി സെക്ഷന്റെ പേരിൽ എസ്.ബി.ഐ. കാസറഗോഡ് ശാഖയിലെ അക്കൗണ്ട് നം.37049381587 ലേക്ക് ഡെപ്പോസിറ്റ് നടത്തുകയും ചെയ്തു. 22.01.2018 ൽ കേരള സംസ്ഥാന വൈദ്യുതി ബോർഡ് സീതാംഗോളി സെക്ഷൻ അസി.എഞ്ചിനീയറുമായി കരാർ ഒപ്പിട്ടു.

ഈ പ്രവർത്തി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്.

1)ഈ പ്രവർത്തി നടപ്പിലാക്കുന്നതിനായി കേരള സംസ്ഥാന വൈദ്യുതി ബോർഡ് തയ്യാറാക്കിയ എസ്റ്റിമേറ്റ്, ഭരണസമിതി അംഗീകാരം നൽകിയ രേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2)ആകെ 1,55,195/- രൂപ കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഈ പ്രവർത്തികൾ പൂർത്തികരിച്ചതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3)മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നമ്പർ - 05/21.11.2018 പ്രകാരം ഈ അപാകതകൾക്ക് വിശദീകരണം ചോദിച്ചതിന് 29.11.2018 ന് മറുപടി നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ നിന്ന് വാങ്ങി സൂക്ഷിക്കുന്നതാണ്, പദ്ധതി ഇപ്പോൾ പൂർത്തീകരിച്ചിട്ടുണ്ട് എന്നാണ് മറുപടി നൽകിയിരിക്കുന്നത്. പദ്ധതി പൂർത്തീകരിച്ചതിന് കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ പൂർത്തീകരണ സർട്ടിഫിക്കറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല, അതിനാൽ ചെലവ് തുക 1,55,195/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ എസ്റ്റിമേറ്റ് ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 3-6 ദേവറക്കര, മാഗിനടുക്ക പട്ടികവർഗ്ഗ കോളനികളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

പ്രൊജക്ട് നമ്പർ - 213/18

അടങ്കൽ -6,61,800/- രൂപ(ടി.എസ്.പി)

ബിൽ നമ്പർ-03/17-18/10.11.2017 - 6,61,800/- രൂപ.

ബദിയടുക്ക ഗ്രാമ പഞ്ചായത്തിലെ ദേവറക്കര, മാഗിനടുക്ക പട്ടികവർഗ്ഗ കോളനികളിൽ തെരുവ് വിളക്ക് ലൈൻ നീട്ടി സ്ഥാപിക്കാനുള്ളതാണ് ഈ പദ്ധതി. കേരള സംസ്ഥാന വൈദ്യുതി ബോർഡ് ,ബദിയടുക്ക സെക്ഷനാണ് ഈ പ്രവർത്തി നടത്തേണ്ടത്.

കേരള സംസ്ഥാന വൈദ്യുതി ബോർഡ്, ബദിയടുക്ക സെക്ഷന്റെ കത്ത് നം.DB/Demand /BDK/17-18/60/dt.14.09.2017 പ്രകാരം ആകെ 6,61,800/- രൂപയുടെ ഡിമാന്റ് നോട്ടീസ് സമർപ്പിക്കുകയും, മേൽ ബില്ല് പ്രകാരം തുക പിൻവലിച്ച് 6,61,800/- രൂപ കേരള സംസ്ഥാന വൈദ്യുതി ബോർഡ്, ബദിയടുക്ക സെക്ഷന്റെ പേരിൽ സിൻഡിക്കേറ്റ് ബാങ്ക് ബദിയടുക്ക ശാഖയിലെ അക്കൗണ്ട് നം.42093170000047 ലേക്ക് ഡെപ്പോസിറ്റ് നടത്തുകയും ചെയ്തു. 09.01.2018 ൽ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ബദിയടുക്ക, സെക്ഷൻ അസി.എഞ്ചിനീയറുമായി കരാർ ഒപ്പിട്ടു. ഈ പ്രവർത്തി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്.

1)ഈ പ്രവർത്തി നടപ്പിലാക്കുന്നതിനായി കേരള സംസ്ഥാന വൈദ്യുതി ബോർഡ് തയ്യാറാക്കിയ എസ്റ്റിമേറ്റ്, ഭരണസമിതി അംഗീകാരം നൽകിയ രേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2)ആകെ 6,61,800/- രൂപ കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഈ പ്രവർത്തികൾ പൂർത്തികരിച്ചതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3)മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നമ്പർ - 06/21.11.2018 പ്രകാരം ഈ അപാകതകൾക്ക് വിശദീകരണം ചോദിച്ചതിന് 29.11.2018 ന് മറുപടി നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ നിന്ന് വാങ്ങി സൂക്ഷിക്കുന്നതാണ്, പദ്ധതി ഇപ്പോൾ പൂർത്തീകരിച്ചിട്ടുണ്ട് എന്നാണ് മറുപടി നൽകിയിരിക്കുന്നത്. പദ്ധതി പൂർത്തീകരിച്ചതിന് കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ പൂർത്തീകരണ സർട്ടിഫിക്കറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ

ഹാജരാക്കിയിട്ടില്ല, അതിനാൽ ചെലവ് തുക 6,61,800/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ എസ്റ്റിമേറ്റ് ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 3-7 വിവിധ സൗരോർജ്ജ തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതികൾ - അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

ബദിയടുക്ക ഗ്രാമപഞ്ചായത്തിൽ 2017-18 വർഷത്തിൽ വിവിധ കോളനികളിൽ സൗരോർജ്ജ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനായി അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ 4 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഈ 4 പദ്ധതികൾക്കും ടെണ്ടർ വിളിച്ചത് ഒന്നിച്ചാണ്. 4 പദ്ധതികൾക്കും സൗരോർജ്ജ തെരുവ് വിളക്ക് വിതരണം ചെയ്യാനായി ഒരു സ്ഥാപനത്തെ തന്നെയാണ് തെരെഞ്ഞെടുത്തിട്ടുള്ളത്. പദ്ധതികൾ സംബന്ധിച്ച വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

1)ചുള്ളിക്കാന, ബാറഡുക്ക പട്ടികജാതി കോളനികളിൽ സൗരോർജ്ജ തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി.

പ്രൊജക്റ്റ് നമ്പർ - 443/18

അടങ്കൽ -2,50,000/- രൂപ(എസ്.സി.പി)

ബിൽ നമ്പർ-12/17-18/28.03.2018 - 1,89,000/- രൂപ.

ബദിയടുക്ക ഗ്രാമപഞ്ചായത്തിലെ ചുള്ളിക്കാന, ബാറഡുക്ക പട്ടികജാതി കോളനികളിൽ സൗരോർജ്ജ തെരുവ് വിളക്ക് സ്ഥാപിക്കാനുള്ളതാണ് ഈ പദ്ധതി. ഈ പദ്ധതിക്കായി നം.5807/17, തിയ്യതി 15.03.2018 പ്രകാരം ടെണ്ടർ ക്ഷണിച്ചു. അനർട്ട് അംഗീകരിച്ച സ്പെസിഫിക്കേഷൻ പ്രകാരമുള്ള, മോഡൽ നം.3, സോളാർ മൊഡ്യൂൾ-200wp, 36 വാട്സ് സൗരോർജ്ജ തെരുവ് വിളക്ക്, 1152 Wh ലിതിയം ബാറ്ററി, GI Pole, Height -5m, diametre- 4"ആണ് ഈ പദ്ധതിക്കായി വാങ്ങുന്നത്. 16.03.2018 ന് ഹൈക്കോൺ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, തൃശ്ശൂർ സമർപ്പിച്ച ടെണ്ടർ അംഗീകരിച്ച് അവർക്ക് കത്ത് നം.5807/17, തിയ്യതി 23.03.2018 പ്രകാരം സപ്ലൈ ഓർഡർ നൽകി. സൗരോർജ്ജ തെരുവ് വിളക്ക് ഒന്നിന് 94,500/- രൂപയാണ് വില. ഇൻവോയ്സ് നം.PRJEKM/PRO/1149, dt.27.03.2018 പ്രകാരം 2 സൗരോർജ്ജ തെരുവ് വിളക്ക് വിതരണം ചെയ്തിട്ടുണ്ട്. മോഡൽ നം.3, സോളാർ മൊഡ്യൂൾ-200wp, 36 വാട്സ് സൗരോർജ്ജ തെരുവ് വിളക്ക്, 1152 Wh ലിതിയം ബാറ്ററി, GI Pole, Height -4m, diametre- 4"എന്നതാണ് വിതരണം ചെയ്ത സൗരോർജ്ജ തെരുവ് വിളക്കിന്റെ സ്പെസിഫിക്കേഷൻ. 2 എണ്ണം സൗരോർജ്ജ തെരുവ് വിളക്ക് വിതരണം ചെയ്തതിന് ഒന്നിന് 94,500/- രൂപ പ്രകാരം ആകെ 1,89,000/- രൂപ ഹൈക്കോൺ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന്റെ അക്കൗണ്ട് നം. 00572530000086, (HDFC Bank) ലേക്ക് ഓൺലൈൻ ആയി ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

2)ബന്ദ്രഡുക്ക, മജീർ പള്ളക്കട്ട, ബാലകമേരി, കുണ്ടാൽമൂല പട്ടികവർഗ്ഗ കോളനികളിൽ സൗരോർജ്ജ തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി.

പ്രൊജക്റ്റ് നമ്പർ - 464/18

അടങ്കൽ -3,00,000/- രൂപ(ടി.എസ്.പി.)

ബിൽ നമ്പർ-11/17-18/28.03.2018 - 2,83,500/- രൂപ.

ബദിയടുക്ക ഗ്രാമപഞ്ചായത്തിലെ ബന്ദ്രഡുക്ക, മജീർ പള്ളക്കട്ട, ബാലകുമേരി, കുണ്ടാൽമൂല പട്ടികവർഗ്ഗ കോളനികളിൽ സൗരോർജ്ജ തെരുവ് വിളക്ക് സ്ഥാപിക്കാനുള്ളതാണ് ഈ പദ്ധതി. ഈ പദ്ധതിക്കായി നം.5807/17, തിയ്യതി 15.03.2018 പ്രകാരം ടെണ്ടർ ക്ഷണിച്ചു. അനർട്ട് അംഗീകരിച്ച സ്പെസിഫിക്കേഷൻ പ്രകാരമുള്ള, മോഡൽ നം.3, സോളാർ മൊഡ്യൂൾ-200wp, 36 വാട്സ് സൗരോർജ്ജ തെരുവ് വിളക്ക്, 1152 Wh ലിതിയം ബാറ്ററി, GI Pole, Height -5m, diametre- 4"ആണ് ഈ പദ്ധതിക്കായി വാങ്ങുന്നത്. 16.03.2018 ന് ഹൈക്കോൺ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, തൃശ്ശൂർ സമർപ്പിച്ച ടെണ്ടർ അംഗീകരിച്ച് അവർക്ക് കത്ത് നം.5807/17, തിയ്യതി 23.03.2018 പ്രകാരം സപ്ലൈ ഓർഡർ നൽകി. സൗരോർജ്ജ തെരുവ് വിളക്ക് ഒന്നിന് 94,500/- രൂപയാണ് വില. ഇൻവോയ്സ് നം.PRJEKM/PRO/1150, dt.27.03.2018 പ്രകാരം 3 സൗരോർജ്ജ തെരുവ് വിളക്ക് വിതരണം ചെയ്തിട്ടുണ്ട്. മോഡൽ നം.3, സോളാർ മൊഡ്യൂൾ-200wp, 36 വാട്സ് സൗരോർജ്ജ തെരുവ് വിളക്ക്, 1152 Wh ലിതിയം ബാറ്ററി, GI Pole, Height -4m, diametre- 4"എന്നതാണ് വിതരണം ചെയ്ത സൗരോർജ്ജ തെരുവ് വിളക്കിന്റെ സ്പെസിഫിക്കേഷൻ. 3 എണ്ണം സൗരോർജ്ജ തെരുവ് വിളക്ക് വിതരണം ചെയ്തതിന് ഒന്നിന് 94,500/- രൂപ പ്രകാരം ആകെ 2,83,500/- രൂപ ഹൈക്കോൺ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന്റെ അക്കൗണ്ട് നം. 00572530000086, (HDFC Bank) ലേക്ക് ഓൺലൈൻ ആയി ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

3)മുഞ്ചിക്കാന, ചോട്ടത്തടുക്ക, നീർച്ചാൽ കണ്ടിഗെ പട്ടികജാതി കോളനികളിൽ സൗരോർജ്ജ തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി.

പ്രൊജക്ട് നമ്പർ - 434/18

അടങ്കൽ -2,50,000/- രൂപ(എസ്.സി.പി.)

ബിൽ നമ്പർ-08/17-18/28.03.2018 - 1,89,000/- രൂപ.

ബദിയടുക്ക ഗ്രാമപഞ്ചായത്തിലെ മുഞ്ചിക്കാന, ചോട്ടത്തടുക്ക, നീർച്ചാൽ കണ്ടിഗെ പട്ടികജാതി കോളനികളിൽ സൗരോർജ്ജ തെരുവ് വിളക്ക് സ്ഥാപിക്കാനുള്ളതാണ് ഈ പദ്ധതി. ഈ പദ്ധതിക്കായി നം.5807/17, തിയ്യതി 15.03.2018 പ്രകാരം ടെണ്ടർ ക്ഷണിച്ചു. അനർട്ട് അംഗീകരിച്ച സ്പെസിഫിക്കേഷൻ പ്രകാരമുള്ള, മോഡൽ നം.3, സോളാർ മൊഡ്യൂൾ-200wp, 36 വാട്സ് സൗരോർജ്ജ തെരുവ് വിളക്ക്, 1152 Wh ലിതിയം ബാറ്ററി, GI Pole, Height -5m, diametre- 4"ആണ് ഈ പദ്ധതിക്കായി വാങ്ങുന്നത്. 16.3.2018 ന് ഹൈക്കോൺ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, തൃശ്ശൂർ സമർപ്പിച്ച ടെണ്ടർ അംഗീകരിച്ച് അവർക്ക് കത്ത് നം.5807/17, തിയ്യതി 23.03.18 പ്രകാരം സപ്ലൈ ഓർഡർ നൽകി. സൗരോർജ്ജ തെരുവ് വിളക്ക് ഒന്നിന് 94,500/- രൂപയാണ് വില. ഇൻവോയ്സ് നം.PRJEKM/PRO/1151, dt.27.03.2018 പ്രകാരം 2 സൗരോർജ്ജ തെരുവ് വിളക്ക് വിതരണം ചെയ്തിട്ടുണ്ട്. മോഡൽ നം.3, സോളാർ മൊഡ്യൂൾ-200wp, 36 വാട്സ് സൗരോർജ്ജ തെരുവ് വിളക്ക്, 1152 Wh ലിതിയം ബാറ്ററി, GI Pole, Height -4m, diametre- 4"എന്നതാണ് വിതരണം ചെയ്ത സൗരോർജ്ജ തെരുവ് വിളക്കിന്റെ സ്പെസിഫിക്കേഷൻ. 2 എണ്ണം സൗരോർജ്ജ തെരുവ് വിളക്ക് വിതരണം ചെയ്തതിന് ഒന്നിന് 94,500/- രൂപ പ്രകാരം ആകെ 1,89,000/- രൂപ ഹൈക്കോൺ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന്റെ അക്കൗണ്ട് നം. 00572530000086, (HDFC Bank) ലേക്ക് ഓൺലൈൻ

ആയി ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

4)ചെന്നഗുളി, ഏൽക്കാന, ബാണ്ട്റടുക്ക, കുണ്ടിക്കാന, പള്ളത്തടുക്ക പട്ടികജാതി കോളനികളിൽ സൗരോർജ്ജ തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി.

പ്രൊജക്റ്റ് നമ്പർ - 433/18

അടങ്കൽ -94,500/- രൂപ(എസ്.സി.പി.)

ബിൽ നമ്പർ-06/17-18/28.3.18 - 94,500/- രൂപ.

ബദിയടുക്ക ഗ്രാമപഞ്ചായത്തിലെ മുഞ്ചിക്കാന, ചോട്ടത്തടുക്ക, നീർച്ചാൽ കണ്ടിഗെ പട്ടികജാതി കോളനികളിൽ സൗരോർജ്ജ തെരുവ് വിളക്ക് സ്ഥാപിക്കാനുള്ളതാണ് ഈ പദ്ധതി. ഈ പദ്ധതിക്കായി നം.5807/17, തിയ്യതി 15.03.2018 പ്രകാരം ടെണ്ടർ ക്ഷണിച്ചു. അനർട്ട് അംഗീകരിച്ച സ്പെസിഫിക്കേഷൻ പ്രകാരമുള്ള, മോഡൽ നം.3, സോളാർ മൊഡ്യൂൾ-200wp, 36 വാട്സ് സൗരോർജ്ജ തെരുവ് വിളക്ക്, 1152 Wh ലിതിയം ബാറ്ററി, GI Pole, Height -5m, diametre- 4”ആണ് ഈ പദ്ധതിക്കായി വാങ്ങുന്നത്. 16.03.2018 ന് ഹൈക്കോൺ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, തൃശ്ശൂർ സമർപ്പിച്ച ടെണ്ടർ അംഗീകരിച്ച് അവർക്ക് കത്ത് നം.5807/17, തിയ്യതി 23.03.2018 പ്രകാരം സപ്ലൈ ഓർഡർ നൽകി. സൗരോർജ്ജ തെരുവ് വിളക്ക് ഒന്നിന് 94,500/- രൂപയാണ് വില. ഇൻവോയ്സ് നം.PRJEKM/PRO/1147, dt.27.03.2018 പ്രകാരം 1എണ്ണം സൗരോർജ്ജ തെരുവ് വിളക്ക് വിതരണം ചെയ്തിട്ടുണ്ട്. മോഡൽ നം.3, സോളാർ മൊഡ്യൂൾ-200wp, 36 വാട്സ് സൗരോർജ്ജ തെരുവ് വിളക്ക്, 1152 Wh ലിതിയം ബാറ്ററി, GI Pole, Height -4m, diametre- 4”എന്നതാണ് വിതരണം ചെയ്ത സൗരോർജ്ജ തെരുവ് വിളക്കിന്റെ സ്പെസിഫിക്കേഷൻ. 1 എണ്ണം സൗരോർജ്ജ തെരുവ് വിളക്ക് വിതരണം ചെയ്തതിന് ആകെ 94,500/- രൂപ ഹൈക്കോൺ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന്റെ അക്കൗണ്ട് നം. 00572530000086, (HDFC Bank) ലേക്ക് ഓൺലൈൻ ആയി ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

ഈ 4 പദ്ധതികൾക്കും ഒരേ ടെണ്ടർ പ്രകാരമാണ് പർച്ചേസ് നടത്തിയിരിക്കുന്നത്. ഈ പദ്ധതികൾ നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1)ഈ പദ്ധതിക്കായി ടെണ്ടർ ക്ഷണിച്ചപ്പോൾ ആകെ എത്ര ടെണ്ടർ ലഭിച്ചു, ടെണ്ടർ രജിസ്റ്റർ, ലഭിച്ച ടെണ്ടറുകൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ടെണ്ടർ ഭരണസമിതി അംഗീകരിച്ചതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2)ടെണ്ടർ ലഭിച്ചത്, അംഗീകരിച്ചത് സംബന്ധമായ പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3)അംഗീകരിച്ച സ്പെസിഫിക്കേഷൻ പ്രകാരം സൗരോർജ്ജ തെരുവ് വിളക്കുകളുടെ തൂണ് GI Pole, Height -5m, diametre- 4”ആണ് , എന്നാൽ വിതരണം ചെയ്തിരിക്കുന്നത് GI Pole, Height -4m, diametre- 4”ആണ് . സ്പെസിഫിക്കേഷനിൽ പറഞ്ഞതിനേക്കാൾ ഉയരം കുറഞ്ഞ തൂൺ ആണ് വിതരണം ചെയ്തിരിക്കുന്നത്, മോണിറ്ററിംഗ് കമ്മിറ്റി ഇക്കാര്യം പരിശോധിച്ചിട്ടില്ല. ഉയരം കുറഞ്ഞ തൂൺ വിതരണം ചെയ്തിരിക്കുന്നതിനാൽ ബില്ലിൽ വില സ്വാഭാവികമായും കുറയേണ്ടതാണ്, പക്ഷെ കുറച്ചിട്ടില്ല, വിശദീകരണം നൽകേണ്ടതാണ്.

4)പ്രൊജക്റ്റ് നമ്പർ - 443/18, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പ്രകാരം വാങ്ങിയ 2 സൗരോർജ്ജ തെരുവ് വിളക്കുകളിൽ 1 ചുള്ളിക്കാനയിൽ സ്ഥാപിച്ചിട്ടുണ്ട്. ബാക്കി 1 എവിടെ സ്ഥാപിച്ചു എന്ന്

വിശദീകരിക്കേണ്ടതാണ്.

5)പ്രൊജക്ട് നമ്പർ- 443/18 ൽ പർച്ചേസ് നടത്തിയതിന്റെ ഇൻവോയ്സ് നം.PRJEKM/PRO/1149, dt.27.0.18ആണ്. ഇതേ ഇൻവോയ്സ് തന്നെയാണ് പ്രൊജക്ട് നമ്പർ- 434/18 ലും പർച്ചേസ് നടത്തിയതിന്റെ ഇൻവോയ്സ് ആയി സമർപ്പിച്ചിരിക്കുന്നത്. വിശദീകരണം നൽകേണ്ടതാണ്.

6)ഭരണസമിതി തീരുമാനം നം.1/26.03.2018 പ്രകാരം ഹൈക്കോൺ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, തൃശ്ശൂരിന് സപ്ലൈ ഓർഡർ നൽകിയതിന് സാധൂകരണം നൽകി എന്ന് തീരുമാനിച്ചിട്ടുണ്ട്. സപ്ലൈ ഓർഡർ നൽകിയതിന് എന്ത് കൊണ്ടാണ് സാധൂകരണം നൽകിയത് എന്ന് വിശദീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ - 07/22.11.2018 പ്രകാരം ഈ അപാകതകൾക്ക് വിശദീകരണം ചോദിച്ചതിന് 29.11.2018 ന് മറുപടി നൽകിയിട്ടുണ്ട്. 7.3.18 ന് ടെണ്ടർ വിളിച്ചപ്പോൾ ആരും ടെണ്ടർ സമർപ്പിച്ചില്ലെന്നും, റീടെണ്ടർ വിളിച്ചപ്പോൾ ഹൈക്കോൺ ഇന്ത്യ എന്ന സ്ഥാപനം മാത്രമെ ടെണ്ടർ സമർപ്പിച്ചിട്ടുള്ളൂ, അതിനാലാണ് അവരെ തെരെഞ്ഞെടുത്തത്, 5 മീറ്റർ ഉൗണ് തന്നെയാണ് സ്ഥാപിച്ചിട്ടുള്ളത്, പ്രൊജക്ട് നം.434/18 ന്റെ ശരിയായ പർച്ചേസ് ഇൻവോയ്സ് ഹാജരാക്കിയിട്ടുണ്ട്, ചുള്ളിക്കാനയിൽ 2 എണ്ണം സ്ഥാപിച്ചിട്ടുണ്ട്, സപ്ലൈ ഓർഡർ നൽകിയത് അംഗീകരിക്കുന്നു എന്ന വാക്കിന് പകരം സാധൂകരണം എന്ന് തെറ്റായി എഴുതിയതാണ് എന്നാണ് മറുപടിയിൽ വിശദമാക്കിയിരിക്കുന്നത്.

സൗരോർജ്ജ തെരുവ് വിളക്കുകൾ തെരുവ് സ്ഥാപിച്ചത് ഓഡിറ്റിന്റെ ഭാഗമായി ഭൗതിക പരിശോധന നടത്തിയപ്പോൾ ഏൽക്കാനയിൽ സ്ഥാപിച്ച 1 തെരുവ് വിളക്ക്, ബന്ദുടുക്കയിൽ സ്ഥാപിച്ച 2 തെരുവ് വിളക്കുകൾ, നീർച്ചാലിൽ സ്ഥാപിച്ച 1 തെരുവ് വിളക്ക്, ചോട്ടത്തടുക്കയിൽ സ്ഥാപിച്ച 1 തെരുവ് വിളക്ക്, നീർച്ചാൽ കണ്ടിഗെയിൽ സ്ഥാപിച്ച 1 തെരുവ് വിളക്ക് അങ്ങനെ ആകെ വിതരണം ചെയ്ത 8 സൗരോർജ്ജ തെരുവ് വിളക്കുകളിൽ 6 എണ്ണം നിലവിൽ പ്രവർത്തിക്കുന്നില്ല. സ്ഥാപിച്ച് ഒരു വർഷം ആകുന്നതിന് മുമ്പ് തന്നെ ഇവ പ്രവർത്തനരഹിതമായതിനാൽ ഗുണനിലവാരമില്ലാത്ത സൗരോർജ്ജ തെരുവ് വിളക്കുകളാണ് വിതരണം ചെയ്തത് എന്ന് വ്യക്തമാണ്. 5 വർഷ വാറണ്ടിയുള്ള ഇവ റിപ്പയർ ചെയ്യാൻ യാതൊരു നടപടിയും നാളിതുവരെ സ്വീകരിച്ചിട്ടില്ല. കരാർ പ്രകാരം നിയമനടപടികൾ സ്വീകരിക്കാവുന്നതാണ്. അതിനാൽ സൗരോർജ്ജ തെരുവ് വിളക്കുകൾ പ്രവർത്തനക്ഷമമാക്കി ഓഡിറ്റിന് റിപ്പോർട്ട് ചെയ്യുന്നതുവരെ 4 പദ്ധതികൾക്കുമായി ആകെ ചെലവഴിച്ച 7,56,000/- രൂപ (1,89,000+2,83,500+1,89,000+94,500) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 പടിയടുപ്പ് പട്ടികജാതി കോളനിയിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി - അപാകതകൾ.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

പ്രൊജക്ട് നം.05/18

അടങ്കൽ - 44,400/- രൂപ

ബിൽ നം.01/17-18/20.10.2017 – 41,400/-രൂപ

ബദിയടുക്ക ഗ്രാമ പഞ്ചായത്തിലെ പടിയടുപ്പ് പട്ടികജാതി കോളനിയിൽ തെരുവ് വിളക്ക് ലൈൻ

വലിച്ചതിൽ LED തെരുവ് വിളക്ക് സ്ഥാപിക്കാനുള്ളതാണ് ഈ പദ്ധതി. KREWS കാസറഗോഡിൽ നിന്ന് നേരിട്ടാണ് LED തെരുവ് വിളക്കുകൾ വാങ്ങിയിരിക്കുന്നത്. 12 watts LED street light, automatic operation ആണ് വാങ്ങിയിട്ടുള്ളത്. 09.10.2017 ന് KREWS കാസറഗോഡുമായി കരാർ ഒപ്പിടുകയും ഇൻവോയ്സ് നം. KREWS/GST/12/2017-18, dt.10.10.2017 പ്രകാരം 18 എണ്ണം 12 watts LED തെരുവ് വിളക്ക് വിതരണം ചെയ്യുകയും ചെയ്തു. ബിൽ നം.01/17-18/20.10.2017 പ്രകാരം ഇൻസ്റ്റലേഷൻ ചാർജ്ജടക്കം ഒന്നിന് 2,300/-രൂപ പ്രകാരം ആകെ 41,400/-രൂപ KREWS കാസറഗോഡിന്റെ അക്കൗണ്ട് നം. 067256868977, SBI,Kasaragod ലേക്ക് ഓൺലൈൻ ആയി ട്രാൻസ്ഫർ ചെയ്തു.

ഈ പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

1)KREWS കാസറഗോഡിൽ നിന്ന് വാങ്ങുന്നതിന് പ്രൊക്യൂർമെന്റ് കമ്മിറ്റി, ഭരണസമിതി എന്നിവ അംഗീകാരം നൽകിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2)കേരള സംസ്ഥാന വൈദ്യുതി ബോർഡ് മേൽനോട്ടത്തിൽ 18 എണ്ണം 12 watts LED തെരുവ് വിളക്ക് KREWS കാസറഗോഡ് സ്ഥാപിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കിയിട്ടില്ല. കേരള സംസ്ഥാന വൈദ്യുതി ബോർഡ് മേൽനോട്ടം വഹിച്ചതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3)LED തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ - 09/22.11.2018 പ്രകാരം ഈ അപാകതകൾക്ക് വിശദീകരണം ചോദിച്ചതിന് 22.11.2018ന് മറുപടി നൽകിയിട്ടുണ്ട്. പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം പേജ് നം.3 ൽ ചേർത്തിട്ടുണ്ട്, കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ മേൽനോട്ടത്തിലാണ് സ്ഥാപിച്ചത്, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട് എന്നാണ് മറുപടി നൽകിയിരിക്കുന്നത്. ഇവ പരിശോധന നടത്തി, കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ മേൽനോട്ടത്തിലാണ് സ്ഥാപിച്ചത് എന്നതിന് ആധാരമായി രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല, അതിനാൽ ഈ പദ്ധതിക്കായി ആകെ ചെലവഴിച്ച തുക 41,400/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 റോഡ് ടാറിംഗ് / റീടാറിംഗ് പ്രവൃത്തികൾക്ക് ബിറ്റുമിൻ വാങ്ങി നൽകിയതിലെ അപാകതകൾ

2017-18 ൽ നടപ്പിലാക്കിയ ഏതാനും റോഡ് ടാറിംഗ് / റീടാറിംഗ് പ്രവൃത്തികൾക്ക് ആവശ്യമായ ബിറ്റുമിനും എമൽഷനും പഞ്ചായത്ത് വാങ്ങി നൽകിയിട്ടുണ്ട്. 2016-17 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ 42 പ്രോജക്ടുകൾക്ക് ആവശ്യമായ ബിറ്റുമിന്റെയും എമൽഷന്റെയും തുകയായി 34,03,913 രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിരുന്നു. എന്നാൽ 2016-17 ൽ ബിറ്റുമിനും എമൽഷനും വാങ്ങി നൽകുന്നതിന് ശ്രമിക്കാതെ ഈ തുക പഞ്ചായത്ത് സെക്രട്ടറി സ്വന്തം അക്കൗണ്ടിൽ സൂക്ഷിക്കുകയായിരുന്നു. ഇത് സംബന്ധിച്ച് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-3, 3-4 എന്നിവയിലെ നിരീക്ഷണങ്ങൾ ശ്രദ്ധിക്കുക. പിന്നീട് 2017-18 വർഷത്തിൽ 23.08.2017 ലെ സ.ഉ.(സാധാ)നം.2906/2017/ത.സ്വ.ഭ.വ. ഉത്തരവിൽ അനുമതി നൽകിയതനുസരിച്ച്

കാസറഗോഡുള്ള സിഡ്കോ യിൽ നിന്നാണ് പഞ്ചായത്ത് ബിറ്റുമിനും എമൽഷനും വാങ്ങി നൽകിയത്. ബിറ്റുമിനും എമൽഷനും വാങ്ങുന്നതിനായി അസ്സിറ്റന്റ് എഞ്ചിനീയർ കൈമാറിയ തുകയ്ക്കൊപ്പം തനതു ഫണ്ടിൽ നിന്നും 1,68,858 രൂപയും കൂട്ടി പഞ്ചായത്ത് സിഡ്കോയ്ക്ക് 35,72,771രൂപ നൽകുകയും സിഡ്കോ വിവിധ ഇൻവോയ്സുകളിലായി 26,12,660 രൂപയുടെ ബിറ്റുമിനും എമൽഷനും വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ബാക്കിതുക 9,60,111 രൂപ സിഡ്കോ പഞ്ചായത്തിന് തിരികെ നൽകുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം ബിറ്റുമിനും എമൽഷനും വാങ്ങി നൽകിയതിലും തുക തിരികെ ഈടാക്കിയതിലും കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ബിറ്റുമിനും എമൽഷനും വാങ്ങുന്നതിനായി 42 പ്രോജക്ടുളിൽ നിന്നും പിൻവലിച്ച തുകകൾ 31.03.2017, 04.05.2017 എന്നീ തിയതികളിലായി അസിസ്റ്റന്റ് എഞ്ചിനീയർ സെക്രട്ടറിക്ക് കൈമാറിയിരുന്നെങ്കിലും 2017 ഡിസമ്പർ മാസത്തിൽ മാത്രമാണ് പഞ്ചായത്ത് സിഡ്കോയിൽ നിന്ന് ബിറ്റുമിൻ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചത്. തുടർന്ന് ഡിസമ്പർ മാസാവസാനവും 2018 ജനുവരി മുതൽ മാർച്ച് വരെയുള്ള മാസങ്ങളിലുമായി മാത്രമാണ് സിഡ്കോയിൽ നിന്ന് കൺവീനർമാർ ബിറ്റുമിനും എമൽഷനും എടുത്തിട്ടുള്ളത്. ചുരുക്കിപ്പറഞ്ഞാൽ 2017 ൽ നടപ്പിലാക്കേണ്ടിയിരുന്ന പ്രവൃത്തികളുടെ നിർവഹണത്തിൽ ബിറ്റുമിന്റെയും എമൽഷന്റെയും ലഭ്യതക്കുറവ് മൂലം കാലതാമസം വരാതിരിക്കാനായി സർക്കാർ നിലവിൽ വരുത്തിയ സംവിധാനം യഥാസമയം നടപ്പിലാക്കാൻ പഞ്ചായത്തിന് സാധിക്കാത്തതു കൊണ്ട് മേൽ പ്രോജക്ടുകളുടെ നിർവഹണം അടുത്ത വർഷത്തേക്ക് മാറ്റി വയ്ക്കപ്പെട്ടു. യഥാസമയം ബിറ്റുമിനും എമൽഷനും ലഭ്യമാക്കുന്നതിൽ പഞ്ചായത്ത് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ ഇടപെടൽ നടന്നിട്ടില്ല.

2. 42 പ്രോജക്ടുകളിൽ നിന്ന് 2016-17 ൽ ബിറ്റുമിൻ, എമൽഷൻ എന്നിവയ്ക്കുള്ള തുക അഡ്വാൻസ് ആയി പിൻവലിച്ചാണ് ബിറ്റുമിനും എമൽഷനും വാങ്ങിയത്. ഗുണഭോക്തൃ സമിതികൾ രൂപീകരിച്ച്, സെക്രട്ടറിയുമായി നിശ്ചിത മാതൃകയിലുള്ള കരാറിലും ഏർപ്പെട്ടതിനു ശേഷമാണ് പ്രോജക്ടിന്റെ ഭാഗമായി ബിറ്റുമിന്റെയും എമൽഷന്റെയും തുക ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുള്ളത്. എന്നാൽ ഇത്തരത്തിൽ അഡ്വാൻസ് ചെലവ് നടത്തിയ 42 പ്രോജക്ടുകളിൽ 10 എണ്ണത്തിന്റെ പ്രവൃത്തികൾ പിന്നീട് നടത്തിയിട്ടില്ല. കരാറിൽ ഏർപ്പെട്ട് ബിറ്റുമിന്റെയും എമൽഷന്റെയും തുക അഡ്വാൻസ് ആയി പിൻവലിച്ച് സെക്രട്ടറിക്ക് കൈമാറിയതല്ലാതെ ഈ പ്രവൃത്തികൾ നാളിതു വരെ ആരംഭിച്ചിട്ടില്ല.

പ്രവൃത്തികളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, പ്രോജക്ട് നം. | കരാർ നം, തിയതി | ബിറ്റുമിന് പിൻവലിച്ച തുക(₹) | പ്രവൃത്തിയുടെ നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | പ്രോജക്ട് നം. 149/17- ദൊഡ്ഡഡുക്ക പെർഡണമൂല റോഡ് ടാറിംഗ്<br>കൺവീനർ- പി.രാമ<br>റോഡ് മെയിന്റനൻസ് ഫണ്ട് | 47/AE/LSGD /16-17 dated 18.03.2017 | 1,04,450 | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 2 | പ്രോജക്ട് നം. 162/17- ദർബത്തടുക്ക | 46/AE/LSGD | 1,01,707 | പ്രവൃത്തി |

| | | | | |
|---|---|---|---|---|
| | എസ്.സി. കോളനി റോഡ് റീ ടാറിംഗ്<br>കൺവീനർ- ഗോപാല<br>റോഡ് മെയിന്റനൻസ് ഫണ്ട് | /16-17 dated 18.03.2017 | | ആരംഭിച്ചിട്ടില്ല |
| 3 | പ്രോജക്ട് നം-211 \ഉക്കിനടുക്ക പാർത്തിക്കാർ റോഡ് ടാറിംഗ്<br>കൺവീനർ- ചന്ദ്രശേഖര<br>റോഡ് മെയിന്റനൻസ് ഫണ്ട് | 93/AE/LSGD /16-17 dated 24.03.2017 | 47,745 | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 4 | പ്രോജക്ട് നം-143 മൂക്കംപാറ ബഞ്ചത്തടുക്ക റോഡ് റീ ടാറിംഗ്<br>കൺവീനർ-ബേബി ശാലിനി<br>റോഡ് മെയിന്റനൻസ് ഫണ്ട് | 61/AE/LSGD /16-17 dated 18.03.2017 | 1,15,937 | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 5 | പ്രോജക്ട് നം-153/17 കടമനം ബൈക്കുഞ്ചെ റോഡ് റീ ടാറിംഗ്,കൺവീനർ- ജഗദീഷ<br>റോഡ് മെയിന്റനൻസ് ഫണ്ട് | 62/AE/LSGD /16-17 dated 18.03.2017 | 1,15,595 | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 6 | പ്രോജക്ട് നം-145/17 ചെന്നാർക്കട്ട വളമല റോഡ് റീ ടാറിംഗ്<br>കൺവീനർ- പദ്മനാഭ ഷെട്ടി<br>റോഡ് മെയിന്റനൻസ് ഫണ്ട് | 92/AE/LSGD /16-17 dated 24.03.2017 | 1,06,560 | പ്രവൃത്തി ആരംഭിച്ചിട്ടില്ല. |
| 7. | പ്രോജക്ട് നം-154/17 തൽപ്പണജെ പട്ടാജെ റോഡ് റീ ടാറിംഗ്,കൺവീനർ- കൃഷ്ണകുമാർ<br>റോഡ് മെയിന്റനൻസ് ഫണ്ട് | 71/AE/LSGD /16-17 dated 21.03.2017 | 1,21,478 | പ്രവൃത്തി ആരംഭിച്ചിട്ടില്ല. |
| 8 | പ്രോജക്ട് നം-135/17 തൽപ്പണജെ വി.എം നഗർ റോഡ് റീ ടാറിംഗ്<br>കൺവീനർ:ഗോപാലകൃഷ്ണ,സി.എച്ച്<br>റോഡ് മെയിന്റനൻസ് ഫണ്ട് | 70/AE/LSGD /16-17 dated 21.03.2017 | 1,39,141 | പ്രവൃത്തി ആരംഭിച്ചിട്ടില്ല. |
| 9 | പ്രോജക്ട് നം-144/17 ഉക്കിനടുക്ക | 79/AE/LSGD | 1,32,873 | പ്രവൃത്തി |

| | | | | |
|---|---|---|---|---|
| | കാങ്ങില റോഡ് റീ ടാറിംഗ്<br>കൺവീനർ- ദിനേഷ്.എൽ<br>റോഡ് മെയിന്റനൻസ് ഫണ്ട് | /16-17 dated 21.03.2017 | | ആരംഭിച്ചിട്ടില്ല. |
| 10 | പ്രോജക്ട് നം-263/17 ബൺപുത്തടുക്ക മുൻചിക്കാന റോഡ് റീ ടാറിംഗ്<br>കൺവീനർ- ജോസഫ് മോന്തേറോ<br>റോഡ് മെയിന്റനൻസ് ഫണ്ട് | 88/AE/LSGD /16-17 dated 24.03.2017 | 83,395 | പ്രവൃത്തി ആരംഭിച്ചിട്ടില്ല. |
| | | | 10,68,881 | |

നടപ്പിലാക്കാത്ത മേൽ 10 പ്രവൃത്തികൾക്കായി അഡ്വാൻസ് ആയി സിഡ്കോയ്ക്ക് നൽകിയ 10,68,881 രൂപയിൽ നിന്ന്, 42 പ്രവൃത്തികളുടെ പട്ടികയിൽ പെടാത്ത 3 പ്രവൃത്തികൾക്ക് ബിറ്റുമിൻ വാങ്ങി നൽകിയിട്ടുള്ളതായി കാണുന്നു. ഈ 3 പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശങ്ങൾ | വാങ്ങി നൽകിയ ബിറ്റുമിന്റെ അളവ് | ബില്ലിൽ നിന്ന് ഈടാക്കിയ തുക |
|---|---|---|---|
| 1 | പ്രോജക്ട് നം-391/18 ചാളക്കോട് എസ്.സി കോളനി റോഡ് റീ ടാറിംഗ്.<br>റോഡ് മെയിന്റനൻസ് ഫണ്ട് | SS1 എമൽഷൻ- 382.5 kg<br>RS1 എമൽഷൻ- 193.95 kg<br>VG30 ബിറ്റുമിൻ- 1697.05 kg | 93,342 |
| 2 | പ്രോജക്ട് നം-294/18 ബൊള്ളൂർ ടെമ്പിൾ റോഡ് ടാറിംഗ്.<br>തനതു ഫണ്ട് | SS1 എമൽഷൻ- 495.98 kg<br>RS1 എമൽഷൻ- 160.463 kg<br>VG30 ബിറ്റുമിൻ- 1231.19 kg | 86,416 |
| 3 | പ്രോജക്ട് നം-294/18 കൊടമന അണ്ണടുക്ക നെക്രാളക്കയ റോഡ് ടാറിംഗ്. കെ.എൽ.ജി.എസ്.ഡി.പിസെൻട്രൽ | SS1 എമൽഷൻ- 344.25 kg<br>RS1 എമൽഷൻ- 109.35 kg<br>VG30 ബിറ്റുമിൻ- 854.55 kg | 57,469 |
| | | ആകെ | 2,37,227 |

നടപ്പിലാക്കാത്ത 10 പദ്ധതികളിൽ നിന്ന് പിൻവലിച്ച് സിഡ്കോയ്ക്ക് നൽകിയ തുകയിൽ നിന്നാണ് മേൽ 3 പ്രവൃത്തികൾക്ക് ആവശ്യമായ ബിറ്റുമിനുള്ള തുക കണ്ടെത്തിയത്. ആയതിനാൽ സിഡ്കോ തിരികെ നൽകിയ 9,60,111 രൂപയിൽ നടപ്പിലാക്കാത്ത പദ്ധതികളിൽ ബിറ്റുമിനു വേണ്ടി പിൻവലിച്ച് സിഡ്കോയ്ക്ക് നൽകിയ 10,68,881 രൂപയിൽ നിന്ന് ലിസ്റ്റിൽ പെടാത്ത 3 പ്രവൃത്തികൾക്കായി നൽകിയ 2,37,227 രൂപയും കിഴിച്ചുള്ള 8,31,654 രൂപ ഉൾപ്പട്ടിട്ടുണ്ട്.

എന്നാൽ ഈ തുക കാനറാ ബാങ്കിൽ പഞ്ചായത്തിനുള്ള അക്കൗണ്ടിൽ (നം. 3856)

സൂക്ഷിച്ചിരിക്കുകയാണ്. സർക്കാർ ഫണ്ട് പിൻവലിച്ച് തനതു ഫണ്ട് അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ശരിയായ നടപടിയല്ല. ഈ പ്രോജക്ടുകൾ തുടർ പ്രവർത്തനമില്ലാതെ ഉപേക്ഷിച്ചതു കൊണ്ട് ഈ തുക അടിയന്തിരമായി കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

3. 42 പ്രോജക്ടുകളിൽ നിന്ന് അഡ്വാൻസ് ആയി പിൻവലിച്ച് ബിറ്റുമിൻ വാങ്ങുന്നതിനായി നൽകിയ തുകയിൽ നിന്ന് ഈ 42 പ്രോജക്ടുകളിൽ ഉൾപ്പെടാത്ത 3 പ്രവൃത്തികൾക്കു കൂടി ബിറ്റുമിനും എമൽഷനും വാങ്ങി നൽകിയതായി കാണുന്നു. ഈ പ്രവൃത്തികൾക്കായി അഡ്വാൻസ് ആയി തുകകൾ പിൻവലിച്ചിട്ടില്ല. 42 പ്രോജക്ടുകളിൽ നടപ്പിലാക്കാത്ത 10 പ്രവൃത്തികൾക്കു വേണ്ടി പിൻവലിച്ച തുകയിൽ നിന്നാണ് മേൽ 3 പ്രവൃത്തികൾക്ക് ബിറ്റുമിൻ വാങ്ങി നൽകിയിട്ടുള്ളത്. 3 പ്രവൃത്തികളുടെ കരാറിലും ബിറ്റുമിനും എമൽഷനും പഞ്ചായത്ത് വിതരണം ചെയ്യുമെന്ന് വ്യവസ്ഥ ചെയ്തിട്ടില്ല. ടാർ വാങ്ങിയെങ്കിലും തുടർ പ്രവർത്തനം നടത്താതെ ഉപേക്ഷിച്ച പ്രോജക്ടുകളുടെ തുകയിൽ നിന്ന് മറ്റു പ്രോജക്ടുകൾക്കായി ബിറ്റുമിൻ വിതരണം ചെയ്തത് ശരിയല്ല. ഇത് സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയിൽ ചർച്ചകൾ നടന്നിട്ടുള്ളതായി കാണുന്നില്ല. മേൽ പട്ടികയിൽ ക്രമ നം. 1,3 എന്നിവ യഥാക്രമം നോൺറോഡ് മെയിന്റനൻസ് ഫണ്ട്, കെ.എൽ.ജി.എസ്.ഡി.പി. എന്നീ ഫണ്ടുകളായതിനാൽ ഈ പ്രവൃത്തികളുടെ ബില്ലുകളിൽ നിന്ന് കുറവു ചെയ്ത തുകകൾ കൺസോളിഡേറ്റഡ് ഫണ്ടിൽ നില നിൽക്കുന്നുണ്ട്. എന്നാൽ ക്രമ നം 2. ലെ പ്രവൃത്തി പഞ്ചായത്തിന്റെ തനതു ഫണ്ട് ഉപയോഗിച്ചുള്ളതാണ്. ആയതിനാൽ ഈ പ്രവൃത്തിയുടെ ബില്ലിൽ നിന്ന് കുറവ് ചെയ്ത തുക ഉടൻ കൺ സോളിഡേറ്റഡ് ഫണ്ടിലേക്ക് അടക്കേണ്ടതാണ്.

4. പ്രോജക്ട് നം. 328/18- മജീർ പള്ളക്കട്ട നട്ടമനെ റോഡ് ടാറിംഗ് എന്ന പ്രവൃത്തിക്കായി 82,448 രൂപയാണ് ബിറ്റുമിനും എമൽഷനും ഉള്ള തുകയായി മെയിന്റനൻസ് ഫണ്ടിൽ നിന്നും പിൻവലിച്ചത്. എന്നാൽ 2017-18 ലെ ക്യൂ ബില്ലിൽ പെടുത്തി 2018-19 ൽ ഈ പ്രവത്തിയുടെ അന്തിമ ബിൽ നൽകിയപ്പോൾ കൺവീനറിൽ നിന്നും തിരികെ ഈടാക്കിയിട്ടുള്ളത് 70,169 രൂപ മാത്രമാണ്. 12,279 രൂപ കുറവാണ് തിരികെ ഈടാക്കിയിട്ടുള്ളത്. ഈ തുക പ്രവൃത്തിയുടെ അന്തിമ ബിൽ നൽകിയ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടക്കേണ്ടതാണ്.

5. പഞ്ചായത്ത് ബിറ്റുമിനും എമൽഷനും വാങ്ങി നൽകിയിട്ടുണ്ടെങ്കിലും ഇത് സംബന്ധിച്ച കൃത്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല. ബിറ്റുമിനസ് ഇനങ്ങൾക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ചുവടെ ചേർത്തിട്ടുള്ള ഇൻവോയ്സുകളുടെ ഒറിജിനൽ ലഭ്യമാക്കിയിട്ടില്ല.

| | | |
|---|---|---|
| RMDKSDGST279 | 06.01.2018 | ₹71,160 |
| RMDKSDGST409 | 23.01.2018 | ₹1,65,200 |
| RMDKSDGST415 | 23.01.2018 | ₹35,521 |
| RMDKSDGST1214 | 17.03.2018 | ₹22,944 |

| | | |
|---|---|---|
| RMDKSDGST1215 | 17.03.2018 | ₹1,31,928 |
| RMDKSDGST1324 | 22.03.2018 | ₹12,255 |
| RMDKSDGST1325 | 22.03.2018 | ₹32,122 |

ഓരോ ഇൻവോയ്സുകൾ പ്രകാരവും വാങ്ങിയ ബിറ്റുമിനസ് ഇനങ്ങൾ ഏതൊക്കെ പ്രവൃത്തികൾക്ക് എത്ര അളവ് വീതം നൽകി എന്നതു കാണിക്കുന്ന ആധികാരിക രേഖകൾ ഇല്ല.

6. 23.08.2017 ലെ സ.ഉ.(സാധാ)നം.2906/2017/ത.സ്വ.ഭ.വ. ഉത്തരവിൽ അനുമതി നൽകിയതനുസരിച്ചാണ് സിഡ്കോയിൽ നിന്ന് ബിറ്റുമിനും എമൽഷനും വാങ്ങി നൽകിയത്. ഈ ഉത്തരവിൽ, സിഡ്കോ നൽകുന്ന ഇൻവോയ്സുകളിൽ പൊതു മേഖലാ എണ്ണക്കമ്പനികളിൽ നിന്നും സിഡ്കോ ബിറ്റുമിനും എമൽഷനും വാങ്ങിയതിന്റെ ഇൻവോയ്സിന്റെ റഫറൻസ് നമ്പർ ചേർക്കണമെന്നും പൊതു മേഖലാ എണ്ണക്കമ്പനികൾ വിൽക്കുന്ന വിലയിൽ തന്നെ സിഡ്കോയും ബിറ്റുമിനസ് ഇനങ്ങൾ സപ്ലൈ ചെയ്യണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സിഡ്കോ നൽകിയിട്ടുള്ള ഇൻവോയ്സുകളിൽ എണ്ണക്കമ്പനികളുടെ ഇൻവോയ്സ് റഫർ ചെയ്തിട്ടില്ല. കൂടാതെ സിഡ്കോയിൽ നിന്നും ബിറ്റുമിനസ് ഇനങ്ങൾ വാങ്ങുന്ന സമയത്ത് പൊതു മേഖലാ എണ്ണക്കമ്പനികളുടെ വിൽപ്പന വില എത്രയെന്ന രേഖകൾ പഞ്ചായത്തിൽ ലഭ്യമല്ല. സിഡ്കോ വാങ്ങിയിരിക്കുന്ന വില പൊതു മേഖലാ എണ്ണക്കമ്പനികളുടെ വിൽപ്പന വിലയെക്കാൾ കൂടുതലല്ല എന്ന് പഞ്ചായത്ത് പരിശോധിച്ച് ഉറപ്പു വരുത്തിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് 28.11.2018 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 15 ന് മറുപടികൾ നൽകിയിട്ടില്ല. ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള എല്ലാ അപാകതകൾക്കും വിശദമായ നറുപടികൾ നൽകേണ്ടതാണ്. പഞ്ചായത്തിനുണ്ടായിട്ടുള്ള നഷ്ടം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി നികത്തേണ്ടതാണ്. ഖണ്ഡികയിൽ, ഹാജരാക്കാത്തതായി പരാമർശിച്ചിട്ടുള്ള രേഖകൾ (ബിറ്റുമിന്റെ ഒറിജിനൽ ഇൻവോയ്സുകൾ സഹിതം) പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. സിഡ്കോ പഞ്ചായത്തിന് വിതരണം ചെയ്ത ബിറ്റുമിന്റെ വിലയും ആ സമയത്ത് പൊതുമേഖലാ എണ്ണക്കമ്പനികളിൽ നിലവിലുണ്ടായിരുന്ന ബിറ്റുമിന്റെ വിലയും താരതമ്യം ചെയ്ത് തെളിവുകൾ സഹിതമുള്ള റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 3-10 ആദായ നികുതിയും നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതവും അടക്കാത്തതു സംബന്ധിച്ച്

2017-18 വർഷം അന്തിമ പേമെന്റുകൾ നടത്തിയ ചില പ്രവൃത്തികളിൽ ആദായ നികുതിയിനത്തിൽ കേന്ദ്ര സർക്കാരിലേക്കും മൂല്യ വർദ്ധിത നികുതിയിനത്തിൽ സംസ്ഥാന സർക്കാരിനും നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതമിനത്തിൽ നിർമാണ തൊഴിലാളി ക്ഷേമനിധി ബോർഡിലേക്കും അടക്കേണ്ട തുകകൾ സ്രോതസ്സിൽ നിന്ന് കുറവു ചെയ്ത് അടച്ചതായി കാണുന്നില്ല.

| ക്രമ നം. | പ്രോജക്റ്റുകളുടെ വിശദാംശം | ആകെ പ്രോജക്ട് ചെലവ് | അടക്കേണ്ടിയിരുന്ന തുകകൾ | റിമാർക്സ് |
|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 252/18-ബേള വി.എംനഗർ കുടിവെള്ള പദ്ധതിക്ക് മോട്ടോർ സ്ഥാപിക്കലും പൈപ്പ് ലൈൻ നീട്ടലും<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 1,50,000, നേരിട്ടു ചെലവ് ചെയ്യുന്ന ഗുണഭോക്തൃ വിഹിതം- 15,000 | ₹1,50,000<br>ബിൽ നം. 27/17-18, തിയതി 21.02.2018 | ആദായ നികുതി | ₹3,214 | ആകെ പിൻവലിച്ച 1,50,000 രൂപ കൺവീനർക്ക് നൽകിയിട്ടുണ്ട്. ആദായ നികുതിയും നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതവും അടച്ചിട്ടില്ല. |
| | | | നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം | ₹1,607 | |
| | | | ആകെ | ₹4,821 | |
| 2 | 277/18- പെർഡാല എം.ജി.എൽ.സി. കെട്ടിട അറ്റകുറ്റപ്പണി<br>തനതു ഫണ്ട്- 91,337 | ₹91,337<br>ചെക്ക് 1970184 നം. തിയതി 31.03.2018 | ആദായ നികുതി | ₹1,827 | ആദായ നികുതിയും നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതവും അടച്ചിട്ടില്ല. |
| | | | നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം | ₹913 | |
| | | | ആകെ | ₹2,740 | |
| 3 | 294/18- ബൊള്ളൂർ ടെമ്പിൾ റോഡ് ടാറിംഗ്<br>കേന്ദ്രാവിഷ്കൃത ഫണ്ട്- 4,00,000 | ₹3,03,120<br>ചെക്ക് 1970184 നം. തിയതി 31.03.2018 + 86,416 രൂപയുടെ ബിറ്റുമിൻ | ആദായ നികുതി | ₹7,791 | ആദായ നികുതിയും നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതവും അടച്ചിട്ടില്ല. |
| | | | നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം | ₹3,895 | |
| | | | ആകെ | ₹11,686 | |
| 4 | 295/18- ഏണിയാർപ്പ് പുതുക്കോളി റോഡ് ടാറിംഗ്<br>കേന്ദ്രാവിഷ്കൃത ഫണ്ട്- 3,00,000 | ₹2,90,953<br>ചെക്ക് 1970184 നം. തിയതി 31.03.2018 | ആദായ നികുതി | ₹5,819 | ആദായ നികുതിയും നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതവും അടച്ചിട്ടില്ല. |
| | | | നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം | ₹2,910 | |
| | | | ആകെ | ₹8,729 | |
| 5 | 308/18- കന്ന്യാപ്പാടി ഗല്ലി കുടിവെള്ള | ₹1,47,926<br>ചെക്ക് | ആദായ നികുതി | ₹3,259 | ആദായ നികുതിയും നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതവും |

| | | | | | |
|---|---|---|---|---|---|
| | പദ്ധതി<br>കേന്ദ്രാവിഷ്കൃത ഫണ്ട്- 1,50,000 | 1970184 നം. തിയതി 31.03.2018 | നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം | ₹1,629 | അടച്ചിട്ടില്ല. |
| | | | ആകെ | ₹4,888 | |
| 6 | 311/18- ഗോളിയാടി കുടിവെള്ള പദ്ധതി<br>ടി.എസ്.പി- 1,50,000, നേരിട്ട് ചെലവ് ചെയ്യുന്ന ഗുണഭോക്തൃ വിഹിതം- 15,000 | ₹1,50,000<br>ബിൽ നം. 53 തിയതി 01.03.2018 | ആദായ നികുതി | ₹3,295 | ആദായ നികുതിയും നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതവും നേരിട്ട് ചെലവ് ചെയ്യുന്ന ഗുണഭോക്തൃ വിഹിതത്തിൽ നിന്നും ചെലവ് ചെയ്യുവെന്നും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തുകകൾ അടച്ചതിന്റെ രേഖകൾ ഇല്ല. |
| | | | നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം | ₹1,649 | |
| | | | ആകെ | ₹4,944 | |
| 7 | 314/18- വിദ്യാഗിരി ലക്ഷംവീട് കോളനി റോഡ് കോൺക്രീറ്റ്<br>കേന്ദ്രാവിഷ്കൃത ഫണ്ട്- 4,95,000 | ₹4,81,939<br>ചെക്ക് 455611 നം തിയതി 16.11.2017 | ആദായ നികുതി | ₹9,639 | ആദായ നികുതിയും നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതവും അടച്ചിട്ടില്ല. |
| | | | നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം | ₹4,819 | |
| | | | ആകെ | ₹14,458 | |
| 8 | 399/18- മൂക്കംപാറ കുളക്കടൽ റോഡ് കോൺക്രീറ്റ്<br>തനതു ഫണ്ട്- 3,00,000 | ₹2,94,669<br>ചെക്ക് 1970184 നം. തിയതി 31.03.2018 | ആദായ നികുതി | ₹2,947 | ആദായ നികുതിയും നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതവും അടച്ചിട്ടില്ല. |
| | | | നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം | ₹2,947 | |
| | | | ആകെ | ₹5,894 | |
| 9 | 439/18- മജീർ പള്ളക്കട്ട അജ്ജിരക്കോടി റോഡ് കോൺക്രീറ്റ്<br>തനതു ഫണ്ട്- ₹2,95,500 | ₹2,95,448<br>ചെക്ക് 1970184 നം. തിയതി 31.03.2018 | ആദായ നികുതി | ₹2,954 | ആദായ നികുതിയും നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതവും അടച്ചിട്ടില്ല. |
| | | | നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം | ₹2,954 | |

| | | | | | |
|---|---|---|---|---|---|
| | | | ആകെ | ₹5,908 | |
| 10 | 470/18- കൃഷി ഭവൻ ക്വാർട്ടേഴ്സ് അറ്റകുറ്റപ്പണി<br>തനതു ഫണ്ട്- ₹3,00,000 | ₹2,28,770<br>ചെക്ക് നം. തിയതി | ആദായ നികുതി | ₹2,288 | ആദായ നികുതിയും നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതവും അടച്ചിട്ടില്ല. |
| | | | നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം | ₹2,288 | |
| | | | ആകെ | ₹4,576 | |
| 11 | 366/18- പിലാങ്കട്ട സെയ്ദ് ഉസ്താദ് റോഡ് ഇംപ്രൂവ്മെന്റും സോളിംഗും<br>തനതു ഫണ്ട്- ₹4,00,000 | ₹387487<br>ചെക്ക് നം. 1970163 തിയതി 16.08.2017 | ആദായ നികുതി | ₹7,750 | 1. ആദായ നികുതിയും നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതവും മൂല്യ വർദ്ധിത നികുതിയും അടച്ചിട്ടില്ല.<br>2. ഈ പ്രോജക്ടിന്റെ ചെലവ് പഞ്ചായത്തിന്റെ 2017-18 വർഷത്തെ ചെലവ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടില്ല. |
| | | | നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം | ₹3,875 | |
| | | | മൂല്യ വർദ്ധിത നികുതി | ₹19,374 | |
| | | | ആകെ | ₹30,999 | |

ക്രമ നം. 1, 6 എന്നിവയിലെ പ്രവൃത്തികൾ ഒഴികെ ബാക്കി എല്ലാ പ്രവൃത്തികളിലും ആകെ പ്രോജക്ട് കോസ്റ്റ് തുക സെക്രട്ടറി ചെക്ക് ആയി അസിസ്റ്റന്റ് എഞ്ചിനീയർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ ഈ തുകകൾ അതാത് സ്ഥാപനങ്ങളിൽ നാളിതു വരെ ഒടുക്കിയതായി കാണുന്നില്ല. ക്രമ നം. 1, 6 എന്നിവയിലെ പ്രവൃത്തികളിൽ ഗുണഭോക്താക്കൾ നേരിട്ട് ചെലവു ചെയ്യുന്നതായി കാണിച്ചിട്ടുള്ള തുകകളിൽ നിന്ന് നികുതികൾ ഒടുക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും നികുതികൾ ഒടുക്കിയതിന്റെ രേഖകൾ ലഭ്യമല്ല. ഈ സാഹചര്യത്തിൽ ഓഡിറ്റ് എൻക്വയറി നം. 14, തിയതി 28.11.2018 മുഖേന വിശദീകരണങ്ങൾ ആവശ്യപ്പെട്ടുവെങ്കിലും മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ നികുതികൾ അടക്കാനായി പിൻവലിച്ചിട്ടുള്ള തുകകൾ എന്തു ചെയ്തു എന്ന് വ്യക്തമാക്കേണ്ടതും തുകകൾ അടച്ചിട്ടില്ലെങ്കിൽ എത്രയും പെട്ടെന്ന് അടച്ച് റിപ്പോർട്ട് നൽകേണ്ടതുമാണ്.

## 3-11 ബദിയടുക്ക മസ്ജിദ് റോഡ് ഇന്റർലോക്ക് ചെയ്യുന്ന പ്രവൃത്തി-അപാകതകൾ

പ്രോജക്ട് നം 340/17-18-ബദിയടുക്ക മസ്ജിദ് റോഡ് ഇന്റർലോക്ക്

ഫണ്ട്-₹ 4,85,000 (വികസന ഫണ്ട്- ലോകബാങ്ക്)

ചെലവ്- 4,29,051 രൂപ (ബിൽ നം. 71,തിയതി 20.03.2018)

എസ്റ്റിമേറ്റ്- DsoR 2016, 40.2% കോസ്റ്റ് ഇൻഡക്സ്), MoRD

എം.ബുക്ക് നം. 24/17-18

കൺവീനർ- ശ്രീ.അബ്ദുള്ള

ഈ പ്രവൃത്തിയുടെ നിർവഹണത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഈ പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റിലെ ഇനം 2 ന്റെ വിവരം ചുവടെ ചേർക്കുന്നു.

കോഡ്- 6.7.1

interlocking comcrete block pavement-

Providing and laying of interlocking concrete block pavement having thickness 80mm as per technical specification clause 1504-

373.96 sqm x 736.91/sqm = ₹2,75,574.

എം.ബുക്കിലെ പേജ് 2 പ്രകാരം കൺവീനർ 373.96 sqm പ്രവൃത്തി ചെയ്യുകയും 2,75,574 രൂപയുടെ മൂല്യം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ഈയിനത്തിന്റെ സ്പെസിഫിക്കേഷനും ഡാറ്റയും പരിശോധിക്കുമ്പോൾ, അനുവദിച്ചിരിക്കുന്ന നിരക്കിൽ 3 സെ. മീറ്റർ കനത്തിൽ പൂഴി ഉപയോഗിച്ച് ഇന്റർലോക്ക് പാകുവാനുള്ള ബെഡ് ഉണ്ടാക്കുന്ന ചെലവും ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നു.

എന്നാൽ പുതുക്കിയ എസ്റ്റിമേറ്റിലെ അധിക ഇനം നം. E2 പ്രകാരം supplying, spreading and compacting 6mm metal below interlock എന്നയിനം ഉൾപ്പെടുത്തിയിട്ടുള്ളതായും കാണുന്നു. എം.ബുക്കിൽ രേഖപ്പെടുത്തിയതനുസരിച്ച് ഇന്റർലോക്കിനു കീഴിൽ 3 സെ.മീ. കനത്തിൽ 6 mm മെറ്റൽ പാകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ 11.2 cum മെറ്റൽ പാകിയതിന് 1,650 രൂപ നിരക്കിൽ 18,480 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അധിക ഇനം E1 പ്രകാരം സബ് ഗ്രേഡ് തയ്യാറാക്കിയതിനു മുകളിൽ ആണ് ഇനം 2 പ്രകാരം 3 സെ.മീ. കനത്തിൽ പൂഴി വിരിച്ച് അതിനു മുകളിൽ ഇന്റർലോക്ക് സ്ഥാപിച്ചത്. എന്നാൽ 3 സെ.മീ കനത്തിൽ പൂഴി ഇട്ട് ബെഡ് തയ്യാറാക്കി അതിനു മുകളിൽ 3 സെ.മീ കനത്തിൽ 6mm മെറ്റൽ നിരത്തി അതിനു മുകളിലാണ് ഇന്റർലോക്ക് പാകിയതായി കാണിച്ചിട്ടുള്ളത്. ഇത്തരത്തിൽ തന്നെയാണോ പ്രവൃത്തി ചെയ്തിട്ടുള്ളത് എന്ന് എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ഉത്തരവാദിത്തത്തിൽ പുന:പരിശോധിക്കേണ്ടതും അതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്.

2. എസ്റ്റിമേറ്റിലെ അധിക ഇനം നം. E1 ന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കോഡ് 3.15.2

Compacting original ground

(1) construction of subgrade and earthern shoulders -

loosening,levelling and compacting original groung supporting enbankment to facilitate placement of first layer of enbankment, scarified to a depth of 150mm,mixed with water at OMC and then compacted by rolling so as to acchieve minimum dry density as given in tables 300.1 and 300.2

for enbankment construction as technical specification clause 301.4.1-

90.565 cum @ 431/cum =₹ 39033.52.

എം.ബുക്കിലെ പേജ് 7 പ്രകാരം ഈയിനത്തിൽ കൺവീനർ 90.54 cumപ്രവൃത്തി ചെയ്യുകയും 39,022.74 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ MoRD ഡാറ്റയിൽ കോഡ് 3.15.2 എന്നത് technical specification clause 303.5.2 പ്രകാരം സബ് ഗ്രേഡ് നിർമാണത്തിനുള്ള ഡാറ്റയാണ്. എന്നാൽ എസ്റ്റിമേറ്റിൽ കോഡ് 3.15.2 രേഖപ്പെടുത്തിയെങ്കിലും technical specification clause 301.4.1 പ്രകാരം enbankment construction നുള്ള പ്രവൃത്തിയാണ് സ്പെസിഫിക്കേഷനായി രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ നിരക്ക് കണക്കാക്കിയിരിക്കുന്നത് ആ വിധേനയെന്ന് വ്യക്തവുമല്ല.

ഇന്റർലോക്ക് പാകുവാനുള്ള സബ് ഗ്രേഡിനുള്ള പ്രതലം ഇനം 1 പ്രകാരം കോംപാക്ട് ചെയ്തിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ഇനം E1 കൊണ്ട് ഉദ്ദേശിച്ചത് കോഡ് 3.14 പ്രകാരമുള്ള സബ് ഗ്രേഡ്/ഷോൾഡർ തയ്യാറാക്കൽ ആണെന്ന് കാണുന്നു (Construction of subgrade and earthern shoulders with approved materials obtained from borrow pits). എം.ബുക്കിലെ പേജ് 2 ൽ Construction of subgrade and earthern shoulders with approved materials obtained from borrow pits എന്നാണ് അസിസ്റ്റന്റ് എഞ്ചിനീയർ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഈ ഇനത്തിന് അനുവദനീയമായ നിരക്ക് ചുവടെ കണക്കാക്കുന്നു.

3.14

Construction of Subgrade and Earthen Shoulders

Construction of subgrade and earthen shoulders with approved material obtained from borrow pits with all lifts and leads, transporting to site, spreading, grading to required slope and compacted to meet requirement of Table 300.2 with lead upto 1000 m as per Technical Specification Clause 303.1.

| Mord SOR Code | Ref. to MoRD Spec. | Description | Unit | Quantity | Rate Rs | Cost Rs | Remarks/ Input ref. |
|---|---|---|---|---|---|---|---|
| | 303.1 | Unit = cum<br>Taking output = 100 cum<br>a) Labour | | | | | |
| L-12 | | Mate | Day | 0.04 | 407.00 | 16.28 | |
| L-29 | | Mazdoor (Unskilled) | Day | 1.0 | 368.00 | 368.00 | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | b) Machinery | | | | | |
| P&M-152 | | Hydraulic Excavator 0.9cum<br>bucket capacity @ 100 cum per hour | hour | 1.0 | 800.00 | 800.00 | |
| P&M-171 | | Tipper 5.5 cum capacity<br>4 trips per hour | hour | 4.5 | 225.00 | 1,012.50 | |
| 1.1.2 | | Rate as per item Number of SH: Loading,Unloading, Carriage crushing of materials and setting out | cum | 100.0 | 31.65 | 3,165.00 | |
| 1.1.4 | | Rate as per item Number of SH: Loading,Unloading, Carriage crushing of materials and setting out | cum | 100.0 | 18.15 | 1,815.00 | |
| P&M-176 | | Dozer D-50<br>for spreading @ 200 cum per hour | hour | 0.5 | 2,222.00 | 1,111.00 | MR477 |
| P&M-155 | | Motor Grader<br>for grading @ 200 cum per hour | hour | 0.5 | 2,100.00 | 1,050.00 | |

| | | | | | | | |
|---|---|---|---|---|---|---|---|
| P&M-165 | | Water tanker 6KL capacity | hour | 2.0 | 200.00 | 400.00 | |
| P&M-160 | | Three wheel 80 -100 KN Static Roller<br>@ 70 cum per hour<br>c) Material | hour | 1.43 | 200.00 | 286.00 | |
| M-189 | | Water | Kilo litre | 12.0 | 13.00 | 156.00 | MR177 |
| M-092 | | Compensation for earth taken from private land | cum | 100.0 | 159.71 | 15,971.00 | |
| TOTAL | | | | | | | 26,150.78 |
| Cost of 100.0 cum | | | | | | | 26,150.78 |
| Cost of 1 cum | | | | | | | 261.51 |
| Add overhead charges 7.5% | | | | | | | 19.61 |
| Add cost index 40.2% on 267.50 | | | | | | | 107.53 |
| Rate /cum | | | | | | | ₹388.65 |

അനുവദനീയമായ നിരക്ക് -₹388.65/cum

അനുവദനീയമായ മൂല്യം - 90.565 cum x 388.65/cum =₹ 35,198.08

അനുവദിച്ച മൂല്യം - 90.54 cum x 431/cum = ₹39,022.74

അധികം = 3,825 രൂപ

3. എസ്റ്റിമേറ്റിലെ അധിക ഇനം നം E3 യുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

loading and unloading of cc blocks- 30cum @ 336.82/cum= 10104.60.

ഈയിനത്തിന്റെ ഡാറ്റ പരിശോധിച്ചതിൽ ഈയിനത്തിൽ 10% ഓവ്വഹെഡ് ചാർജ് അനുവദിച്ചതായും മാർക്കറ്റ് നിരക്കിനും കോസ്റ്റ് ഇന്റക്സ് അനുവദിച്ചതായും കാണുന്നു. ജി.ഒ.(പി)നം.30/2016/ഫിൻ, തിയതി 29.02.2016 പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെഎസ്റ്റിമേറ്റുകളിൽ 7.5% ഓവർഹെഡ് ചാർജസ് മാത്രമേ ഉൾപ്പെടുത്താവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ, മാർക്കറ്റ് നിരക്കുകൾക്ക് കോസ്റ്റ് ഇന്റക്സ് അനുവദിക്കാൻ പാടില്ല എന്നും ഈ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ഈയിനത്തിന് അനുവദിക്കാവുന്ന നിരക്ക് ചുവടെ കണക്കാക്കുന്നു.

1.8.2
Loading and Unloading of C.C. Blocks, Kerb, etc.
(ii) Unloading with care C.C. Blocks, km Stone, 200 m Stone, Boundary Pillar, Kerb, Channel, Bond Stone, etc. by manual means including a lead upto 30 m

| Mord SOR Code | Ref. to MoRD Spec. | Description | Unit | Quantity | Rate Rs | Cost Rs | Remarks/ Input ref. | അനുവദനീയമായ നിരക്ക് |
|---|---|---|---|---|---|---|---|---|
| | 0 | Unit = cum Taking output = 5.5 cum a) Labour | | | | | | |
| L-12 | | Mate | Day | 0.08 | 407.00 | 32.56 | | 32.56 |
| L-29 | | Mazdoor (Unskilled) b) Machinery | Day | 2.0 | 368.0 | 736.00 | | 736.00 |
| P&M-177 | | Truck | hour | 1.5 | 312.00 | 468.00 | MR478 | 468.00 |
| TOTAL | | | | | | 1,236.56 | | 1,236.56 |
| Cost of 5.5 cum | | | | | | 1,236.56 | | 1,236.56 |
| Cost of 1 cum | | | | | | 224.83 | | 224.83 |
| Add cost index 36.19% (അധിക ഇനത്തിന് അനുവദിച്ചിട്ടുള്ള കോസ്റ്റ് ഇന്റക്സ്) | | | | | | 81.37 | OH 7.5% | 16.86 |

| | | | |
|---|---|---|---|
| Total | 306.20 | Total | 241.69 |
| Add overhead charges 10% on 306.20 | 30.62 | Add cost index 36.19% on 150.21 | 54.36 |
| Total | 336.82 | Total | 296.05 |
| Say Rs. 336.82/cum | | Say Rs. 296.05/cum | |

ഈയിനത്തിൽ അനുവദിച്ച മൂല്യം- 29.91 cum x 336.82/cum = ₹10,074.28

അനുവദനീയമായ മൂല്യം- 29.91 cum x 296.05/cum =₹ 8,854.85

അധികം = 1,219 രൂപ.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് 28.11.2018 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17) മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ പഞ്ചായത്തിനുണ്ടായ നഷ്ടം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി നികത്തേണ്ടതാണ്. കൂടാതെ ക്രമ നം. 1 ൽ നിർദേശിച്ചിരിക്കുന്ന പരിശോധന നടത്തി റിപ്പോർട്ട് പ്രഥമ മറുപടിക്കൊപ്പം ലഭ്യമാക്കേണ്ടതാണ്.

## 3-12. ഇ-ടെണ്ടർ- ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ല

2017-18 വർഷം നടപ്പിലാക്കിയ പ്രവൃത്തികളിൽ 8 എണ്ണം ഇ-ടെണ്ടർ മുഖേനയാണ് നടത്തിയത്. എന്നാൽ ഇ-ടെണ്ടർ വെബ്സൈറ്റിൽ (etenders.kerala.gov.in) ഈ ടെണ്ടറുകളുടെ നടപടിക്രമങ്ങൾ പൂർത്തീകരിച്ചതായി കാണുന്നില്ല. ഇ-ടെണ്ടറുകൾ, വെബ്സൈറ്റിൽ ബിഡ് ഓപ്പണിങ്ങ്, ടെക്നിക്കൽ ഇവാല്യേവഷൻ, ഫിനാൻഷ്യൽ ഇവാല്യേഷൻ, അവാർഡ് ഓഫ് കോൺട്രാക്ട് എന്നീ നടപടിക്രമങ്ങൾക്ക് വിധേയമാകേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് നടത്തിയ ഇ-ടെണ്ടറുകൾ മിക്കതും ബിഡ് ഓപ്പണിങ്ങ് ഘട്ടം മാത്രമേ പിന്നിട്ടിട്ടുള്ളൂ. ടെണ്ടറുകൾ സംബന്ധിച്ച വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ടെണ്ടർ ഐ.ഡി. | പ്രോജക്ട് | ടെണ്ടറിന്റെ ഘട്ടം |
|---|---|---|---|
| 1 | 2017-LSGD-144069-1 | 33/18-ബൊള്ളൂർ ടെമ്പിൾ റോഡ് കോൺക്രീറ്റ് | ബിഡ് ഓപ്പണിങ്ങ് |
| 2 | 2017-LSGD-144464-1 | 37/18- ചർളട്ക്ക മൂക്കത്തി റോഡ് കോൺക്രീറ്റ് | ബിഡ് ഓപ്പണിങ്ങ് |
| 3 | 2017-LSGD-144481-1 | 112/18- ദേവരമൊട്ട കാക്കഞ്ചി റോഡ് കോൺക്രീറ്റ് | ബിഡ് ഓപ്പണിങ്ങ് |

| | | | |
|---|---|---|---|
| 4 | 2017-LSGD-144501-1 | 109/18- വി.എം.നഗർ മാന്യ കടവ് റോഡ് കോൺക്രീറ്റ് | ബിഡ് ഓപ്പണിങ്ങ് |
| 5 | 2017-LSGD-144080-1 | 54/18- പെരുമുഖ മാർത്തോമാ റോഡ് കോൺക്രീറ്റ് | ബിഡ് ഓപ്പണിങ്ങ് |
| 6 | 2017-LSGD-144522-1 | 83/18- വിദ്യാഗിരി മാടത്തടുക്ക റോഡ് കോൺക്രീറ്റ് | ബിഡ് ഓപ്പണിങ്ങ് |
| 7 | 2017-LSGD-144069-1 | 22/18- ഗോളിയടുക്ക എസ്.സി കോളനി റോഡ് കോൺക്രീറ്റ് | ബിഡ് ഓപ്പണിങ്ങ് |
| 8 | 2017-LSGD-144074-1 | 49/18- മാടത്തടുക്ക ആനബയൽ റോഡ് കോൺക്രീറ്റ് | ബിഡ് ഓപ്പണിങ്ങ് |

മുകളിൽ പരാമർശിച്ചിട്ടുള്ള ഇ-ടെണ്ടറുകളിൽ ഫിനാൻഷ്യൽ ഇവാല്വേഷൻ, ടെക്നിക്കൽ ഇവാല്വേഷൻ, അവാർഡ് ഓഫ് കോൺട്രാക്ട് എന്നീ നടപടിക്രമങ്ങൾ പാലിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16, 28.11.2018) മറുപടി നൽകിയിട്ടില്ല. ഈ വിഷയം പഞ്ചായത്ത് കമ്മിറ്റി നിർവഹണ ഉദ്യോഗസ്ഥന്മാരുടെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്യേണ്ടതും വിശദീകരണങ്ങൾ പരിശോധിക്കേണ്ടതുമാണ്. ഈ അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാനുള്ള സംവിധാനങ്ങൾ നടപ്പിൽ വരുത്തേണ്ടതാണ്. അപാകതകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ റിപ്പോർട്ടിനുള്ള ആദ്യ മറുപടിക്കൊപ്പം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-13 ഗുണഭോക്തൃ സമിതി നടപ്പിലാക്കിയ പ്രവൃത്തിക്ക് അധികം ഓവർഹെഡ് ചാർജസ് അനുവദിച്ചു.

പ്രവൃത്തിയുടെ പേര്- ബദിയടുക്ക ചെന്നാർക്കട്ട റോഡ് കോൺക്രീറ്റ് (പ്രോജക്ട് നം. 250/18)

കൺവീനർ- - ശ്രീ.മുഹമ്മദ് ഇഖ്ബാൽ

കരാർ നം. 64/AE/LSGD/16-17 തിയതി: 18.03.2017

എസ്റ്റിമേറ്റ്- 2,26,000 രൂപ

സാങ്കേതികാനുമതി- LSGD/TS/2016-17/57712 dt. 18.01.2017

പേമെന്റ്- ബിൽ നം. 100/17-18, തിയതി 23.03.2018, തുക- ₹2,43,565

എം. ബുക്ക് നം. 23/17-18

ഈ പ്രവൃത്തി നടപ്പിലാക്കിയത് ഗുണഭോക്തൃ സമിതിയാണ്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് 2014 ലെ ഡെൽഹി നിരക്കുകളും MORD ഡാറ്റയും അവലംബിച്ചാണ്. എസ്റ്റിമേറ്റിൽ 10% ഓവർഹെഡ് ചാർജസ് അനുവദിച്ചിട്ടുള്ളതായി പരിശോധനയിൽ കാണുന്നു. ഉദാഹരണത്തിന് ഒരു ഇനത്തിന്റെ ഡാറ്റ ചുവടെ ചേർക്കുന്നു.

| | |
|---|---|
| od97831/2016_2017 | Providing concrete for plain/reinforced concrete in open |

| | |
|---|---|
| : | foundations complete as per drawings and technical specifications Clause 802, 803, 1202 & 1203<br>III. P.C.C. grade M 20<br>(i) Nominal mix (1:2:4) for road work .<br><br>25.080 cum x 6776.97/cum = 1,69,966.41 |

| Code | Description | Unit | Quantity | Rate | Amount | Remarks/ Input ref |
|---|---|---|---|---|---|---|
| | Unit = cum<br>a) Material | | | | | |
| M-081 | Cement | tonne | 0.32000 | 6,394.65 | 2,046.29 | |
| M-348 | Sand | cum | 0.45000 | 1,306.49 | 587.92 | |
| M-359 | 20 mm Aggregate | cum | 0.54000 | 1,281.49 | 692.00 | |
| M-360 | 10 mm Aggregate<br>b) Labour | cum | 0.36000 | 1,281.49 | 461.34 | |
| L-12 | Mate | Day | 0.08000 | 363.00 | 29.04 | |
| L-11 | Mason (1st class) | Day | 0.10000 | 435.00 | 43.50 | |
| L-29 | Mazdoor (Unskilled) | Day | 1.63000 | 329.00 | 536.27 | |
| L-21 | Bhisti<br>c) Machinery | Day | 0.27000 | 363.00 | 98.01 | |
| MR | Concrete mixer 0.28/0.4 cum capacity | hour | 0.40000 | 100.00 | 40.00 | MR |
| | TOTAL | | | | 4,534.37 | |
| | cost for one cum | | | | 4,534.37 | |

| | | | | | | |
|---|---|---|---|---|---|---|
| | say | | | | 4,534.37 | |
| | Add Overhead @ 10.0% | | | | 453.43 | |
| | Add Contractors Profit @ 0.0% | | | | 00.00 | |
| | SAY | | | | ₹4,987.80 | |
| | Cost index 36.19 % | | | | ₹1,789.16 | |
| | Total with Cost index | | | | ₹6,776.97 | |
| | Say | | | | ₹6,776.97 | |

29.02.2016 ലെ സ.ഉ.(പി.) നം. 30/2016/ധന. പ്രകാരം ഗുണഭോക്തൃ കമ്മിറ്റികൾ മുഖേന നിർവ്വഹണം നടത്തുന്ന പൊതുമരാമത്ത് പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ്ജ് അനുവദിക്കാവുന്നതാണ്. എന്നാൽ MoRD സ്പെസിഫിക്കേഷൻ പ്രകാരം തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ കണക്കാക്കുന്ന ഓവർഹെഡ് ചാർജ്ജ് 10% ആണ്. PRICE സോഫ്റ്റ് വെയർ ഉപയോഗിച്ച് ഗുണഭോക്തൃ കമ്മിറ്റി മുഖേന നിർവ്വഹണം നടത്തുന്ന റോഡ് പ്രവൃത്തികൾക്ക് അനുവദിച്ചിരിക്കുന്ന ഓവർ ഹെഡ് ചാർജ്ജ് 10% നിരക്കിലാണ്. PRICE സോഫ്റ്റ് വെയർ പ്രകാരമുള്ള ഓവർഹെഡ് ചാർജ്ജ് സർക്കാർ നിശ്ചയിച്ച ഓവർ ഹെഡ് ചാർജ്ജിനേക്കാളും കൂടുതലായതിനാൽ ഇക്കാര്യത്തിൽ 14.12.2016 ലെ സർക്കാർ കത്ത് നമ്പർ Ind&PW-B2/266/2016/Fin. പ്രകാരം ഗുണഭോക്തൃ കമ്മിറ്റികൾ മുഖേന നിർവ്വഹണം നടത്തുന്ന പ്രവൃത്തികൾക്ക് 7.5% നിരക്കിൽ തന്നെയാണ് ഓവർഹെഡ് ചാർജ്ജ് അനുവദിക്കേണ്ടതെന്ന് സ്പഷ്ടീകരണം നൽകുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 29.12.2016 ലെ DB3-6512(B)/2013/CE/L.S.G.D. നമ്പർ സർക്കുലർ പ്രകാരം MoRD/MoRTH സ്പെസിഫിക്കേഷൻ ഉപയോഗിച്ച് ഗുണഭോക്തൃ കമ്മിറ്റികൾ മുഖേന നടപ്പാക്കുന്ന പ്രവൃത്തികളുടെ വർക്ക് ബിൽ തുകയിൽ നിന്നും ഓവർ ഹെഡ് ചാർജ്ജിന്റെ 7.5% കഴിച്ചുള്ള തുക തിരികെ പിടിക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഗുണഭോക്തൃ സമിതികൾ മുഖേന നിർവ്വഹണം നടത്തുന്ന പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ്ജ് മാത്രമേ അനുവദിക്കുകയുള്ളൂ എന്നത് സംബന്ധിച്ച് സപ്ലിമെന്ററി ഉടമ്പടി വെക്കേണ്ടതാണെന്നും മേൽ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിയിൽ അന്തിമ ബിൽ തയ്യാറാക്കുമ്പോൾ മേൽ നിർദ്ദേശം പാലിച്ചിട്ടില്ല. . അന്തിമ ബില്ലിൽ ഓവർഹെഡ് ചാർജ്ജ് 7.5% ആയി പരിമിതപ്പെടുത്താത്തതിനാൽ താഴെ വിവരിക്കും പ്രകാരം ₹5,536/- രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്.

പ്രവൃത്തിയുടെ ആകെ മൂല്യം-₹ 2,43,565

7.5% ഓവ്രഹെഡ് ചാർജസ് മാത്രം ഉൾപ്പെടുത്തിയുള്ള പ്രവൃത്തി മൂല്യം-₹ 2,38,029 രൂപ

അനുവദനീയമായ ആകെ പ്രോജക്ട് കോസ്റ്റ്- ₹2,38,029

ആകെ പ്രോജക്ട് ചെലവ്- ₹2,43,565

അധികം-₹ 5,536 രൂപ

അധികം തുക അനുവദിച്ചതു മൂലം പഞ്ചായത്തിനുണ്ടായ നഷ്ടം പ്രവൃത്തിയുടെ അന്തിമ ബിൽ തീർപ്പാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി നികത്തേണ്ടതാണ്.

## 3-14 മരാമത്ത് പ്രവൃത്തികൾ - പ്രോജക്ട് രൂപീകരണത്തിലും നിർവഹണത്തിലും അപാകതകൾ.

പൊതുമരാമത്ത് പദ്ധതികളുടെ രൂപീകരണത്തിൽ അപാകതകൾ ഉള്ളതായി പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

1-വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമല്ല-

2017-18 പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കേവലം മൂന്ന് യോഗങ്ങളാണ് ബന്ധപ്പെട്ട പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് ചേർന്നിരിക്കുന്നത്. ഈ യോഗങ്ങളിലൊന്നും പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ചർച്ചകളും,ആസൂത്രണവും വർക്കിംഗ് ഗ്രൂപ്പിന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. ഓരോ പ്രോജക്ടിന്റെയും യുക്തി, ക്ഷമത, പ്രായോഗികത, നിയമസാധുത, വിജയസാധ്യത എന്നിവ വർക്കിംഗ് ഗ്രൂപ്പ് ചർച്ചചെയ്ത് ഉറപ്പുവരുത്തേണ്ടതാണെങ്കിലും തൻവർഷത്തെ പൊതുമരാമത്ത് പദ്ധതി രൂപീകരണത്തിൽ ക്രിയാത്മകമായ യാതൊരു നടപടിക്രമങ്ങളും വർക്കിംഗ് ഗ്രൂപ്പിന്റെ ഭാഗത്ത് നിന്നുണ്ടായിട്ടില്ല.

2-മേഖലയെ കുറിച്ചുള്ള സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയില്ല.

വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കുന്ന അവസ്ഥാരേഖ (സ്റ്റാറ്റസ് റിപ്പേർട്ട്) പ്രതിപാദിക്കുന്ന പ്രശ്ന പരിഹാരമായിട്ടാണ് പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടത് . എന്നാൽ തൻവർഷം പൊതുമരാമത്ത് പദ്ധതികൾ രൂപീകരിച്ചിരിക്കുന്നത് കൃത്യമായ സ്റ്റാറ്റസ് റിപ്പോർട്ടില്ലാതെയാണ്. വിവിധ മേഖലകളെ കുറിച്ച് വർക്കിംഗ്ഗ്രൂപ്പുകൾ തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടുകൾ ക്രോഡീകരിച്ച് വികസനരേഖ തയ്യാറാക്കേണ്ടതാണെങ്കിലും ഇത്തരത്തിൽ ഒരുവികസന രേഖ തയ്യാറാക്കിയത് ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. വികസന മേഖലാ സ്റ്റാറ്റസ് റിപ്പോർട്ട് പ്രിന്റ് ചെയ്തുസൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയതിൽ പൊതുമരാമത്ത് മേഖലയെ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. കരട്പദ്ധതിരേഖ, അന്തിമപദ്ധതിരേഖ എന്നിവയിലും മേഖലയെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങളും നേരിടുന്ന പ്രശ്നങ്ങളെ പറ്റിയും പരാമർശിച്ചിട്ടില്ല .ഇവ രണ്ടിലും പദ്ധതി നിർദ്ദേശമായി വർക്കിംഗ് ഗ്രൂപ്പിൽ ലിസ്റ്റുചെയ്ത പ്രവൃത്തികൾ എഴുതിചേർക്കൽ മാത്രമാണ് ചെയ്തിട്ടുള്ളത്. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ബന്ധപ്പെട്ട പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയ വർക്കിംഗ് ഗ്രൂപ്പിന് ആവശ്യമായ നിർദ്ദേശങ്ങളൊന്നും തന്നെ നൽകിയതായോ സമയാ സമയങ്ങളിൽ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുകയോ ചെയ്തിട്ടില്ല. അതുകൊണ്ടുതന്നെ തൻ വർഷം പൊതുമരാമത്ത് പ്രവൃത്തികൾ കൃത്യമായ പദ്ധതി ആസൂത്രണ നടപടിക്രമങ്ങൾ പാലിച്ചല്ല രൂപീകരിക്കപ്പെട്ടത് എന്ന നിഗമനത്തിലെത്തേണ്ടിയിരിക്കുന്നു.

3-വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിച്ചില്ല.

അന്തിമ പദ്ധതി രേഖയിൽ മോണിറ്ററിംഗ് സംവിധാനത്തിലെ പോരായ്മകൾ പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയുടെ അവസാന വർഷ പദ്ധതികളെ സാരമായി ബാധിച്ചതായും പദ്ധതി പ്രവർത്തനങ്ങൾ നിശ്ചിത സമയത്ത് കുറ്റമറ്റരീതിയിൽ പൂർത്തിയാക്കാൻ കഴിയാതിരുന്നത് മോണിറ്ററിംഗ് സംവിധാനത്തിലെ പരാജയമാണ് .ഓരോ പദ്ധതിയും വർക്കിംഗ് കലണ്ടർ അനുസരിച്ച് പൂർത്തിയാക്കാൻ കാര്യക്ഷമമായ മോണിറ്ററിംഗ് സംവിധാനം അനിവാര്യമാണ് എന്നും പ്രതിപാദിച്ചിട്ടുണ്ട്. തൻ വർഷം പൂർത്തിയായ പൊതുമരാമത്ത് പ്രവൃത്തികളുടെയും ഫയലിനൊപ്പം വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ഒപ്പുവച്ച മോണിറ്ററിംഗ് കമ്മിറ്റിയുടെ സാക്ഷ്യപത്രം ഉണ്ടെങ്കിലും മോണിറ്ററിംഗ് കമ്മിറ്റിയുടെ സാക്ഷ്യപ്പെടുത്തൽ സംബന്ധിച്ച തീരുമാനങ്ങളോ നമ്പറോ,അഭിപ്രായ നിർദ്ദേശങ്ങളോ രേഖപ്പെടുത്തിയിട്ടില്ല. അന്തിമ പദ്ധതി രേഖയിൽ മുൻ വർഷങ്ങളിൽ പദ്ധതി മോണിറ്ററിംഗിലെ അപാകതകൾ ചൂണ്ടികാണിച്ചിട്ടും മേണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പ് മേൽ ചുമതല കൃത്യമായി നിർവ്വഹിച്ചിട്ടുണ്ടോ എന്നത് ബന്ധപ്പെട്ട വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിരീക്ഷിക്കുകയോ , ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല.
പദ്ധതി രൂപീകരണ ഘട്ടങ്ങളിൽ പാലിക്കേണ്ട നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലല്ലാതെ പ്രോജക്ടുകൾ രൂപീകരിക്കപ്പെടുന്നത് നിർവ്വഹണ ഘട്ടങ്ങളിൽ പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാതെ വരുന്നതിനും പദ്ധതിചെലവ് കുറക്കുന്നതിനു മിടയാക്കും. ആയത് ഉൾക്കൊണ്ടുകൊണ്ട് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തിക്കേണ്ടതുണ്ട്. മേഖലയെ സംബന്ധിച്ച സമഗ്രമായ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം പ്രോജക്ടുകൾ രൂപീകരിക്കേണ്ടതുമാണ്. കമ്മിറ്റി വർക്കിംഗ് ഗ്രൂപ്പ് പദ്ധതി രൂപീകരണം, മോണിറ്ററിംഗ് എന്നിവയിൽ കൃയാത്മകമായി പ്രവർത്തിക്കുന്നു എന്ന് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

ഓഡിറ്റ് വർഷം പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1-രൂപീകരിച്ച പൊതുമരാമത്ത് പദ്ധതികൾ നടപ്പിലാക്കുന്നതിലെ വീഴ്ച ഫണ്ട് നഷ്ടപ്പെടുന്നതിന് ഇടയാക്കി-

വാർഷിക പദ്ധതി പ്രകാരം 2017- 18 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തേണ്ടിയിരുന്നത് 304 പ്രോജക്ടുകളായിരുന്നു. എന്നാൽ അതിൽ 108 പ്രോജക്ടുകൾക്കു മാത്രമേ തൻ വർഷം ചെലവ് നടത്താൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് സാധിച്ചിട്ടുള്ളൂ. ആകെ പ്രോജക്ടുകളുടെ 36% നു മാത്രമേ തൻ വർഷം ചെലവുള്ളൂ.

അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർവഹണത്തിനായി ഏൽപ്പിച്ചപ്രോജക്ടുകളുടെ ആകെ അടങ്കൽ 8.71 കോടി രൂപയായിരുന്നു. എന്നാൽ 2.70 കോടി രൂപ മാത്രമേ തൻവർഷം ചെലവഴിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് സാധിച്ചിട്ടുള്ളൂ. 31% മാത്രമാണ് ചെലവ്. വിവിധ ഫണ്ടുകളിൽ നിന്ന് ഈ പ്രവൃത്തികൾക്ക് വകയിരുത്തിയ തുകയുടെയും ചെലവിന്റയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഫണ്ടിനം | ആകെ അടങ്കൽ(₹) | ആകെ ചെലവ് (₹) | ചെലവ് ശതമാനം | ചെലവഴിക്കാത്ത തുക(₹) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| പൊതുവിഭാഗം സാധാരണ വിഹിതം | 90,34,907 | 26,09,340 | 28.88% | 64,25,567 |
| എസ്.സി.പി | 69,22,108 | 19,15,013 | 27.66% | 50,07,095 |
| ടി.എസ്.പി | 1,13,06,042 | 26,62,888 | 23.55% | 86,43,154 |
| ധനകാര്യകമ്മീഷൻഗ്രാന്റ് | 1,40,13,820 | 38,88,955 | 27.75% | 1,01,24,865 |
| ലോകബാങ്ക് ധനസഹായം | 50,31,653 | 35,17,753 | 69.91% | 15,13,900 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 44,95,000 | 12,23,938 | 27.22% | 32,71,062 |
| തനത് ഫണ്ട് | 54,02,281 | 13,19,329 | 24.42% | 40,82,952 |
| മറ്റു ബ്ലോക്ക് പഞ്ചായത്ത് | 12,80,000 | 0 | 0 | 12,80,000 |
| മെയിന്റനൻസ് ഫണ്ട്റോഡ് | 2,23,80,870 | 95,38,962 | 42.62% | 1,28,41,908 |
| മെയിന്റനൻസ് ഫണ്ട് നോൺറോഡ് | 71,78,382 | 3,55,703 | 4.95% | 68,22,679 |
| മറ്റുള്ളവ | 70,000 | 53,439 | 76.34% | 16,561 |
| ആകെ | 8,71,15,063 | 2,70,85,320 | 31.09% | 6,00,29,743 |

ചെലവഴിക്കാത്ത 6,00,29,743 /- രൂപയിൽ പൊതു വിഭാഗം സാധാരണ ഫണ്ട്, എസ്.സി.പി, ടി.എസ്.പി, ധനകാര്യകമ്മീഷൻ ഫണ്ട്, ലോകബാങ്ക് സഹായം, മെയിന്റനൻസ് ഫണ്ട് റോഡ്, മെയിന്റനൻസ് ഫണ്ട് നോൺറോഡ് എന്നിവയിലെ ചെലവഴിക്കാത്ത തുക സാമ്പത്തിക വർഷാവസാനം സർക്കാരിലേക്ക് തിരികെ പോകുമെന്നതിനാൽ യഥാർത്ഥത്തിൽ മേൽ തുക നഷ്ടപ്പെട്ടിരിക്കുകയാണ്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ കാലതാമസം, സാങ്കേതികാനുമതി ലഭിച്ചവ കരാറുകാരെ ഏല്പിക്കുന്നതിൽ വന്ന കാലതാമസം, ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുന്നത് സാമ്പത്തിക വർഷാവസാനത്തേക്ക് നീക്കിവച്ചത് എന്നിവയാണ് നിർവ്വഹണത്തിന് തടസ്സമായ കാരണങ്ങളെന്ന് പരിശോധനയിൽ വ്യക്തമായിട്ടുണ്ട് . അസിസ്റ്റന്റ് എഞ്ചിനീയറുടെ പ്രോജക്ടുകളിൽ 45 എണ്ണത്തിന്റെ 68,87,057 രൂപയുടെ ബില്ലുകൾ 31.03.2018 ന് ട്രഷറിയിൽ സമർപ്പിച്ചത് മാറാൻ കഴിയാതെ ക്യൂബിൽ ആയി മാറിയിട്ടുണ്ട്. ഇത് ചെലവിൽ വലിയ ഇടിവ് വരുത്തിയിട്ടുണ്ട്. മരാമത്ത് പ്രവൃത്തികളുടെ നിർവഹണ കലണ്ടർ പാലിക്കാൻ കഴിയാത്തതാണ് വർഷാവസാനത്തേക്ക് ചെലവ് കുമിഞ്ഞു കൂടാൻ കാരണമായത്.

2. പ്രവൃത്തികൾ നിർവഹണത്തിനായി ഏൽപ്പിക്കുന്നതിൽ കാലതാമസം

അന്തിമ പദ്ധതി രേഖയ്ക്ക് പഞ്ചായത്ത് ഭരണസമിതി അംഗീകാരം നല്കുകയും ഇതിനെ തുടർന്ന് പ്രൊജക്ടുകൾ ഡാറ്റാഎന്ട്രി നടത്തുകയും ചെയ്തുകഴിഞ്ഞാലാണ് ഡി.പി.സി. അംഗീകാരത്തിന് സമർപ്പിക്കേണ്ടത് (13 ആം പദ്ധതി ആസൂത്രണ മാർഗ്ഗരേഖ ഖണ്ഡിക 611.,7.1എന്നിവ കാണുക) എന്നതിൽ നിന്നും ഡി.പി.സി. അംഗീകാരം ലഭിച്ചയുടൻ പ്രൊജക്ടുകൾ എസ്റ്റിമേറ്റ് സഹിതം സാങ്കേതിക അനുമതിയ്ക്ക് നല്കേണ്ടതാണെന്ന് വ്യക്തമാകുന്നു.എന്നാൽ പദ്ധതികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ടി.എസ്. ലഭിക്കുന്നതിന് പല പദ്ധതികളിലും രണ്ട് മാസത്തിൽ കൂടുതൽ കാലതാമസമുണ്ടായതായി കാണാം. ടി.എസ്. ലഭിച്ച പ്രവൃത്തികൾ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറിൽ ഏർപ്പെടുന്നതിലും ഗുണഭോക്തൃസമിതികൾ രൂപീകരിച്ച് പ്രവൃത്തികൾ നിർവഹണത്തിനായി ഏൽപ്പിക്കുന്നതിലും അഞ്ച് മാസത്തിൽ കൂടുതൽ കാലയളവ് എടുത്തതായും കാണുന്നു. പദ്ധതി നിർവ്വഹണത്തിലെ മേൽ കാലതാമസമാണ് ആത്യന്തികമായി ഫണ്ട് നഷ്ടത്തിൽ കലാശിച്ചിരിക്കുന്നത് . തൻ വർഷം അഗീകാരം ലഭിച്ച ഭൂരിഭാഗം പ്രവൃത്തികളിലും കരാറുകാരെ/കൺവീനർമാരെ നിശ്ചയിക്കാൻ കഴിഞ്ഞത് സാമ്പത്തിക വർഷാന്ത്യത്തിലാണ്. ഇത് പൊതുമരാമത്ത് പ്രവൃത്തികളുടെ ചുമതലയുള്ള വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ പദ്ധതി നിർവ്വഹണത്തിലുള്ള കൃത്യമായ ഇടപെടലിന്റെ അഭാവം വ്യക്തമാക്കുന്നു.

13.07.2017 ന ചേർന്ന വികസന സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ എല്ലാ നിർവഹണ ഉദ്യോഗസ്ഥരോടും പ്രോജക്ട് നിർവഹണ കലണ്ടർ തയ്യാറാക്കി ഹാജരാക്കാൻ ആവശ്യപ്പെട്ടു കാണുന്നു. എന്നാൽ പൊതുമരാമത്ത് പണികൾക്ക് ഒരു നിർവഹണ കലണ്ടർ തയ്യാറാക്കിയിട്ടില്ല. ഈ തീരുമാനത്തിന് തുടർ നടപടികൾ ഉണ്ടായിട്ടില്ല.

പ്രവൃത്തികളുടെ നിർവഹണത്തിൽ കാലതാമസം

പ്രവൃത്തികൾ നിർവഹിക്കുന്നതിലും വലിയ കാലതാമസം നേരിട്ടിട്ടുള്ളതായി പരിശോധനയിൽ കാണുന്നു. 2017-18 ൽ ഏറിയ പങ്ക് മരാമത്ത് പ്രവൃത്തികളും നിർവഹിച്ചിട്ടുള്ളത് ഗുണഭോക്തൃ സമിതികൾ മുഖേനയാണ്. എന്നാൽ, ഗുണഭോക്തൃ സമിതികൾ നടപ്പിലാക്കിയ പദ്ധതികളിൽ റോഡ് ടാറിംഗ്/റാടാറിംഗ് പ്രവൃത്തികളുടെ നിർവഹണത്തിൽ വലിയ കാലതാമസം ഉണ്ടായിട്ടുള്ളതായി പരിശോധനയിൽ കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം, പ്രവൃത്തിയുടെ പേര് | കരാർ നം, തിയതി, കരാർ പ്രകാരമുള്ള പൂർത്തീകരണ കാലയളവ് | സൈറ്റ് കൈമാറിയ തിയതി | പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തിയതി | പ്രവൃത്തി പൂർത്തീകരിച്ച തിയതി | കാലതാമസം |
|---|---|---|---|---|---|---|
| 1 | പ്രോജക്ട് നം. 303/18 ദേവരമൊട്ട കുൺടിക്കാന അമ്പലംറോഡ് ടാറിംഗ്<br>ചെലവ്- ക്യാബിൽ2,90,148 രൂപ- | no.84/AE /LSGD/16-17, dated 23.03.2017<br>പൂർത്തീകരണ കാലയളവ്- 6 | 23.03.2017 | 22.09.2017 | 03.03.2018 | 5മാസങ്ങൾ, 9ദിവസങ്ങൾ |

| | | | | | | |
|---|---|---|---|---|---|---|
| | കൺവീനർ- ശ്രീ.ഈശ്വര ചന്ദ്ര പ്രസാദ് | മാസം | | | | |
| 2 | പ്രോജക്ട് നം. 258/18- കടമന മാടത്തട്ടക്ക മുച്ചിർക്കര റോഡ് ടാറിംഗ് ചെലവ്- ക്യൂ ബിൽ 1,10405 രൂപ- കൺവീനർ- ശ്രീ.പരമേശ്വര | no.94/AE /LSGD/16-17, dated 24.03.2017 പൂർത്തീകരണ കാലയളവ്- 6 മാസം | 24.03.2017 | 23.09.2017 | 03.02.2018 | 4മാസങ്ങൾ, 12ദിവസങ്ങൾ |

ഇത്തരത്തിലുള്ള കാലതാമസം ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 3-15 ഭവന പുനരുദ്ധാരണം പദ്ധതി -ജനറൽ - വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ.

പ്രൊജക്ട് നം.411/18

അടങ്കൽ – ₹4,75,000/-

ചെലവ് -₹ 4,75,000/-

പൊതുവിഭാഗത്തിന് ഭവനപുനരുദ്ധാരണം നടത്തുന്നതിനുള്ള ഈ പദ്ധതിക്കായി ആകെ 4,75,000/- രൂപ വിവിധ ബില്ലുകൾ പ്രകാരം ചെലവഴിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ അപേക്ഷകളും അനുബന്ധ രേഖകളും പരിശോധന നടത്തിയപ്പോൾ ചില അപേക്ഷകർക്ക് തുക നൽകിയിരിക്കുന്നത് ഭവനപുനരുദ്ധാരണം നടത്തിയത് പരിശോധിച്ച് അസി.എഞ്ചിനീയർ അല്ലെങ്കിൽ ഓവർസിയർ നൽകുന്ന വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കാതെയാണ്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

1)ബിൽ നം.01/17-18/17.08.2017 – ₹2,50,000/-

ഈ ബില്ല് പ്രകാരം ആകെ 20 ഗുണഭോക്താക്കൾക്ക് ഭവനപുനരുദ്ധാരണത്തിന്റെ രണ്ടാം ഗഡുവായി 12,500/- രൂപ വീതം നൽകിയിട്ടുണ്ട്. ഈ 20 ഗുണഭോക്താക്കളിൽ 3 ഗുണഭോക്താക്കൾ ഭവനപുനരുദ്ധാരണം പ്രവർത്തി നടത്തിയത് പരിശോധിച്ച് അസി.എഞ്ചിനീയർ അല്ലെങ്കിൽ ഓവർസിയർ നൽകുന്ന വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കാതെയാണ് തുക

അനുവദിച്ചിരിക്കുന്നത്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് അഡ്രസ്സ് | തുക |
|---|---|---|
| 1 | കൃഷ്ണ മണിയാണി, s/o. കൊറഗ, മാവിനെമൂലെ, പെർഡാല | 12,500/- |
| 2 | കിഞ്ചണ്ണ മൂല്യ, s/o. ധൂമ മൂല്യ,കുണ്ട്യപ്പാടി ഹൗസ്,പെർഡാല | 12,500/- |
| 3 | ഗീത.കെ, w/o. ബാലകൃഷ്ണ റായി, മാഗിനക്കടാർ ഹൗസ്, പെർഡാല | 12,500/- |

2)ബിൽ നം.06/17-18/20.10.2017 – 50,000/-

ഈ ബില്ല് പ്രകാരം ആകെ 4 ഗുണഭോക്താക്കൾക്ക് ഭവനപുനരുദ്ധാരണത്തിന്റെ രണ്ടാം ഗഡുവായി 12,500/- രൂപ വീതം നൽകിയിട്ടുണ്ട്. ഈ 4 ഗുണഭോക്താക്കളിൽ ഒരു ഗുണഭോക്താവിന് ഭവനപുനരുദ്ധാരണം പ്രവർത്തി നടത്തിയത് പരിശോധിച്ച് അസി.എഞ്ചിനീയർ അല്ലെങ്കിൽ ഓവർസിയർ നൽകുന്ന വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കാതെയാണ് തുക അനുവദിച്ചിരിക്കുന്നത്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് അഡ്രസ്സ് | തുക |
|---|---|---|
| 1 | അസ്മ. ബി, w/o. അബ്ബാസ്, കുഞ്ചാർ ഹൗസ്, ബേള | 12,500/- |

3)ബിൽ നം.13/17-18/26.03.2018 – 25,000/-

ഈ ബില്ല് പ്രകാരം ആകെ 2ഗുണഭോക്താക്കൾക്ക് ഭവനപുനരുദ്ധാരണത്തിന്റെ രണ്ടാം ഗഡുവായി 12,500/- രൂപ വീതം നൽകിയിട്ടുണ്ട്. ഈ 2 ഗുണഭോക്താക്കൾക്കും ഭവനപുനരുദ്ധാരണം പ്രവർത്തി നടത്തിയത് പരിശോധിച്ച് അസി.എഞ്ചിനീയർ അല്ലെങ്കിൽ ഓവർസിയർ നൽകുന്ന വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കാതെയാണ് തുക അനുവദിച്ചിരിക്കുന്നത്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് അഡ്രസ്സ് | തുക |
|---|---|---|
| 1 | ശാന്ത, w/o. ചന്ദ്രശേഖര, പഞ്ചിത്തടുക്ക, നീർച്ചാൽ | 12,500/- |
| 2 | ആസിയമ്മ, w/o.അബൂബക്കർ, കുക്കംകൂടൽ ഹൗസ്,ബേള | 12,500/- |

മേൽ വിവരിച്ച 6 ഗുണഭോക്താക്കളുടെയും ഭവനപുനരുദ്ധാരണം പ്രവർത്തി നടത്തിയത് പരിശോധിച്ച് അസി.എഞ്ചിനീയർ അല്ലെങ്കിൽ ഓവർസിയർ നൽകുന്ന വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഈ ഗുണഭോക്താക്കളുടെ വാല്യുവേഷൻ

സർട്ടിഫിക്കറ്റ് ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കാനായി ഓഡിറ്റ് എൻക്വയറി നം.12/27.11.2018 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല, അതിനാൽ ചെലവ് തുക 75,000/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. 6 ഗുണഭോക്താക്കളുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 3-16 ഭവന പുനരുദ്ധാരണം പദ്ധതി -പട്ടികജാതി - ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ.

പ്രൊജക്റ്റ് നം.410/18

അടങ്കൽ – ₹3,75,000/-

ചെലവ് – ₹1,37,500/-

പട്ടികജാതി വിഭാഗത്തിന് ഭവനപുനരുദ്ധാരണം നടത്തുന്നതിനുള്ള ഈ പദ്ധതിക്കായി ആകെ 1,37,500/- രൂപ വിവിധ ബില്ലുകൾ പ്രകാരം ചെലവഴിച്ചിട്ടുണ്ട്. പട്ടികജാതി വിഭാഗങ്ങൾക്ക് വേണ്ടിയുള്ള ഈ പദ്ധതിയുടെ ഗുണഭോക്താക്കളുടെ അപേക്ഷകളും അനുബന്ധ രേഖകളും പരിശോധന നടത്തിയപ്പോൾ ചില അപേക്ഷകർക്ക് തുക നൽകിയിരിക്കുന്നത് ഗുണഭോക്താവ് പട്ടികജാതിയിൽ പെട്ടവരാണെന്ന് തെളിയിക്കുന്ന ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കാതെയാണ്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

1)ബിൽ നം.02/17-18/17.08.2017 – 50,000/-

ഈ ബില്ല് പ്രകാരം ആകെ 4 ഗുണഭോക്താക്കൾക്ക് ഭവനപുനരുദ്ധാരണത്തിന്റെ രണ്ടാം ഗഡുവായി 12,500/- രൂപ വീതം നൽകിയിട്ടുണ്ട്. ഈ 4 ഗുണഭോക്താക്കളിൽ 2 ഗുണഭോക്താക്കൾ പട്ടികജാതിയിൽ പെട്ടവരാണെന്ന് തെളിയിക്കുന്ന ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കാതെയാണ് തുക അനുവദിച്ചിരിക്കുന്നത്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് അഡ്രസ്സ് | തുക |
|---|---|---|
| 1 | കമല w/o. ഗുരുവ, മാംഗ ഹൗസ്, ബേള | 12,500/- |
| 2 | വിജയ.കെ, w/o. സുരേശ.പി, പട്ടാജെ, നീർച്ചാൽ | 12,500/- |

2)ബിൽ നം.04/17-18/26.09.2017 – 25,000/-

ഈ ബില്ല് പ്രകാരം ആകെ 2 ഗുണഭോക്താക്കൾക്ക് ഭവനപുനരുദ്ധാരണത്തിന്റെ രണ്ടാം ഗഡുവായി 12,500/- രൂപ വീതം നൽകിയിട്ടുണ്ട്. ഈ 2ഗുണഭോക്താക്കളിൽ ഒരു ഗുണഭോക്താവിന് പട്ടികജാതിയിൽ പെട്ടവരാണെന്ന് തെളിയിക്കുന്ന ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കാതെയാണ് തുക അനുവദിച്ചിരിക്കുന്നത്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് അഡ്രസ്സ് | തുക |
|---|---|---|

| | | |
|---|---|---|
| 1 | ശാന്തകുമാരി w/o.ലിംഗപ്പയ്യൻ, പട്ടാജെ, ബദിയടുക്ക | 12,500/- |

3)ബിൽ നം.07/17-18/31.10.2017 – 25,000/-

ഈ ബില്ല് പ്രകാരം ആകെ 2ഗുണഭോക്താക്കൾക്ക് ഭവനപുനരുദ്ധാരണത്തിന്റെ രണ്ടാം ഗഡുവായി 12,500/- രൂപ വീതം നൽകിയിട്ടുണ്ട്. ഈ 2ഗുണഭോക്താക്കളിൽ ഒരു ഗുണഭോക്താവിന് പട്ടികജാതിയിൽ പെട്ടവരാണെന്ന് തെളിയിക്കുന്ന ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കാതെയാണ് തുക അനുവദിച്ചിരിക്കുന്നത്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് അഡ്രസ്സ് | തുക |
|---|---|---|
| 1 | സഞ്ജീവ, s/o. ഗുരുവ, ചെന്നഗോളി, കുണ്ടിക്കാന | 12,500/- |

4)ബിൽ നം.11/17-18/27.02.2018 – 37,500/-

ഈ ബില്ല് പ്രകാരം ആകെ 3 ഗുണഭോക്താക്കൾക്ക് ഭവനപുനരുദ്ധാരണത്തിന്റെ രണ്ടാം ഗഡുവായി 12,500/- രൂപ വീതം നൽകിയിട്ടുണ്ട്. ഈ 3ഗുണഭോക്താക്കളിൽ 2 ഗുണഭോക്താക്കൾക്ക് പട്ടികജാതിയിൽ പെട്ടവരാണെന്ന് തെളിയിക്കുന്ന ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കാതെയാണ് തുക അനുവദിച്ചിരിക്കുന്നത്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് അഡ്രസ്സ് | തുക |
|---|---|---|
| 1 | മോഹന, s/o. ചുക്ര, ചേടിക്കൽ, പെർഡാല | 12,500/- |
| 2 | കെ.സുന്ദര, s/o. രാമ, പെർഡാലമൂല | 12,500/- |

മേൽ വിവരിച്ച 6 ഗുണഭോക്താക്കളുടെയും ഭവനപുനരുദ്ധാരണം പ്രവർത്തി നടത്തിയതിന് തുക നൽകിയത് പട്ടികജാതിയിൽ പെട്ടവരാണെന്ന് തെളിയിക്കുന്ന ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കാതെയാണ്. ഈ ഗുണഭോക്താക്കളുടെ ജാതി സർട്ടിഫിക്കറ്റ് ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കാനായി ഓഡിറ്റ് എൻക്വയറി നം.13/27.11.2018 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല, അതിനാൽ ചെലവ് തുക 75,000/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. 6 ഗുണഭോക്താക്കളുടെ ജാതി സർട്ടിഫിക്കറ്റ് ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 3-17 അംഗൻവാടികൾക്ക് വസ്തുക്കൾ, ഉപകരണങ്ങൾ വാങ്ങൽ-സാധനങ്ങൾ നാളിതുവരെയായി വിതരണം ചെയ്തിട്ടില്ല-സ്റ്റാന്റിംഗ് കമ്മിറ്റി പ്രവർത്തനക്ഷമമല്ല.

പ്രോജക്ട് നം. 170/18

പ്രോജക്ടിന്റെ പേര് – അംഗൻവാടികൾക്ക് വസ്തുക്കൾ, ഉപകരണങ്ങൾ വാങ്ങൽ

പ്രോജക്ട് തുക – ₹5,00,000/- (റോഡിതര മെയിൻറനൻസ് ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഐ.സി.ഡി.എസ്. സൂപ്പർവൈസർ

ബിൽ നമ്പർ- 18/2017-18 തീയ്യതി: 31/03/2018 തുക -₹4,99,853/-

ടെണ്ടർ നൽകിയ സ്ഥാപനത്തിന്റെ പേര്- പ്രൊപ്രൈറ്റർ, കളേഴ്സ് ഗിഫ്റ്റ് ആന്റ് കിഡ്സ് കളക്ഷൻ, യൂണിയൻ ബാങ്കിനു സമീപം, മെയിൻ റോഡ്, കാഞ്ഞങ്ങാട്.

ബദിയഡുക്ക ഗ്രാമപഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ അംഗൻവാടികൾക്ക് വസ്തുക്കൾ, ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതിക്ക് വേണ്ടി ടെണ്ടർ (നം. 2/4 തീയ്യതി 13/03/2018 ) വിളിച്ചിരുന്നു. പ്രൊപ്രൈറ്റർ, കളേഴ്സ് ഗിഫ്റ്റ് ആന്റ് കിഡ്സ് കളക്ഷൻ, യൂണിയൻ ബാങ്കിനു സമീപം, മെയിൻ റോഡ്, കാഞ്ഞങ്ങാട് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച്, അംഗൻവാടികൾക്ക് താഴെപ്പറയുന്ന ഉപകരണങ്ങളും കളിപ്പാട്ടങ്ങളും വിതരണം ചെയ്യുന്നതിനായി സപ്ളൈ ഓർഡർ നൽകുകയും, പ്രൊജക്ട് പ്രകാരമുള്ള മുഴുവൻ തുകയും മുൻകൂറായി, യൂനിയൻ ബാങ്കിന്റെ കാഞ്ഞങ്ങാട് ശാഖയിലുള്ള 571001010050071 എന്ന അക്കൗണ്ടിലേക്ക് ഒടുക്കുകയും ചെയ്തിട്ടുണ്ട്.

<u>വിതരണം ചെയ്യേണ്ട ഫർണ്ണിച്ചറുകളുടെ വിവരം</u>

| ക്രമ നമ്പർ | ഇനം | എണ്ണം | നിരക്ക്(₹) | തുക(₹) |
|---|---|---|---|---|
| 1 | കുട്ടികൾക്കുള്ള കസേര | 1000 | 207.63 | 2,07,630.00 |
| 2 | ഫൈബർ കസേര | 355 | 394 | 1,39,870.00 |
| 3 | സ്റ്റീൽ അലമാര | 1 | 5,084 | 5,084.00 |
| | | | | 3,52,584.00 |
| | CGST – 9% | | | 31,736.56 |
| | SGST – 9% | | | 31,736.56 |
| | ആകെ | | | 4,16,049.12 |
| 4 | കുട്ടികൾക്കുള്ള കുതിര | 41 | 892 | 36,572.00 |
| 5 | കുട്ടികൾക്കുള്ള സൈക്കിൾ | 41 | 933 | 38,253.00 |
| | | | | 74,825.00 |
| | CGST – 6% | | | 4,489.50 |
| | SGST – 6% | | | 4,489.50 |
| | ആകെ | | | 83,804.00 |
| | ആകെ തുക | | | 4,99,853.12 |

<u>നാളിതുവരെ വിതരണം ചെയ്യാത്ത ഫർണ്ണിച്ചറുകളുടെ വിവരം</u>

| ക്രമ നമ്പർ | ഇനം | എണ്ണം | നിരക്ക്(₹) | തുക(₹) |
|---|---|---|---|---|
| 1 | കുട്ടികൾക്കുള്ള കസേര | 1,000 | 207.63 | 2,07,630.00 |
| 2 | ഫൈബർ കസേര | 355 | 394 | 1,39,870.00 |
| | | | | 3,47,500.00 |
| | CGST - 9% | | | 31,275.00 |
| | SGST - 9% | | | 31,275.00 |
| | ആകെ | | | 4,10,050.00 |

മുകളിൽ പറഞ്ഞ പ്രകാരം വിതരണം ചെയ്യേണ്ടിയിരുന്ന ഫർണ്ണിച്ചറുകളിൽ കുട്ടികൾക്കുള്ള സൈക്കിൾ, ഫൈബർ കുതിര, സ്റ്റീൽ അലമാര എന്നിവ വിതരണം ചെയ്ത് സ്റ്റോക്കിലെടുത്തിട്ടുണ്ട്. പരിശോധനയിൽ ഇവ വിതരണം ചെയ്തതായും ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ കുട്ടികൾക്കുള്ള കസേര, ഫൈബർ കസേര എന്നിവ നാളിതുവരെയായിട്ടും ലഭിക്കാത്തതിനും വിതരണം ചെയ്യാത്തതിനും ഓഡിറ്റ് എൻക്വയറി നം. 11, തീയ്യതി 27/11/2018 പ്രകാരം വിശദീകരണം ചോദിച്ചതിന് കുട്ടികൾക്കുള്ള കുതിര, സൈക്കിൾ, സ്റ്റീൽ അലമാര എന്നിവയുടെ തുക കിഴിച്ച് ബാക്കി തുക 12% പലിശയടക്കം ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നാണ് മറുപടി നൽകിയത്.

ആയതിനാൽ ഈ പ്രോജക്ട് പ്രകാരം കളേഴ്സ് ഗിഫ്റ്റ് ആന്റ് കിഡ്സ് കളക്ഷൻ എന്ന സ്ഥാപനത്തിന് മുൻകൂറായി നൽകിയ 4,99,853.12/-രൂപയിൽ വിതരണം ചെയ്ത ഫർണ്ണിച്ചറുകളുടെ വിലയായ 89,803.12/- രൂപ ( 83,804+5,999.12) കഴിച്ച്, ബാക്കി തുകയായ 4,10,050.00/- രൂപ 12% പലിശ സഹിതം എത്രയും പെട്ടെന്ന് ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ പദ്ധതി നടപ്പിലാക്കുമ്പോൾ പ്രോജക്ട് കൃത്യമായി നടപ്പിലാവുന്ന എന്ന് ഉറപ്പ് വരുത്തേണ്ടത് ബന്ധപ്പെട്ട പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലയാണ്. പഞ്ചായത്ത് ഭരണ സമിതി കൃത്യമായ മോണിറ്ററിംഗ് നടത്തുകയും വീഴ്ചകൾ അതതു സമയങ്ങളിൽ ഇടപെട്ട് പരിഹരിക്കുകയും ചെയ്യേണ്ടതാണ്. ഇക്കാര്യങ്ങളിൽ ഭരണസമിതി കൂടുതൽ ജാഗ്രതയോടെ പ്രവർത്തിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക(₹) | പ്രൊജക്ടിന്റെ പേര് | ചെലവ്(₹) | ബാലൻസ്(₹) |
|---|---|---|---|---|---|
| കാസറഗോഡ് | 2017-18 | 85,000 | 160/18- പച്ചക്കറി കൃഷിക്ക് | 85,000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | കൂലിച്ചെലവ് | | |
| ബ്ലോക്ക് പഞ്ചാത്ത് | 2017-18 | 2,00,000 | 142/18- ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 2,00,000 | 0 |
| | 2017-18 | 18,625 | 169/18- ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 0 | 18,625 |
| | 2017-18 | 2,00,000 | ഏത് പ്രോജക്ട് എന്ന് വ്യക്തമല്ല. | 0 | 1,00,000 |
| | 2017-18 | 2,00,000 | 190/18- പാലിയേറ്റീവ് കെയർ | 0 | 2,00,000 |
| | 2017-18 | 2,14,426 | ഐ.സി.ഡി.എസ്. കേന്ദ്ര വിഹിതം | 3,36,449 | - |
| കാസറഗോഡ് ജില്ലാ പഞ്ചായത്ത് | 2017-18 | 1,41,000 | 142/18- ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 1,41,000 | 0 |
| | 2017-18 | 5,10,000 | 150/18- നെൽക്കൃഷിക്ക് കൂലിച്ചെലവ് | 5,10,000 | 0 |
| | 2017-18 | 1,00,000 | പാലിയേറ്റീവ് കെയർ | 1,00,000 | 0 |

വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി മറ്റു സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച് വിനിയോഗിക്കുവാൻ അവശേഷിക്കുന്ന തുകകൾ എത്രയും വേഗം വിനിയോഗിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവഴിക്കുവാൻ സാധിക്കാത്ത പക്ഷം പ്രസ്തുത തുകകൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തിരികെ നൽകേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ എജൻസി | പ്രൊജക്ടിന്റെ പേര് | വൗച്ചർ നം. /ബിൽ .നം | മുൻകൂർ നൽകിയ തുക(₹) | ചെലവഴിച്ച തുക(₹) | ചെലവഴിക്കുവാൻ അവശേഷി ക്കുന്ന തുക(₹) |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | 115/18- പെർഡാല | 21/17-18 /23.03.2018 | 1,73,433 | - | 1,73,433 |

| | | | | | |
|---|---|---|---|---|---|
| | ജാറത്തിന് സമീപം ത്രീഫേസ് ലൈൻ വലിക്കൽ പദ്ധതി | | | | |
| കെ.എസ്.ഇ.ബി. | 06/18- മാന്യ ദേവരക്കരയിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ | 24/17-18 /23.03.2018 | 62,100 | - | 62,100 |
| കെ.എസ്.ഇ.ബി. | 202/18- ബഞ്ച്യത്തടുക്ക, കൊല്ലംപാറ, മൈർക്കള, ഗോളിയടുക്ക, കന്യാന മസ്ജിദ്, ചേടിക്കുണ്ട്, ബമ്പത്തടുക്ക എന്നീ പ്രദേശങ്ങളിൽ തെരുവ് വിളക്ക് | 05/17-18 /26.07.2017 | 1,04,400 | - | 1,04,400 |
| | | 13/17-18 /16.11.2017 | 70,000 | - | 70,000 |
| | | 14/17-18 /16.11.2017 | 76,500 | - | 76,5000 |
| | | 24/17-18 /23.03.2018 | 62,100 | - | 62,100 |
| | | 19/17-18 /22.02.2018 | 1,93,640 | - | 1,93,640 |
| | | 32/17-18 /28.03.2018 | 1,40,000 | - | 1,40,000 |
| | | 33/17-18 /28.03.2018 | 1,00,000 | - | 1,00,000 |
| കെ.എസ്.ഇ.ബി. | 216/18- മാന്യ, വി.എം.നഗർ, മല്ലട്ടുക്ക എന്നീ പ്രദേശങ്ങളിൽ തെരുവ് വിളക്ക് | 33/17-18 /23.03.2018 | 77,264 | - | 77,264 |
| കെ.എസ്.ഇ.ബി. | 199/18- വിവിധ പട്ടികവർഗ കോളനികളിൽ തെരുവ് വിളക്ക് | 02/17-18 /20.10.2017 | 84,895 | - | 84,895 |
| | | 04/17-18 /12.01.2018 | 70,300 | - | 70,300 |

| | | | | | |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | 213/18- ദേവരക്കര, മേഗിനടുക്ക പട്ടികവർഗ കോളനികളിൽ തെരുവ് വിളക്ക് | 03/17-18 /10.11.2017 | 6,61,800 | - | 6,61,800 |
| | | 04/17-18 /12.01.2018 | 70,300 | - | 70,300 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ക്രമീകരിക്കാൻ അവശേഷിക്കുന്ന മൊബിലൈസേഷൻ അഡ്വാൻസ്- ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

വായ്പ / വായ്പാതിരിച്ചടവ് ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിര നിക്ഷേപം- ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 28 | 2003-04 | 3-14-3-2 | കവുങ്ങിന് മണ്ണിടൽ സബ്സിഡി- സർക്കാർ അംഗീകരിച്ചിട്ടില്ല | തടസ്സം തുടരുന്നു |
| 2001-02 | 3(4) | 2007-08 | 3.66.2 | NMR ക്രമക്കേടുകൾ | തടസ്സം തുടരുന്നു |
| 2001-02 | 3(5) | 2007-08 | 3.66.2 | NMR ക്രമക്കേടുകൾ | തടസ്സം തുടരുന്നു |
| 2001-02 | 3(6) | 2007-08 | 3.66.2 | NMR | തടസ്സം |

| | | | | | |
|---|---|---|---|---|---|
| | | | | ക്രമക്കേടുകൾ | തുടരുന്നു |
| പ്രവർത്തനാവലോകനം-ജലസ്രോതസ്സുകളുടെ സംരക്ഷണവു കുടിവെള്ള പദ്ധതികളും | | | 5.1.5.17 | വെള്ളക്കരം കുടിശ്ശിക-സ്രോതസ്സിൽ നിന്നും ഈടാക്കി | തടസ്സം തുടരുന്നു |
| 2014-15 | 2-1 | 2016-17 | അധ്യായം 2, അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ | തടസ്സം തുടരുന്നു |
| 2015-16 | 2-1, 2-2 | 2016-17 | അധ്യായം 2, അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ | തടസ്സം തുടരുന്നു |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹14,01,44,061<br><br>(പെൻഷൻ തുക – 4,37,43,000, തൊഴിലുറപ്പ് പദ്ധതിയിലെ എഫ്.ടി.ഒ- 1,48,36,082 എന്നീ തുകകൾ അടക്കം) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹13,23,38,613<br><br>(പെൻഷൻ തുക – ₹4,37,43,000, തൊഴിലുറപ്പ് പദ്ധതിയിലെ എഫ്.ടി.ഒ- ₹1,48,36,082 എന്നീ തുകകൾ അടക്കം) |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹4,32,909 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹28,27,932 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉദ്യോഗപ്പേരും |
|---|---|---|---|
| 3-9 | | ₹12,279 | ഉഷാർ കൃഷ്ണൻ.ജി, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-11-2 | | ₹1,912 | ഉഷാർ കൃഷ്ണൻ.ജി, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-11-2 | | ₹1,913 | മിത്ര.വി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| 3-11-3 | | ₹1,219 | ഉഷാർ കൃഷ്ണൻ.ജി, അസിസ്റ്റന്റ് എഞ്ചിനിയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| 3-13 | | ₹5,536 | ഉഷാർ കൃഷ്ണൻ.ജി, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-17 | | ₹4,10,050 | ശ്രീമതി ഭവ്യ.കെ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | ₹1,73,433 | ശ്രീ.മനോജ് കുമാർ.കെ.ടി, സെക്രട്ടറി |
| 3-2 | ₹62,100 | ശ്രീ.മനോജ് കുമാർ.കെ.ടി, സെക്രട്ടറി |
| 3-3 | ₹4,99,840 | ശ്രീ.മനോജ് കുമാർ.കെ.ടി, സെക്രട്ടറി |
| 3-3 | ₹2,50,900 | ശ്രീ.ശാരങ്ധരൻ.എം, സെക്രട്ടറി |
| 3-4 | ₹77,264 | ശ്രീ.മനോജ് കുമാർ.കെ.ടി, സെക്രട്ടറി |
| 3-5 | ₹1,55,195 | ശ്രീ.വി.ആർ.മനോജ്, അസിസ്റ്റന്റ് സെക്രട്ടറി |
| 3-6 | ₹6,61,800 | ശ്രീ.വി.ആർ.മനോജ്, അസിസ്റ്റന്റ് സെക്രട്ടറി |
| 3-7 | ₹7,56,000 | ശ്രീ.വി.ആർ.മനോജ്, അസിസ്റ്റന്റ് സെക്രട്ടറി |
| 3-8 | ₹41,400 | ശ്രീ.വി.ആർ.മനോജ്, അസിസ്റ്റന്റ് സെക്രട്ടറി |
| 3-15 | ₹75,000 | ശ്രീ.ജോൺസൺ.കെ.യു, വി.ഇ.ഒ |
| 3-16 | ₹75,000 | ശ്രീ.ജോൺസൺ.കെ.യു, വി.ഇ.ഒ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഉഷാർ കൃഷ്ണൻ.ജി, അസിസ്റ്റന്റ് എഞ്ചിനിയർ | ഉഷാർ കൃഷ്ണൻ.ജി, അസിസ്റ്റന്റ് എഞ്ചിനിയർ, കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് | ആളൂന്നതിൽ, വെൺകുളം, എടവ പി.ഒ, |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | മിത്രു.വി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കാസറഗോഡ് ബ്ലോക്ക് പഞ്ചായത്ത് | സൗപർണ്ണിക വെള്ളച്ചാൽ, കൊടക്കാട്.പി.ഒ കാസറഗോഡ്.671310 |
| ഭവ്യ.കെ, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഭവ്യ.കെ, ഐ.സി.ഡി.എസ് സൂപ്പർവൈസർ, ബദിയടുക്ക ഗ്രാമപഞ്ചായത്ത് | കൊടക്കാടൻ ഹൗസ്, ചെറുവണ്ണൂർ, പി.ഒ.ഫറോക്ക് - 673631, കോഴിക്കോട് ജില്ല. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവുംഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1982-83 | KSA/KSD.3/436/2018Dtd.11.05.2018 | 24 |
| 1983-84 | KSA/KSD.3/436/2018Dtd.11.05.2018 | 24 |
| 1984-85 | KSA/KSD.3/436/2018Dtd.11.05.2018 | 17 |
| 1985-86 | KSA/KSD.3/436/2018Dtd.11.05.2018 | 19 |
| 1986-87 | KSA/KSD.3/436/2018Dtd.11.05.2018 | 9 |
| 1987-88<br>1988-89 | KSA/KSD.3/436/2018Dtd.11.05.2018 | 6 |

| | | |
|---|---|---|
| 1989-90<br>1990-91 | KSA/KSD.3/436/2018Dtd.11.05.2018 | 14 |
| 1991-92 to 1995-96 | KSA/KSD.3/436/2018Dtd.11.05.2018 | 2 |
| 1996-97 | KSA/KSD.3/436/2018Dtd.11.05.2018 | 22 |
| 1997-98 | KSA/KSD.3/436/2018Dtd.11.05.2018 | 30 |
| 1998-99 | KSA/KSD.3/436/2018Dtd.11.05.2018 | 20 |
| 1999-2000 | KSA/KSD.3/436/2018Dtd.11.05.2018 | 14 |
| 2000-01<br>പ്ലാൻ | KSA/KSD.3/436/2018Dtd.11.05.2018 | 2 |
| 2000-01<br>ഫൈനൽ | KSA/KSD.3/436/2018Dtd.11.05.2018 | 7 |
| 2001-02<br>പ്ലാൻ | KSA/KSD.3/436/2018Dtd.11.05.2018 | 7 |
| 2001-02<br>ഫൈനൽ | KSA/KSD.3/436/2018Dtd.11.05.2018 | 9 |
| 2002-03 | KSA/KSD.3/436/2018Dtd.11.05.2018 | 28 |
| 2003-04 | KSA/KSD.3/436/2018Dtd.11.05.2018 | 20 |
| 2004-05 | KSA/KSD.3/436/2018Dtd.11.05.2018 | 23 |
| 2005-06 | KSA/KSD.3/436/2018Dtd.11.05.2018 | 21 |

| | | |
|---|---|---|
| 2006-07 | KSA/KSD.3/436/2018Dtd.11.05.2018 | 27 |
| 2007-08 | KSA/KSD.3/436/2018Dtd.11.05.2018 | 3 |
| 2008-09 | KSA/KSD.3/436/2018Dtd.11.05.2018 | 12 |
| 2009-10 | KSA/KSD.3/436/2018Dtd.11.05.2018 | 14 |
| 2010-11 | KSA/KSD.3/436/2018Dtd.11.05.2018 | 32 |
| 2011-12 | KSA/KSD.3/436/2018Dtd.11.05.2018 | 20 |
| 2012-13 | KSA/KSD.3/436/2018Dtd.11.05.2018 | 17 |
| 2013-14 | KSA/KSD.3/436/2018Dtd.11.05.2018 | 18 |
| 2014-15 | KSA/KSD.3/436/2018Dtd.11.05.2018 | 5 |
| 2015-16 | KSA/KSD.3/436/2018Dtd.11.05.2018 | 20 |
| 2016-17 | KSA/KSD.3/436/2018Dtd.11.05.2018 | 27 |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്-4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ.) 1413/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ബദിയടുക്ക ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-(3) ൽ ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

തീയ്യതി: 18.01.2019.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

# അനുബന്ധം-2

## വരവ് ചെലവ് പത്രിക

| | | | |
|---|---|---|---|
| Badiadka Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 19006519.00 |
| Cash | Cash | RP-40(a) | 83922.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1698011.00 |
| 130000000 | Rental income from Panchayat Properties | RP-3 | 24500.00 |
| 140000000 | Fees & User Charges | RP-4 | 571861.00 |
| 150000000 | Sale & Hire Charges | RP-5 | 558880.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 60986253.00 |
| 171000000 | Interest Earned | RP-9 | 184886.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 6391866.00 |
| 350000000 | Other Liabilities | RP-36 | 233960.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 57.00 |
| 340000000 | Deposits Received | RP-34 | 306800.00 |
| 341000000 | Deposit Works | RP-35 | 0.0 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 3742723.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 6843182.00 |
| 460000000 | Loans, Advances and Deposits | RP-47 | 22000.00 |
| | Grand total | | 100655420.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2749694.00 |
| 220000000 | Administrative Expenses | RP-12 | 5265283.00 |
| 230000000 | Operations & Maintenance | RP-13 | 5893417.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 5634462.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 15800744.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 5253135.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 152353.00 |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 35310.00 |
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 18808719.00 |
| 280000000 | Prior Period item | RP-26 | -3677540.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 0.0 |
| 350000000 | Other Liabilities | RP-36 | 4207322.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 21639.00 |
| 340000000 | Deposits Received | RP-34 | 92250.00 |
| 350000000 | Other Liabilities | RP-36 | 4782057.00 |
| 410000000 | Fixed Assets | RP-38 | 1057058.00 |
| 412000000 | Capital work in Progress | RP-40 | 661800.00 |
| 430000000 | Stock-in-hand | RP-42 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-43 | 5741273.00 |
| 460000000 | Loans, Advances and Deposits | RP-47 | 1280555.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 26782560.00 |
| Cash | Cash | RP-40(b) | 113329.00 |

| | Grand Total | 100655420.00 |
|---|---|---|

# അനുബന്ധം -3

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Badiadka Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 6097075.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 861548.00 |
| 140000000 | Fee & User Charges | I-4(b) | 1024781.00 |
| 150000000 | Sale & Hire Charges | I-5(b) | 559380.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 120858470.00 |
| 171000000 | Interest Earned | I-8 | 184886.00 |
| 180000000 | Other Income | I-9 | 57.00 |
| | Total Income | | 129586197.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8394795.00 |
| 220000000 | Administrative Expenses | I-11(b) | 5265283.00 |
| 230000000 | Operations & Maintenance | I-12(b) | 5893417.00 |
| 240000000 | Interest & Finance Charges | I-13 | 21639.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 9391325.00 |

| | | | |
|---|---|---|---|
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 26879963.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 5253135.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 152353.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 43778310.00 |
| 255000000 | Maintenance Projects | I-14(e) | 18808719.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 8700.00 |
| | Total Expenditure | | 123847639.00 |
| | Gross Surplus/ Deficit of income over Expenditure | | 5738558.00 |
| 280000000 | Prior Period Item | I-18 | -11958279.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 17696837.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

# അനുബന്ധം-4

# 31.03.2018 ലെ ആസ്തി ബാദ്ധ്യതാ പത്രിക

Badiadka Grama Panchayat BALANCE SHEET

AS on 31.03.2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 9378732.75 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 87585718.00 |
| | Total Reserve & Surplus | | 96964450.75 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 15677637.00 |
| | Total Grants, Contributions for Specific Purposes | | 15677637.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 946384.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1420920.25 |

| | | | |
|---|---|---|---|
| | Total Current Liabilities and Provisions | | 2367304.25 |
| | TOTAL LIABILITIES | | 115009392.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 81271243.00 |
| 411000000 | Accumulated Depreciation | B-11 | -9951422.00 |
| 412000000 | Capital Work in Progress | B-11(a) | 6232481.00 |
| | Total Fixed Assets | | 77552302.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 36433.00 |
| 431000000 | Sundry Debtors (Receivables) | B-15 | 9261013.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 26895889.00 |
| 460000000 | Loand, Advances and Deposits | B-18 | 1263755.00 |

| | |
|---|---|
| Total Current Assets, Loans and Advances | 37457090.00 |
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 115009392.00 |